KOTTAYAM PUBLIC LIBRARY

Call No. MF9 Acc. No. 80507

Author [illegible]

Title [illegible]

13707

DISTRIBUTING LIBRARY, KOTTAYAM
No.

മൂന്നു ഗുണ്ടകൾ

# മൂന്നു ഗുണ്ടകൾ

[ കഥകൾ ]

~~13707~~

DISTRIBUTING LIBRARY
No.
KOTTAYAM.

KOTTAYAM PUBLIC LIBRARY
80507
KOTTAYAM.

ഗ്രന്ഥകർത്താ:

**കൃഷൻചന്ദർ**

വിവർത്തകൻ:

**രവിവർമ്മ**

പ്രസാധകർ:

**കറൻറ് ബുക്സ്, തൃശ്ശൂർ.**

വില: 1—50

MOONNU GUNDAKAL (STORIES)

Second Impression August 1967
Copies: 1000
Price Rs. 1-50

by
KRISHAN CHANDER

Translated by
RAVIVARMA

MF9

Cover: Sankarankutty
Blocks: Sankar Blocks
Rights Reserved
Printed at: Current Printers, Trichur
Publishers: Current Books, Trichur

# അവതാരിക

ഇന്നു ഇന്ത്യയിൽ ഏററവുമധികം പ്രസിദ്ധിയുള്ള കഥാകാരൻ കൃഷൻ ചന്ദറാകുന്നു. ഉർദ്ദുവാണു് അദ്ദേഹത്തിന്റെ ഭാഷ. എങ്കിലും, ഹിന്ദിയിൽ അദ്ദേഹത്തിന്റെ കഥകളുടെ തർജ്ജമകൾ വരാൻ തുടങ്ങിയ മുതൽ, കഴിഞ്ഞ പത്തുകൊല്ലമായി, ഒരു ഹിന്ദി സാഹിത്യകാരനായിത്തന്നെ അദ്ദേഹത്തെ എണ്ണുന്നുണ്ടു്. മലയാളത്തിൽ അദ്ദേഹത്തിന്റെ കഥകളുടെ രണ്ടു സമാഹാരങ്ങളും ചില നാടകങ്ങളും പുസ്തകരൂപത്തിലും, അനേകം കഥകൾ പത്രമാസികകളിലും വന്നു കഴിഞ്ഞിരിക്കുന്നു. പുരോഗമന സാഹിത്യസമ്മേളനങ്ങളിലൂടെയും മററുമായി, കൃഷൻ ചന്ദറെന്ന ആ നാല്പതു തികയാത്ത വ്യക്തിയുമായും മലയാളികളിൽ പലരും പരിചയപ്പെട്ടിട്ടുണ്ടാവും. കാശ്മീരത്തിൽ, ഹിമാലയപംക്തികൾക്കിടയിലാണദ്ദേഹത്തിന്റെ ബാല്യം കഴിഞ്ഞതു്. യൗവനാരംഭമോ, ലാഹോറിൽ, സഹപാഠികളായ ഭഗത്സിങ്ങ് മുതലായ വിപ്ലവകാരികളോടൊപ്പവും സിനിമ, റേഡിയോ, പത്രം, വിദ്യാലയം, അങ്ങിനെ പല ജീവിതരംഗങ്ങളിലും പയററിനോക്കി. തൊഴിലില്ലായ്മയുടെ രസവും അനുഭവിക്കാതിരുന്നില്ല. വിചിത്രമായ ഈ ജീവിതത്തിലെ അനുഭവങ്ങളും ആഗ്രഹങ്ങളും സ്വപ്നങ്ങളുമെല്ലാം അദ്ദേഹത്തിന്റെ കൃതികളിൽ കാണാം

ഈ സമാഹാരംമാത്രം മുൻനിർത്തി പറഞ്ഞാൽ, പഴയ ഉർദ്ദുഗസലുകളുടെ റൊമാൻറിക് വിരഹമാധുര്യം മുററിനില്ക്കുകയാണു് "ആൻഗി"യിൽ—ഒരു കഥയേക്കാളേറെ കാശ്മീർ താഴ്വരയെപ്പററിയുള്ള ഒരു കവിതയാണതു്. ആർ ഐ എൻ. പണിമുടക്കു് പശ്ചാത്തലമാക്കിയെഴുതിയ "മൂന്നു ഗുണ്ടകളി"ലാകട്ടെ, വിദേശീയഭരണത്തോടുള്ള ഉൽക്കടമായ വിദ്വേഷം പരിഹാസത്തിന്റെ ഉജ്ജ്വലവേഷമേന്തി, മൂർച്ചയേറിയ ഒരു വാൾപോലെ തിളങ്ങുന്നു. ഈ സമാഹാരത്തിൽപ്പെടുത്താത്ത "പെഷവർ എക്സ്പ്രസ്സ്" മുതലായ സുപ്രസിദ്ധ കഥകൾപോലെതന്നെ ഇതിലുൾപ്പെട്ട "അന്ധന്മാർ" എന്ന കഥയും ഇന്ത്യാ-പാകിസ്ഥാൻ വിഭജനത്തെപ്പററിയാണു്; അന്നു പ്രകടിതമായ വർഗ്ഗീയവൈരത്തിന്റെ വിഡ്ഢിത്തവശം ഇതു വ്യക്തമാക്കുന്നു. യുവതികളെ സംഹരിച്ചു വേശ്യകളെ നിർമ്മിക്കുന്ന നമ്മുടെ ഫിലിംവ്യവസായത്തിന്റെ പോള പൊളിച്ചു കാട്ടുന്ന ഒരു പരിഹാസകഥയാണു് ഇതിലെ "ഉപനായിക." ആധുനിക സാമൂഹ്യവ്യവസ്ഥയിലെ പരസ്പരം പൊരുത്തപ്പെടുത്താനാവാത്ത

പന്തികേടുകളും കലാഭംഗിയോടെ ആവിഷ്കരിക്കുന്നവയാണ് "ഭൂതം" "കഴുവിൻെറ നിഴലിൽ" എന്ന രണ്ടു കഥകളും.

തർജ്ജമ എളുപ്പമാണ് എന്നൊരു ധാരണയുണ്ട്. പക്ഷേ, ഒരു മൂലകൃതി എഴുതുന്നതുപോലെത്തന്നെ—ചിലപ്പോൾ അതിലേറെ—പ്രയാസം ഇതു പണിക്കുണ്ട്. ഒന്നാമതു് രണ്ടു ഭാഷകളിലും നല്ല പാണ്ഡിത്യം വേണം. രണ്ടാമതു തർജ്ജിമയ്ക്കു വിഷയമാക്കേണ്ട മൂലകൃതി തിരഞ്ഞെടുക്കുന്നതിന്നു നല്ലൊരു നിരൂപകൻെറതായ വിവേചനശക്തി ആവശ്യമാകുന്നു. ഇതു രണ്ടും വേണ്ടത്ര ഇല്ലായ്കയാൽ നമ്മുടെ തർജ്ജമക്കാർ പലപ്പോഴും മൂലകാരനോടു നീതി പ്രവർത്തിക്കുന്നതിൽ പരാജയപ്പെടാറുണ്ട്. തർജ്ജമമാത്രം ജീവിതവൃതമായെടുത്ത മഹാരഥന്മാർ ഇംഗ്ലീഷിലും മററും വിരളമല്ല.

ശ്രീ രവിവർമ്മ ഒരു ബഹുഭാഷാപണ്ഡിതനാണ്. ഉർദ്ദുവിൽ നിന്നും, ബംഗാളിയിൽനിന്നും, നേരിട്ടു മലയാളത്തിലേയ്ക്കു വിവർത്തനം ചെയ്യാൻ കഴിവുള്ള അപൂർവ്വം ചില വ്യക്തികളിൽ പ്രഥമഗണനീയനാണദ്ദേഹം. ഈ കഴിവു നമ്മുടെ ഭാഷയ്ക്കുവേണ്ടി അദ്ദേഹം വേണ്ടത്ര ഉപയോഗിച്ചിട്ടുണ്ടോ, എന്ന കാര്യത്തിലേ സംശയമുള്ളു. മററു പണികൾക്കിടയിൽ അദ്ദേഹം നിർവ്വഹിക്കുന്ന വളരെയൊന്നും ലാഭകരമല്ലാത്ത, ഈ സാഹിത്യസേവനത്തിന്നു് വേണ്ടത്ര അംഗീകരണം സഹൃദയരായ മലയാളിവായനക്കാരിൽനിന്നുണ്ടാകുമെന്ന പ്രതീക്ഷയോടെ ഇതവസാനിപ്പിക്കുന്നു.

എന്നു്,

എൻ. വി. കൃഷ്ണവാരിയർ,
എം. എ., എം. ലിട്ട്
മാതൃഭൂമി—കോഴിക്കോട്ട്.

കോഴിക്കോട്ട്
8—9—1953

DISTRIBUTING LIBRARY
No. ......
KOTTAYAM.

## കഥകൾ

ഭ്രതം

കഴുവിൻെറ നിഴലിൽ

ഉപനായിക

അന്ധന്മാർ

ആൻഗി

മൂന്നു ഗുണ്ടകൾ

ശ്രീ. പി. പി. ഗോപാലന്നു്

സൗഹൃദോപഹാരം

—രവിവർമ്മ

## ഭ്രമം

•

മഴ പെയ്യുന്നു. നാലു ദിവസങ്ങളായി തുടങ്ങിയിട്ട്. ഒരേ വണ്ണത്തിൽ പെയ്യുന്ന ഈ മഴ. മഴക്കാറിന് പുകയുടെ നിറം- നിലം മൽമൽപോലെ—വെള്ളത്തിൽ നനഞ്ഞ പച്ചക്കർക്കർ പോലെ—അതിൽ കാൽ വഴുതുന്നു. വെള്ളക്കുമിളകൾ വിരിയുന്നു, പൊട്ടുന്നു. പുറം ചൊരിയുന്ന മഴയുടെ ശബ്ദംപുരട്ടുന്ന ഘോഷം. ചീഞ്ഞ മണ്ണിന്റെ തലവേദനിപ്പിക്കുന്ന മണം—തവളകൾ കെട്ടിനില്ക്കുന്ന വെള്ളത്തിൽകിടന്ന് 'ക്രാക്രാ'രവം മുഴക്കുന്നു. ഒരു ചീർത്ത മഞ്ഞ'പ്പോക്രാച്ചി' അയാളുടെ മുമ്പിൽക്കൂടെ ചാടിച്ചാടി റെയിൽവേപാളം കടന്ന് അപ്പുറത്തേയ്ക്കു പോയി. സിഗ്നൽമാന്റെ ക്യാബിന്റെ മുമ്പിൽ ഒരു എരുമ മേഞ്ഞുനടക്കുന്നു. തവള അതിന്റെ കുളമ്പിനടിയിൽ പെട്ടു. യദൃച്ഛാസംഭവം. ദൈവം ആ രക്കറമപ്പെട്ടതാൾ—ജീവിതം മരണമായി മാറിക്കഴിഞ്ഞിരുന്നു.

വണ്ടിയുടെ വരവിന് ഇനിയും താമസമുണ്ട്. അയാൾ ടിക്കറ്റു വാങ്ങി, കുട നിവർത്തി, കടല വാങ്ങി കൊറിച്ചു, പത്രം വായിച്ചു, ബൂട്ടിൽ പാളിഷ് ചെയ്യിച്ചു. തല ചീകിച്ചു. എഴുന്നേററു നടന്നു, വീണ്ടുമിരുന്നു. ഇതൊരു ജംഗ്ഷൻ സ്റ്റേഷനാണ്, ബോംബെയിൽനിന്ന് പത്തൊമ്പതുമൈൽ ദൂരം. ഈ പത്തൊമ്പതുമൈൽ ആ സമയം ഒരു പെരുവഴിയായി തോന്നി. പ്ലാററ്ഫാമിലെ മണിയുടെ സൂചികൾ വളരെ നേരമായി ഉറക്കംതൂങ്ങുംപോലെ. ഒരു പക്ഷെ ആ നശിച്ച വാച്ചും വണ്ടിയുടെ

ഘടവു കൾക്കെയാവാം. അയാൾ കോട്ടുവായിട്ടു, അങ്ങുമിങ്ങും നോക്കി. എങ്ങും കൊള്ളാവുന്ന ഒരു പെണ്ണുപോലുമില്ല, കണ്ണിനാനന്ദം തരാൻ. ഇരുമ്പുകയറിയ ഇരുമ്പുകമ്പികളിൽ കാക്കകളിരുന്നു വിറയ്ക്കുന്നു. തുരുമ്പുപിടിച്ച ബെഞ്ചുകളിൽ ലോകത്തിലെ ഏറ്റവും വിരൂപകളായ പെൺപിറപ്പുകൾ ഇരുന്നു് വെററില ചവയ്ക്കുന്നു, കുശു കൊറിക്കുന്നു, തല തടവുന്നു, ഉപ്പും കപ്പൽമുളകും ചെറുനാരങ്ങാനീരും ചേർത്തു ചമച്ച നിലക്കടലപ്പൊരിപ്പ് ചപ്പിലകളുടെ തിരികളിൽവെച്ചുതിന്നുന്നു; ഇടയ്ക്കിടയ്ക്ക് കണ്ണു കുമ്പിച്ച് റെയിലിന്റെ തിളങ്ങുന്ന ലയിനിലേയ്ക്കു നോക്കുന്നു. വണ്ടി അങ്ങൊരിടത്തും കാണാനില്ല. തിളങ്ങുന്ന റെയിൽപാളം അകലെ ആകാശത്തിൽ ചെന്നവസാനിക്കുന്നു. മഴ പെയ്യുന്നു. തവള പാടുന്നു.

അയാൾ അഞ്ചുമിനുട്ടുമുമ്പെ വന്നിരുന്നെങ്കിൽ 'ബോറിവലി' വണ്ടി പിടിക്കാമായിരുന്നു. അതിനു കഴിഞ്ഞില്ല. ഇപ്പോൾ ആറുകഴിഞ്ഞു, മണി. ഇനി അടുത്ത വണ്ടിക്കുള്ള കാവലാണ്. അതു വരുന്നതു് ഏഴേകാലിനു്. അയാൾ, കുട കീഴ്ക്കാംതൂക്കായി ഒരു തൂണിൽ ചാരിവെച്ച് അടുത്തുള്ള ബെഞ്ചിൽ ഇരുന്നു. അതിൽ വെള്ളച്ചായംകൊണ്ടെഴുതിയിരുന്നു: ഒന്നും രണ്ടും തരം സ്ത്രീകൾക്ക്. ഒന്നാമത്ത് അയാൾ സ്റ്റേഷനിൽ അത്തരം പെണ്ണുങ്ങളെയൊന്നും കണ്ടില്ല. പോരെങ്കിൽ പെണ്ണുങ്ങൾക്കുള്ള ബെഞ്ചിൽ ആണുങ്ങളും അവരുടേതിൽ പെണ്ണുങ്ങളും ഇരുന്നിരുന്നു. പക്ഷേ അതൊക്കെ നോക്കാൻ സ്റ്റേഷൻമാസ്റ്റർക്ക് അയാളുടെ കല്യരയുടെ ഇന്ത്യ് ശരിയാക്കുന്നതിൽനിന്നു് ഇടകിട്ടിയാലല്ലേ? അയാൾ പ്ലാററ്ഫോമിൽ എങ്ങിനെ അറിയും? കുടയുടെ ചില്ലിൽനിന്നു് വെള്ളം 'ടപ്ടപ്' എന്നു വീണുകൊണ്ടിരുന്നു. അതു് നിലത്തു് ചിത്രമെഴുതിക്കൊണ്ടിരുന്നു: നാഗരിലിപി, ഇറച്ചി, നരിയുടെ മുഖം, സിംഹത്തിന്റെ വാൽ, ജിന്നയുടെ തൊപ്പി, ഗാന്ധിയുടെ താടി, ചർച്ചിലിന്റെ സിഗാർ, അമ്പലത്തിന്റെ ഗോപുരം, അല്ല കാണുകയാണെ പള്ളിയുടെ സ്തംഭമായി.

DISTRICT LIBRARY KOTTAYAM No.

ഷിന്റെ കുരിശിന്റെ രൂപം. തുള്ളിതുള്ളിയായി വെള്ളംവീഴുന്നു. ഒരേ മോന്തകൊണ്ടു് പല ഭാഷകൾ, സംസ്കാരങ്ങൾ, വ്യക്തിത്വങ്ങൾ, മതസ്ഥാപനങ്ങൾ, എഴുതപ്പെടുന്നു. ഇപ്പോൾ കക്കൂസിന്റെ ചുവരടെ വളരെയധികം വെള്ളം കെട്ടിനിന്നു് ഒരു കുളം പോലെയായി. 'ആദ്യത്തു് ആരംഭമാണെങ്കിൽ ഇതു ലക്ഷ്യമാണു്'—അയാൾ വിചാരിച്ചു: "അതിൽ എല്ലാ സംസ്കാരവും സമുദായവും വ്യക്തിത്വവും ലയിക്കുന്നു." വെള്ളവും താഴേക്കിടില്ലല്ലോ. ഇഷ്ടം, ഹിന്ദുവിന്റെ വെള്ളം, മുസൽമാന്റെ വെള്ളം, പിന്നെ കടയുടെ വെള്ളം.... ഇനിയും വണ്ടി വന്നില്ല!

മലാഡിൽനിന്നു് ചർച്ച്ഗേറ്റിലേക്കു് തികച്ചും ഒരു മണിക്കൂർ പിടിക്കും. അതോർത്തപ്പോൾ അയാളുടെ ചെന്നികൾ തുടിച്ചു. അയാൾക്കു് ഒരു "ആസ്പ്രോ" കഴിക്കണമെന്നു തോന്നി. പക്ഷേ, മലാഡ് ഒരു നരകംപിടിച്ച മെമനർ സ്റ്റേഷനാണു്. ഇവിടെ ആസ്പ്രോ പോയിട്ടു് ഒരു ജിഞ്ചർ പോലും കിട്ടില്ല. ജിഞ്ചറായാലും അയാളുടെ തലവേദന തീരുമായി എന്നാലും ഒരു ജിഞ്ചർ കുടിക്കാൻ അയാൾ കൊതിച്ചു. ഒന്നുപറഞ്ഞാൽ മലാഡ് സ്റ്റേഷനിൽനിന്നു് കഴിയുംവേഗം കടക്കണമെന്നയാൾക്കു തോന്നി. കാരണം ആ അന്തരീക്ഷത്തിൽ മഴപെയ്യുന്നതുകൊണ്ടുണ്ടായ ഒരുതരം രസമില്ലായ്മ പടർന്നിരുന്നു: തുരുമ്പുപിടിച്ച ഇരുമ്പുകമ്പികളിലിരുന്നു വിറയ്ക്കുന്ന കാക്കകൾ അറയ്ക്കുന്ന കൊക്കുകൾകൊണ്ടു് വൃത്തികെട്ട ദേഹം കൊത്തിമിനുക്കുന്നു. വിരൂപരും പണക്കാരുമായ മാർവാഡികൾ മൂട്ടകൾ പരതിപ്പിടിച്ചു് കൊന്നുകൊണ്ടിരിക്കുന്നു. നിറംമങ്ങിയ ചെണ്ണങ്ങളും ഒരുതരം പൂക്കളും ഒരേവിധം വകഞ്ഞുവെച്ച മുടിയിൽ ചൂടിയിരിക്കുന്നു; വെളിച്ചെണ്ണ പുരട്ടി സീമന്തരേഖ വെട്ടിത്തെളിച്ചു് മുടി പോളിഷ് ഇട്ട ബൂട്ടുപോലെ മിനുക്കിവെച്ചിരിക്കുന്നു. ആ സീമന്തരേഖ അകലെനിന്നു് റെയിൽവേലയിൻ പോലെ തോന്നിച്ചിരുന്നു. വണ്ടിയാണെങ്കിൽ ഇനിയുമില്ല. വന്നിട്ടു് "സ്ത്രീകളും റെയിൽപാതയുമായി എന്താ ഭേദം?"

അയാൾ ചിന്തിച്ചു: "റയിൽ പല സ്റ്റേഷനിലും നില്ക്കുന്നു. സ്ത്രീ ഒററ സ്റ്റേഷനിൽ. ഒന്നിലധികം സ്റ്റേഷനിൽ നിന്നുപോയവൾ പിന്നെയവൾ സ്ത്രീയല്ല—വേശ്യയാണു്. രണ്ടിനും കാത്തിരിക്കൽ ആവശ്യമാണു്. കാത്തിരിക്കുന്നതിലുള്ള രസം കയറുന്നതിലില്ല. സ്ത്രീയാളമെത്താൻ അവളെ കെട്ടണം, വണ്ടിക്കയറാനാണെങ്കിൽ ടിക്കററു വാങ്ങണം. ടിക്കററുകൂടാതെ കേറുന്നവൻ സമുദായദ്രോഹി! വണ്ടിയായാലും പെണ്ണായാലും ടിക്കററില്ലെങ്കിൽ ശിക്ഷ നിശ്ചയം. ഛേ: ഛേ:; എത്ര ചീത്ത വികാരങ്ങൾ! അയാളുടെ അവിവാഹിതജീവിതം അസഭ്യതയുടെ അതിരോളം എത്തിയിരിക്കുന്നു. ഇനി അയാളും വാങ്ങണം ഒരു ടിക്കററു് വൈവാഹികജീവിതത്തിലേക്കു്.

ഇപ്പോൾ വണ്ടി വരുന്നുണ്ടാവും. അയാൾ പ്ലാററുഫോറത്തിലെ മണി നോക്കി—പത്തുമിനിട്ടേ കഴിഞ്ഞുള്ളു! അയാൾ മനോരാജ്യത്തിലൂടെ പല പ്രായവും കടന്നുകഴിഞ്ഞു. ബാല്യത്തിൽനിന്നു യൌവ്വനം, അവിടന്നു വാർദ്ധക്യം—വീണ്ടും ബാല്യത്തിലെ സുന്ദരവിചാരങ്ങളിലേക്കു് തിരിച്ചുവരവു്. എന്നിട്ടുമില്ല വണ്ടി! പത്തുമിനിട്ടേ കഴിഞ്ഞുള്ളു! അയാൾ പോലീസ്കാരൻ പയ്യനെ വിളിച്ചു—"എടാ, പോലീസ്കാരാ!" പോലീസ്കാരൻ ചെറുക്കൻ മൂക്കിൽ വിരൽ തള്ളിക്കൊണ്ടു് അനുനാസികസ്വരത്തിൽ പറഞ്ഞു—"ഇപ്പഴല്ലേ സാറ് ബ്യൂട്ടീസിന് പാളീസിട്ടതു്?"

"തരംകെട്ടൊന്നുമല്ല, ഇത്തവണ കണ്ണാടിപോലെ തിളങ്ങണം. നോക്കു്, നല്ല രസികനാവണം. രണ്ടണ തന്നേക്കാം."

ചെറുക്കൻ അയാളുടെ കാൽ കീറിയ നിക്കറിലേക്കു നോക്കി വെച്ചു. ആ നിക്കർ ഒരുകാലത്തു് കാക്കിനിറത്തിലുള്ളതായിരുന്നു. ഇപ്പോഴത്തു് പലയിടത്തും കീറി നിറംമാറിപ്പോയി. അവന്റെ മുഖത്തിൽ അസംഖ്യം ചൊറികളും വ്രണങ്ങളുമുണ്ടായിരുന്നു. അവന്റെ ചെറം കാൽ വീണ്ടുകീറിയിരുന്നു. അവന്റെ മൂക്കിൽനിന്നു് വെള്ളം തുടകളെ ഒഴുകിയിരുന്നു. ചെക്കൻ അവനതും

പിശുക്കാരനല്ല. അവൻ ഒഴുകിവരുന്ന നാസാജലം ഒററ വലിക്കു് മൂക്കിലേക്കു കയററും, വലിച്ചു്. കുറച്ചുസമയത്തിനകം അതു വീണ്ടും പുറത്തേക്കു് തലനീട്ടും. അയാൾ ഭയപ്പെട്ടു—“ഹാവൂ ശനി, ഇതിപ്പോ വീഴും എന്റെ ബൂട്ടിൽ!” പക്ഷേ പൊലീസ്കാരൻ കുഞ്ഞനും സാമാന്യക്കാരനല്ല. അവൻ ഒരു ശബ്ദത്തോടെ നാസാജലം അകത്തേക്കു വലിച്ചു് ശക്തിയോടെ ബൂട്ട് ബ്രഷ്കൊണ്ടു് ഉരസാൻ തുടങ്ങി. എന്നിട്ടും വണ്ടി വന്നില്ല. അതു വരില്ലെന്നുണ്ടോ, ഒരിക്കലും? അയാൾ ചെറുക്കനോടു് പറഞ്ഞു—“ചരടഴിച്ചു് ബൂട്ട് കയ്യിലെടുക്ക്! എന്നിട്ടു നടക്കു്.” അയാൾ വിചാരിച്ചു—‘പോകട്ടെ, അതഴിക്കുന്നതിൽ കുറെ സമയം പോവുമല്ലോ.’

വണ്ടിയെന്തു് വരാത്തു? പ്ലാററ്ഫോമിലെ സൂചിക്കാരനു ഇത്ര മടി ഇന്നു്? ഈ മഴ എന്തിനു ഇങ്ങനെ പെയ്യാൻ! ഇതു് നിൽക്കില്ലേ! റെയിൽവേക്കാർ ‘ഒന്നും രണ്ടും തരം യാത്രക്കാരുടെ വിശ്രമസ്ഥലത്തിനുമീതെ മേൽപ്പുര വെച്ചിട്ടുണ്ടു്, മറവിനല്ല, മഴത്തുള്ളിത്തീച്ചിലൊന്നു താങ്ങാൻ. അതിനയാൾ റെയിൽവേക്കാർക്കു് നന്ദിപറഞ്ഞു. പക്ഷേ അയാൾക്കു് തല മറയ്ക്കുകയല്ല, ഒരു വണ്ടിയാണാവശ്യം—അയാളെ അല്പനിമിഷംകൊണ്ടു് മലാഡിൽനിന്നു ചർച്ച്ഗേററിലെത്തിക്കുന്ന ഒരു തീവണ്ടി—അവിടെ അയാളുടെ ഇഷ്ടക്കാരി അയാളെ കാത്തുനില്ക്കുന്നുണ്ടു്.

ചർച്ചുഗേററിൽ അയാളുടെ ഇഷ്ടക്കാരി അയാളെ കാത്തുനില്ക്കുന്നു. അയാളാണെങ്കിൽ മലാഡ്സ്റ്റേഷനിലെ ചീഞ്ഞളിഞ്ഞു പാളീസായ ഒരു ബെഞ്ചിലിരുന്നു് ബൂട്ടു മിനുക്കിക്കുന്നു. മിനുക്കുന്ന ചെക്കന്റെ മൂക്കിൽനിന്നു് ഒഴുകുന്ന കൊഴുത്ത കഫം കണ്ടു് കഴുത്തിറുക്കി ചാകുവാൻ തോന്നുന്നു. വണ്ടി വന്നില്ല. നിശ്ചയമായും എന്തോ കുഴപ്പം ഉണ്ടായിട്ടുണ്ടു്. വല്ല തൂണും വീണുപോയിരിക്കും വല്ലവരും റെയിൽ വലിച്ചുനീക്കിയിരിക്കും. വണ്ടി മറിഞ്ഞിരിക്കും. ഈ മണി തെററായിരിക്കും. ഇലക്ട്രിക്‌വയർ ഓഫിലായിരിക്കും. സിഗ്നൽ കിട്ടിയില്ലായിരിക്കും. വല്ല

പാളവും തകരാറാക്കിയിരിക്കും. സമുദ്രത്തിലെ തിരമാലക
ളിയുടെ തലപ്പുമീതെ തുള്ളിയിടെ കടന്നുപോയിരിക്കും. അല്ലെങ്കിൽ
വണ്ടി വരാത്തതെന്തു്?

ഇന്നു് വിജയത്തിന്റെ ആനന്ദത്തിൽ അയാൾ ചർച്ച്ഗേ
ററിലേക്കു് പോകയാണു്. അവിടെ നീലനിറത്തിലുള്ള പട്ടു
ജാക്കററണിഞ്ഞു് അയാളുടെ ഇഷ്ടക്കാരി കാത്തുനില്ക്കും. അ
യാൾക്കറിയാം—ഇന്നു് അവൾ ആ ജാക്കററുതന്നെയാണു് അ
ണിയുക. അതവൾക്കു് വളരെ ഇഷ്ടമാണു്—അതിന്റെ ഉജ്ജ
്വലി ഇനിയും കെട്ടത്തിട്ടില്ല. ചെവിയിൽ എലക്ട്രോപ്ലേററു്
ചെയ്യിച്ച നിക്കൽകൊണ്ടുള്ള കമ്മൽ. വലിയ വലിയ മിന്നി
ങ്ങുന്ന കമ്മൽ—പഞ്ചമിച്ചന്ദ്രനെപ്പോലെ ചൊലിമയുള്ള കമ്മൽ
—അതിൽ മുത്തുകൾ കൊളുത്തിയിരിക്കും—മുത്തു്—തിളങ്ങുന്ന മുത്തു്
—വിളങ്ങുന്ന മുത്തു്—ചിരിക്കുന്ന മുത്തു്—മനംകവരുന്ന മുത്തു്!
ഹായ്ഹായ്! അയാൾ ചീനറിയ ചിത്രങ്ങളിൽ കമ്പനികളുടെ
അങ്ങാടിപ്പരസ്യങ്ങൾ ഒട്ടിച്ചു് വൃത്തികേടാക്കുന്നതെന്തിനു്? അ
യാളുടെ ഇഷ്ടക്കാരി അങ്ങാടിപ്പെണ്ണല്ല. നീലജാക്കററും വെള്ള
ച്ചുരുപ്പും അണിഞ്ഞു് ഞെളിഞ്ഞുനടക്കുന്ന ഒരു പെൺകിളി!
ഉരുണ്ടുതിളങ്ങുന്ന ചിബുകങ്ങളുള്ള ഒരു "ചരക്കു്!" പുരുഷന്മാരി
ളകി ഞ്ചലനവലന ഉണർത്തുന്ന പരമരസിക! കടന്നുപോകുന്ന
വരെ കണ്ണുകൊണ്ടു പിടിച്ചു് വലച്ചു് വശംകെടുത്തുന്ന മായാ
വിനീതയായ ഒരു പഞ്ചവർണ്ണക്കിളി! പഠിപ്പുള്ളവൾ! അന്ത
സ്സുള്ളവൾ!—അവൾ ചർച്ച്ഗേററിൽ കാത്തുനില്ക്കുകയാണു്. വ
ണ്ടിയിനിയും വന്നില്ല! ഇന്നു വിജയോത്സവമാണു്. രണ്ടാം
ലോകമഹായുദ്ധം അവസാനിച്ചു. തളർന്ന ലോകം സമാധാന
ത്തിന്റെ മടിയിൽ തലവെച്ചു. ജർമ്മനി—പിന്നെ ജപ്പാൻ
തോററു തുന്നംപാടി. അയാളുടെ ഇഷ്ടക്കാരി നീലജാക്കററണി
ഞ്ഞിട്ടു്. അതിലൂടെ അവളുടെ കൊഴുത്ത ദേഹവും തളിർത്ത യൗ
വനവും നിറഞ്ഞ മാറും തിരിച്ചുകാണാം. ലോകത്തിന്റെ വസന്തം.
അയാൾക്കൊട്ടു മലാഡിൽ ഇരുന്നു ചെരുപ്പു തുടച്ചു മിനുപ്പിക്കുന്നു.

DISTRICT LIBRARY KOTTAYAM N........

ഇന്നിവണ്ടി വരില്ല. ജന്മ വിജയോത്സവം ഘോഷിക്കേണ്ടാവില്ല. സമാധാനത്തിന്റെയാഘോഷങ്ങളിൽ പങ്കെടുക്കേണ്ടതാവില്ല. പോർട്ട് ഏരിയയിൽ പുറവിടങ്ങ് കൂടാരങ്ങളായ ബാംബുകൂടം ഇണക്കിയ ടാബ്ലുകളുടെ ശോഭകാണാനൊക്കില്ല. "ജനാധിപത്യ"ത്തിന്റെ പടയാളികളും കുപ്പികൾക്കുമേൽ കുപ്പികളും കാലിയാക്കി സമാധാനസംഗീതം പാടുന്നതു കേൾക്കാൻ കഴിയില്ല. താജ്ഹോട്ടലിൽ ഇഷ്ടക്കാരിയോടൊട്ടിപ്പിടിച്ചു് മിഥുനനൃത്തം ചെയ്യാൻ സാദ്ധ്യമാവില്ല. ജുഹു കടൽപ്പുറത്തെ മൽമൽപോലെ തിളങ്ങുന്ന മണൽമെത്തയിൽക്കിടന്നു അവളെ ചുംബിക്കാൻ സന്ദർഭം കിട്ടില്ല. അതെ, ഇന്നവൾ പ്രതീക്ഷിച്ചുകൊണ്ടിരിക്കും. ലൂക്കിൽനിന്നു പുറത്തേക്കും അവിടന്നകത്തേക്കും സഞ്ചരിച്ചുകൊണ്ടിരിക്കുന്ന നാഗരികരെ നോക്കിക്കൊണ്ടിരിക്കും. ഇഷ്ടക്കാരി നിരാശയായി തിരിച്ചുപോവും. വിദ്യുദ്ദീപപുഞ്ജങ്ങൾ കെടും. ചിരിമാറും. ആനന്ദഗീതം നിലയ്ക്കും. നനഞ്ഞ പുല്ലിൽക്കിടന്നു് തവളകൾ കരയും. ഒന്നും ഗണ്യമാക്കാതെ മേയുന്ന എരുമയുടെ കുളമ്പിൽ കുടുങ്ങി ചതഞ്ഞരഞ്ഞുപോവും—ഇപ്പോഴുംതന്നെ അയാളുടെ മനസ്സ് അരഞ്ഞതുപോലെ—ഞെരിഞ്ഞതുപോലെ. കാരണം, ഇനിയും വണ്ടിവന്നില്ല. അത്യധികമായ നിരാശയാൽ അയാൾ കണ്ണടച്ചു.

അയാൾ കണ്ണു തുറന്നപ്പോൾ ഒന്നാമതായിക്കണ്ടതു് ഒരു കുട്ടയാണു്. അതു് അരപ്പാദം നിറഞ്ഞു് അയാളുടെ കാൽക്കൽ കിടക്കുകയാണു്. അതു് അപ്പോൾമാത്രമാണു് അവിടെ വെച്ചതു്. അതിൽ മത്സ്യങ്ങളായിരുന്നു—തടിച്ചതും മെലിഞ്ഞതും, തിരിഞ്ഞതും മറിഞ്ഞതും, ചെറുതും വലുതും—വാലുപൊളിച്ചതും, കൺതുറിച്ചതും—എല്ലാത്തരം മത്സ്യങ്ങളും. അതിന്നരികെ അർദ്ധനഗ്നനായ മനുഷ്യൻ കുത്തിയിരിക്കുന്നു. അവൻ [illegible] കുടിച്ചിട്ടുണ്ടു്. അവൻ അയാളുടെ നേരെ നോക്കി ചിരിക്കുകയാണു്. അവന്റെ കറുത്തുറച്ച ദേഹം ഭംഗിയുള്ളതാണു്. പല്ലു

ഷരം വെളുത്തതും ഉറപ്പുള്ളതും. അരയ്ക്കുമേല്പോട്ട് നഗ്നം. മുട്ടിനുകീഴ്പ്പോട്ടും നഗ്നം. അരയിൽ ഒരു പഴന്തുണി ചുററിയിട്ടുണ്ട്. നാർന്നതും കീറിയതും മഴകൊണ്ടു നനഞ്ഞതുമാണ്. തുണിയല്ല, ഒരു കണ്ണാടി. അതിൽ മനുഷ്യത്വത്തിന്റെ മുഖം കാണാം. അവൻ ആരുമല്ലാത്തവനല്ല, അവന്റെ രചന ഭീലന്മാരുടേതിനു തുല്യമാണ്. കണ്ണുകളിൽ കാമത്തം വീഴമിക്കുന്നു. കൈകളിൽ ഒരു മൃഗീയശക്തി ഒളുക്കിവെച്ചിരിക്കുന്നു. അവയവങ്ങൾക്കൊക്കെ അച്ചടക്കവും അഴകും കുട്ടിത്തവും. അവൻ നാട്ടിൽ വളർന്നവനല്ലെന്നു തോന്നും—കാട്ടിൽ കളിച്ചുവളർന്ന ഒരു കൗതുകമുള്ള മൃഗം. മത്സ്യം പിടിച്ചുകൊണ്ടുവന്നിരിക്കുന്നു; മൂക്കററം കുടിച്ച് കുത്തിയിരുന്നു ചിരിക്കുന്നു.

അരികത്തുതന്നെയുണ്ട് അയാളുടെ കെട്ടിയവളും. അവളും ഭിക്ഷക്കാരിയാണ്—ഒരു ചടച്ചുമെലിഞ്ഞ കുഞ്ഞിനെ മടിയിൽ വെച്ച് ഇരിക്കുന്നു. അവൾ കുഞ്ഞിനെ തടിച്ച മുലയിൽനിന്ന് പാൽ കുടിപ്പിക്കുവാൻ വിഫലമായി പരിശ്രമിക്കുകയാണ്. കുഞ്ഞാകട്ടെ തന്റെ പരാജയത്തിൽ ഉറക്കെ വിലപിക്കുകയാണ്. കണ്ണിൽനിന്നും നീരൊഴുകുന്നു, മൂക്കിൽനിന്നും, വായിൽനിന്നും. അവൾ ഒരു കുഞ്ഞിനൊപ്പമേയാണ്—ഏററവും പ്രിയപ്പെട്ട കളിക്കോപ്പ് തട്ടിപ്പറിക്കപ്പെട്ട ഒരു പൈതൽ! അവൾ കരയുകയാണ്. അവളുടെ ചടച്ച കുഞ്ഞ് തെരുതെരെ ഛർദ്ദിക്കയാണ്. അവന്റെ ശ്വാസം മേല്പോട്ടായി. പ്ലാററ്ഫോമിലെ തറ വൃത്തികേടായി. കുഞ്ഞിന്റെ തല ഒരു വശത്തേക്കു വീണു. ആ ഭീലൻ ഇതൊക്കെക്കണ്ടിട്ടും ചിരിക്കയാണ്. അവന്റെ കണ്ണുകൾ ചുകന്നിരുന്നു. അവൻ കണ്ടമാനം കുടിച്ചിട്ടുണ്ട്.

കുഞ്ഞ് വീണ്ടും ഛർദ്ദിച്ചു. ആ പെണ്ണ് ഉറക്കെക്കരയാൻ തുടങ്ങി. ഭീലൻ അവളെ തല്ലാൻ തുടങ്ങി. പെണ്ണ് അടുത്തിരുന്ന മൺകുടംകൊണ്ട് അവന്റെ തലക്കൊരടി. കാണികൾ ഇളകി, ഒപ്പം അവനും ചിരിച്ചു—വിചിത്രമായ ചിരി! അവനൊരു മനുഷ്യനല്ലെന്നു തോന്നും—ഭ്രാന്തനാണ്! അതെന്തു ചിരി!

13707

സമ്മതിച്ചു—ഇന്നു് സ്വാതന്ത്ര്യോത്സവമാണു്, വിജയദിനമാണു്. ഇന്നാണു് ലോകത്തിനു് ഫാസിസത്തിൽനിന്നു മുക്തി കിട്ടിയതു്. ഇന്ത്യയിലെ ഓരോ ഹോട്ടലും ആനന്ദഗീതം മുഴക്കുന്നു. പക്ഷെ, ഇതിനെന്താണർത്ഥം? ഇങ്ങിനെ കള്ളു കുടിച്ചു വന്നു് കണ്ടമാനം ചിരിക്കാൻ?

കുട്ടിയുടെ തല ഒരു വശത്തേയ്ക്കു വീണു. അർദ്ധനഗ്നയായ ആ ഭീലപ്പെണ്ണു് കീറിയ തുണികൊണ്ടു് കുനിഞ്ഞിരുന്നു് നിലം വൃത്തിയാക്കുന്നു. പോലീസുകാരൻ അവളെ അങ്ങിനെ നിലം വൃത്തികേടാക്കിയതിനു് തെറിപറയുന്നു. അവളുടെ മാറു മറച്ചിട്ടില്ല. അവളുടെ കൈകൾ നഗ്നമാണു്. കോട്ടൺമാർക്കറ്റിൽ പഞ്ഞി കുന്നുകൂടിക്കിടക്കുന്നു. അവളുടെ വയർ നഗ്നമാണു്. അതിൽ അതിഭയങ്കരമായൊരു സർപ്പത്തിന്റെ ചിത്രം വരഞ്ഞിരിക്കുന്നു. അവളുടെ കൈകളിലും ഭയങ്കരന്മാരായ ചില ദേവന്മാരുടെ പച്ചനിറത്തിലുള്ള ചിത്രമുണ്ടു്. സ്റ്റോക്ക് എക്സ്ചേഞ്ചിൽ സ്വർണ്ണത്തിന്റേയും വെള്ളിയുടേയും പഞ്ഞിയുടേയും വില ഇടിഞ്ഞുകൊണ്ടിരിക്കുന്നു. എന്നിട്ടും അവൾ അർദ്ധനഗ്നയാണു്. അവളുടെ കൈകളിൽ തടിച്ച മരംകൊണ്ടുള്ള വളകളാണുള്ളതു്—മരംകൊണ്ടുള്ള വളകൾ! കാലിൽ ചിലമ്പിന്റെ ചിത്രം കൊത്തിയിരിക്കുന്നു. കാരണം, പെണ്ണുങ്ങൾക്കാഭരണം കിട്ടിയില്ലെങ്കിൽ അവർ അവയുടെ ചിത്രം നോക്കി ആനന്ദിക്കുന്നു.

അവളുടെ മകൻ ചാവാൻ തുടങ്ങുന്നു. അവൾ കായുകയാണു്. അവളുടെ കെട്ടിയവൻ കള്ളുകുടിച്ചു് ചെപ്പിച്ചിപ്പുറത്തു അവളെ നോക്കിച്ചിരിക്കുന്നു. അവൻ നഗ്നനാണു്, അവന്റെ കെട്ടിയവൾ നഗ്നയാണു്. അവളുടെ കണ്ണുനീരുകൾ നഗ്നങ്ങളാണു്. ചിരി നഗ്നമാണു്. കാരണം, മില്ലിൽനിന്നു അവന്റെ കാർഡു് പിടിച്ചെടുക്കപ്പെട്ടു, അവന്റെ നാടു കയ്യേററം ചെയ്യപ്പെട്ടു, വില്ലേജും കണ്ടുകെട്ടപ്പെട്ടു. ഇപ്പോഴവൻ അവന്റെ വീട്ടിൽതന്നെ അന്യനാണു്. 'ആയുധമില്ലാത്തവനാണു്', പാ

ള്ളില്ലാത്തവനാണു്, കാടുപോയി നാടുകിട്ടിയില്ല. മരത്തേൽ പോയി, പഴത്തിലുണ്ണി കിട്ടിയില്ല. ഊരുപോയി, അരി കിട്ടിയില്ല. വില്ലുമമ്പും പോയി, തോക്കു കിട്ടിയില്ല. പച്ചമരുന്നുകൾ പോയി, കൂട്ടുകഷായം കിട്ടിയില്ല. അവൻ നിരായുധനാണു്, തുണയറ്റവനാണു്, ഗതികെട്ടവനാണു്. അവൻ മത്സ്യത്തിന്റെ കൊട്ടയും മെസിസ്റ്റേഷനിൽ നിലത്തു് ചടഞ്ഞിരിക്കയാണു്. അവനിറങ്ങിക്കൂടാ—എന്തുവന്നാലും—ആരുമില്ലാത്ത ഈ ലോകത്തിൽ—ഒന്നുമില്ലാത്ത ഈ "ദുനിയാവിൽ"—!!

അവന്റെ ആടിക്കൊണ്ടിരിക്കുന്ന തല ഒന്നുകൂടി ഇളകിയാട്ടം തുടങ്ങി. ഒടുവിൽ പുറം പ്ലാറ്റ്ഫോമിലെ തൂണിലേക്കു് ചാഞ്ഞു. തല മാറിലേയ്ക്കും. പെട്ടെന്നവന്റെ കെട്ടിയവൾ അലറിക്കൊണ്ടു് തലക്കിട്ടടിക്കാൻ തുടങ്ങി. വിശേഷിച്ചൊന്നുമുണ്ടായില്ല. ആ ഇരുളിനെ ചർദ്ദിച്ചിരുന്ന ചാവാലിച്ചെറുക്കൻ ഈ ലോകത്തിൽനിന്നു യാത്രയായി. അവന്റെ കണ്ണുകൾ പതറിയിരുന്നു. ആ വിസ്ഥിപ്പെണ്ണു് മകന്റെ ചത്ത ചുണ്ടുകളിലേക്കു് തന്റെ തടിച്ച മുല തള്ളിക്കേറ്റുന്നു. കാരണം, അവളുടെ വാത്സല്യത്തിന്റെ കലവറയിൽ ആ പാൽ നിറഞ്ഞ മുലയല്ലാതെ മറ്റൊന്നുമില്ല. മരുന്നെന്നാലെന്തു് പഥ്യമെന്നു പറയുന്നതെന്താണു്? എണ്ണ, പാൽ, ഗ്ലൂക്കോസ്, വിറ്റാമിൻ, കാളറാ തടയുന്ന കുത്തിവെയ്പു്, ഡാക്ടർ—ഇതൊക്കെയെവിടെ? അവർക്കൊന്നുമറിഞ്ഞുകൂടാ. സിൽക്കെന്താണു്? ചെരുപ്പെങ്ങിനെയിരിക്കും? നേർത്തസാരി, വിശ്രമം, പുസ്തകം, വിദ്യാഭ്യാസം, സംസ്കാരം—എന്താണിതൊക്കെ? ചുണ്ടിലെങ്ങിനെ ചിരിപരത്തണം? കണ്ണെങ്ങിനെ വെട്ടിക്കണം? ശ്വാസത്തിൽ സുഗന്ധമെങ്ങിനെ കലർത്തണം? അവർക്കൊരു വസ്തുവറിഞ്ഞുകൂടാ. വിജയമെന്നു പറയുന്നതെന്താണു്? ഡെമോക്രസിയും ഫാസിസവും, യുദ്ധവും സമാധാനവും തമ്മിലെന്താണന്തരം? ഒന്നും അവർക്കു പിടിയില്ല. പെട്ടന്നവൾ ചത്ത ചെറുക്കനെ എടുത്തു കൊണ്ടെഴുന്നേറ്റു. മുടിമിനുക്കിയിരിക്കുന്ന പെണ്ണുങ്ങളോടു്,

ടപെൻ പെറുക്കുന്നതിൽ മുഴുകിയിരിക്കുന്ന മാർവാഡികളോടു്, ചൂളമടിച്ചു ട്രൌസർ ശരിപ്പെടുത്തുന്ന സ്റ്റേഷൻമാസ്റ്ററോടു്, അവളുടെ പാരവശ്യം കലർന്ന കണ്ണുകൾ എന്തോ പറഞ്ഞുകൊണ്ടിരുന്നു. അയാളുടെ തിളങ്ങുന്ന ബൂട്ടുകളോടു് എന്തോ ചോദിച്ചുകൊണ്ടിരുന്നു. ഒരു മറുപടിയും കിട്ടാതായപ്പോൾ അവളുടെ കണ്ണുകൾ താഴോട്ടു കുമ്പിട്ടു. അവൾ വിവശയായി നിലത്തിരുന്നുപോയി. ആ നശിച്ച മൈനർസ്റ്റേഷനിൽ യാത്രക്കാരേയില്ലാതല്ല, കരിമ്പാറകളുടെ മുഖത്തല്ലാണു് നോക്കിയതെന്നപോലെ.

അകലെനിന്നു് വണ്ടി വരുന്നതു് കാണാറായി. അയാളുടെ ബൂട്ടുകൾ ഉടച്ച കണ്ണാടിപോലെ തിളങ്ങി. അയാൾ മിനുങ്ങുന്ന ചെരിപ്പിന്റെ തലകൊണ്ടു് ഞെട്ടിക്കൊണ്ടിരുന്ന ഭീലയ്ക്കു ഒരു തട്ടുകൊടുത്തു. ഭീലൻ ഉരുണ്ടുപിരണ്ടെഴുന്നേറ്റു. വണ്ടി എത്തിക്കഴിഞ്ഞു. ഭീലൻ ചത്ത മത്സ്യങ്ങളുടെ കൊട്ട തലയിലും ചത്ത മകനെ ഒക്കിലും എടുത്തു തേങ്ങിക്കൊണ്ടിരിക്കുന്ന കൊച്ചിയവളുടെ കൈപിടിച്ചു വലിച്ചു് മൂന്നാംക്ലാസ്സുമുറിയിൽ കേറി. അവന്റെ കണ്ണുകളിൽ അതേ കാടത്തം, ചുണ്ടുകളിൽ അതേ ചിരി. അയാളോ? ഒന്നാംക്ലാസ്സിലെ മെത്തവിരിച്ച സീറ്റിലിരുന്നിട്ടും എന്തെന്നില്ലാത്തൊരു ശ്വാസംമുട്ടൽ. അയാളുടെ വകതിരിവുകെട്ട ആഭിജാത്യത്തിന്റെ മുമ്പിൽ ലക്ഷങ്ങൾക്കിന്നു്, കോടിക്കണക്കിനു് നഗ്നരും രോഗികളും പട്ടിണിക്കാരും പാടുപെടുന്നവരും ഉയർന്നുവരുന്നു. കടന്നുവരുന്നു, അയാളുടെ ക്ലാസ്സിന്റെ മേനികൂടിയ മെത്തയിൽ വന്നിരിക്കുന്നു, അയാളെ നോക്കി ചിരിക്കുന്നു. ഈ ചിരിയെന്താണു്? ഇതു കഴുത്തിൽ കുടുക്കുപോലെ ഇറുങ്ങുന്നു. ആരുടേതാണീ കൈകൾ ഇങ്ങിനെ നീണ്ടുനീണ്ടു വരുന്നു? മരച്ച മരച്ചു്, നീണ്ട നീണ്ടു്, വളഞ്ഞു വളഞ്ഞു്! ഉണങ്ങിവരണ്ടു്, വിറച്ച വിറച്ചു്, ഈ കൈകൾ ശക്തിയുള്ളവ, കാടത്തം കുടികൊള്ളുന്നവ, ഭീരുത്വം സ്പർശിക്കാത്തവ, കറുത്തവ, വെളുത്തവ, മഞ്ഞ, ഈ കൈകൾ.... ഇവ ആരുടേതാണു്? മുറിവുകളുടെ വടുവുള്ളവ, കൊരടാവിന്റെ പാടുക

ള്ളവ, കരിക്കോലിന്റെ തഴമ്പുകെട്ടിയവ, മെഷീൻ നടത്തിയ തഴക്കം തോന്നിക്കുന്നവ, എണ്ണയുടെ കറ പുരണ്ടവ, വെടിയുണ്ടകൾ തട്ടു മുറിപ്പെട്ടവ....കൈകൾ....വിരലുകളില്ലാത്തവ, പഴക്കം തോന്നിക്കുന്നവ, നീലഞരമ്പുകൾ തടിച്ചുകിടക്കുന്നവ, നീണ്ട നഖങ്ങളുള്ളവ, ചോരപുരണ്ടവ, നീരുകെട്ടിയവ. എന്നിട്ടും ചിരിക്കുന്നവ. ആരുടേതാണിക്കൈകൾ? അവയിൽ പ്രസംഗശക്തി ഒളിഞ്ഞുകിടപ്പുണ്ട്. അവയുടെ അവ്യക്തമായ നിഴലിൽ അതിശയകരമായൊരു മുഴക്കമുണ്ട്. അപ്രതിഹതമായൊരു കൊടുങ്കാററിന്റെ സൂചന. ആ കൈകൾ നീണ്ടുനീണ്ടു വരുന്നു. മുമ്പോട്ട്....വീണ്ടും മുമ്പോട്ട്, അരികിലേക്കു്, ഒന്നുകൂടി അരികിലേക്കു്.

അയാൾ ഒരു ചീററലോടെ സീററിൽനിന്നു് ചാടിയെഴുന്നേററു. മുമ്പിലുള്ള സീററിൽ ഒരു വെള്ളപ്പട്ടാളക്കാരൻ അയാളുടെ നീലജാക്കററുകാരിയായ കറുത്ത ഇഷ്ടക്കാരിയുമായി ശൃംഗരിച്ചിരുന്നിരുന്നു. വെള്ളക്കാരൻ പരിഭ്രമിച്ച് അയാളെ നോക്കി.

“എന്തുപററി ജാണി? പേടിച്ചോ?”

“അതെ, വാസ്തവത്തിൽ പേടിച്ചു.” അയാൾ പേടിയോടെ പറഞ്ഞു.

“എന്തിനു്?”

“ഞാനൊരു ഭൂതത്തെക്കണ്ടു.”

“ഭൂതം? വണ്ടിയിൽ? നോൺസെൻസ്!”

“സത്യമായും! ഭൂതം!”

“ആരുടെ?” അയാൾ ഇഷ്ടക്കാരിയുടെ ചുരുണ്ട മുടിപിടിച്ചു കളിച്ചുകൊണ്ടു് ചോദിച്ചു.

“മൂന്നാംലോകമഹായുദ്ധത്തിന്റെ ഭൂതം” അയാൾ വിക്കിവിക്കിപ്പറഞ്ഞു.

വെള്ളക്കാരന്റെയും കൂട്ടുകാരിയുടെയും മുഖം വിളറി. മുറിയിൽ മൗനം നിറഞ്ഞു—മരണതുല്യമായ നിശ്ശബ്ദത! അവിടെ ആരുമില്ലാത്തപോലെ അയാൾക്കു തോന്നി. മുറിയുടെ മൂലയിൽനിന്നുകൊണ്ടു് ആ കിഴവൻ ഇപ്പോഴും ചിരിക്കുന്നുണ്ടു്.

## കഴുവിൻെറ നിഴലിൽ

൧

ജീവിതത്തിൻെറ അവസാനനിമിഷങ്ങൾ എന്തുകൊണ്ടോ ഭയങ്കരമായിത്തോന്നുന്നതു്. ഒരുപക്ഷെ ജീവിച്ചാൽമതിയെന്ന കൊതിയാവാം, ജീവിതമാണു് സൌന്ദര്യമെന്ന ധാരണകൊണ്ടാവാം......എനിക്കു കവർച്ചക്കാരൻ ഫിറോസിൻെറ അവസാനനിമിഷങ്ങൾ ഓർമ്മവരുന്നു. അന്നു ഞാൻ കോളേജിൽ പഠിക്കയാണു്. ഒരു സ്നേഹിതൻെറ ക്ഷണനം സ്വീകരിച്ചു് വേനൽ ഒഴിവിനു് രാമഗഢിലേക്കു് പുറപ്പെട്ടു. മൂന്നാംക്ലാസ്സ് മുറി, നല്ല തിരക്കു്. തിക്കിത്തിരക്കി നീക്കാനുള്ള സ്ഥലം സമ്പാദിച്ചു കഷ്ടിച്ചു്. നീണ്ട യാത്ര, ഒരേ കാലിൽ നിന്നതിനാൽ വശംകെട്ടു. എൻെറ അരികിലുള്ള ബെഞ്ചിൽ രണ്ടു ചെറിയ പെൺകുട്ടികൾ. അവരുടെ അരികെ എട്ടോമ്പതുവയസ്സുള്ള അവരുടെ ഏട്ടൻ. അവൻെറ അരികെ അമ്മ അവളുടെ അടുത്തു് ഞാൻ. കുട്ടികൾ—അവരുടെ വസ്ത്രം വൃത്തിയുള്ളതാണു്. തലയിൽ മൽമൽ തൊപ്പി. അവരുടെ ഒപ്പം അവരുടെ അമ്മയുമുണ്ടു്—മധ്യവയസ്സായ ഒരു തള്ള. നിറംമങ്ങിയ ഒരു സാൽക്കമ്മീസിയാണു് അവളുടുത്തിട്ടുള്ളതു്. അവളുടെ മുഖം ദുഃഖിതവും ചിന്തിതവുമായിക്കാണപ്പെട്ടു. ആ കുട്ടികൾ പരസ്പരമൊട്ടിപ്പിടിച്ചപോലെയാണിരിക്കുന്നതു്. ഇടയ്ക്കിടയ്ക്കു് അവർ ആ പെൺകുട്ടികളുടെ അമ്മയെ തുറിച്ചുനോക്കും. അവരുടെ മുഖത്തു് അപ്പോൾ ദുഃഖവും ഭയവും കോപവും പ്രത്യക്ഷപ്പെട്ടിരുന്നു. പിന്നെ അവർ തള്ളയുടെ അരികിലേക്കു് ഒന്നുകൂടി ചേർന്നിരിക്കും. ആ

പെൺകുട്ടികളുടെ അമ്മയുടെ മുഖം വിളറിയതാണ്. പല തവണ അവളുടെ കണ്ണുകളിൽ വെള്ളം വിതുമ്പിവന്നു. അവൾ കറുത്ത ഉത്തരീയംകൊണ്ടു കണ്ണുകൾ കൂടെക്കൂടെ തുടച്ച് പുറത്തേയ്ക്കു നോക്കിക്കൊണ്ടിരിക്കയാണ്. പെൺകുട്ടികളുടെ ഏട്ടൻ ഓരോ സ്റ്റേഷനിലും വണ്ടിയെത്തുമ്പോൾ കടലയും കരിമ്പും പുഴുങ്ങിയ കിഴങ്ങും അവർക്കു വാങ്ങിക്കൊടുക്കും. ഇതു കണ്ടു പെൺകുട്ടികൾ തുള്ളയോടു ആഹ്ലാദിക്കപ്പെടുമ്പോൾ അവൾ ഒരു കൊട്ടയുടെ മൂടി മാററി പഴമോ നാരങ്ങയോ എടുത്തുകൊടുക്കും. അവർ അതു വാങ്ങി വിജയഭാവത്തിൽ പെൺകുട്ടികളെ കാട്ടിക്കൊതിപ്പിച്ചുകൊണ്ടു തിന്നാൻ തുടങ്ങും.

ഇനിയും രാമഗഢ് വളരെയകലെയാണ്. നിന്നു നിന്ന് കാൽ കഴച്ചുതുടങ്ങി. അതിനാൽ ഞാൻ അരികിലുള്ള പെൺകുട്ടിയെ കൂട്ടുപിടിച്ചു—ഒന്നുരണ്ടു സ്റ്റേഷനിൽനിന്നു തിന്നാൻ ചിലതു വാങ്ങിക്കൊടുത്തു. അവൾ എളുപ്പത്തിൽ എന്റെ മടിയിൽ കയറി. ഞാനവളുടെ സ്ഥാനത്തു ഇരുപ്പുറപ്പിച്ചു.

അവൾ എന്റെ മൂക്കുപിടിച്ചു കളിച്ചുകൊണ്ടു ചോദിച്ചു—“നീയെവിടെക്കാ?”

ഞാൻ പറഞ്ഞു—“അതോ രാമഗഢിലേയ്ക്കു.”

പെൺകുട്ടി അമ്മയെ നോക്കി പറഞ്ഞു—“അമ്മേ അമ്മേ, ഇയാളു പറയണ കേട്ടോ? രാമഗഢത്തിലേക്കാണത്രെ” അവളുടെ അമ്മ എന്നെ മിഴിച്ചുനോക്കി. ആ പുള്ളയും അവളുടെ പരിവാരങ്ങളും എന്നെ തുറിച്ചുനോക്കി. അതിലധികം താല്പര്യം അവർ എന്നോടു കാണിച്ചില്ല. ആ പെൺകുട്ടിമാത്രം എന്നെ ആശ്ചര്യത്തോടെ നോക്കിക്കൊണ്ടിരുന്നു—ആശ്ചര്യവും ആനന്ദവും. ഞാനവളുടെ കൂട്ടുകാരനാണ്, രണ്ടുപേരും പോകുന്നതു രാമഗഢിലേയ്ക്കാണ്.

ഞാൻ ചിരിച്ചു—“നിന്റെ ബാപ്പന്റെ പേരെന്താ?”

“ഹീരാമസന്നു.”

നിന്റെ ബാപ്പ രാമഗഢിലാണോ?

അവൾ പറഞ്ഞു—"അ്, എന്റെ ബാപ്പാ ജേലിലാ."

ജേല്! അവൾ പറഞ്ഞതു മനസ്സിലായില്ല. അപ്പോഴേയ്ക്ക് മൂന്നുനാലുപേർകൂടി ഞങ്ങളുടെ സംഭാഷണത്തിൽ താല്പര്യം കാണിച്ചുതുടങ്ങി.

"അതെ, രാമഗഢ് ജേലിൽ നാളെ ബാപ്പനെ തൂക്കിലിടും." അവൾ വിശ്വാസപൂർവ്വം കടലക്കൊറിച്ചുകൊണ്ട് ഉത്തരം പറഞ്ഞു.

ജെയിൽ! തൂക്കുമരം!!

പെട്ടെന്ന് മുറിയിൽ നിശ്ശബ്ദത. ഞാൻ അവളുടെ അമ്മയെ നോക്കി. അവൾ മുഖം ഉത്തരീയംകൊണ്ട് മറച്ച് തേങ്ങിക്കരയുകയാണ്. ആ നിശ്ശബ്ദതയിൽ അവളുടെ തേങ്ങൽ മുഴങ്ങി. തള്ള രണ്ടു മക്കളേയും മാറിൽ ഒതുക്കിപ്പിടിച്ചു. എല്ലാവരും അമ്പരന്നുനിന്നു—ആ ഓടുന്ന വണ്ടിയിൽ ഒരു കഴുമരം കണ്ടപോലെ—അതിന്റെ കുടുക്കിൽ ഞങ്ങളുടെ കഴുത്ത് കുടുങ്ങുന്നപോലെ........

"അമ്മേ! ബാപ്പനെ തൂക്കിലിടും, ഇല്ലേ?" പെൺകുട്ടി കൗതുകത്തോടെ അമ്മയോടു ചോദിച്ചു. അമ്മ അവളെ എന്റെ മടിയിൽനിന്നു വലിച്ചെടുത്തു മാറോടടുക്കി. പിന്നെ അവളെ കറുത്ത ഉത്തരീയത്തിൽ ഒളിപ്പിച്ചു. പെൺകുട്ടി വളരെനേരം അങ്ങിനെയിരുന്നു കരഞ്ഞു. തള്ളയും അവളുടെ ചില സാമാനങ്ങളും കുറെക്കൂടി അപ്പുറത്തേയ്ക്ക് മാറിയിരുന്നു. തറയിൽ രണ്ടു കൃഷിക്കാർ ഇരുന്നിരുന്നു. അവരും രാമനാമം ചൊല്ലിക്കൊണ്ട് എഴുന്നേറ്റ് ഒരു മൂലയിൽ ചെന്നു നിന്നു. ആ അമ്മയുടേയും പെൺകുട്ടികളുടേയും പുറമേ, ആളുകൾ ഒരദൃശ്യമായ ചുവർ കെട്ടിപ്പടുത്തു. പിന്നെ എല്ലാവരും അവരവരുടെ വിചാരങ്ങളിൽ മുഴുകി. ആ ചുവരിന്റെയുള്ളിൽ ഫിറോസിന്റെ ഭാര്യയും മക്കളും മാത്രം ശേഷിച്ചു. ഒരപരിചിതൻ വാതിൽ പിടിച്ചു നില്ക്കുന്നു. വണ്ടി പായുകയാണ്.

അന്നു രാത്രി ശ്രീരാമഗഢിൽനിന്നു് പത്തുമൈൽ അകലെ, എന്റെ സ്നേഹിതൻ ഒരു വിരുന്നിനേർപ്പാടുചെയ്തിരുന്നു. ചന്ദ്രികയുള്ള രാത്രി. ചന്ദ്രൻ പകുതിയിൽ കുറവായിരുന്നു. അതിനാൽ നിലാവിനു തെളിമയുണ്ടായിരുന്നില്ല. അത്തരം രാത്രികളിൽ എന്തെന്നില്ലാത്ത ചില ഭാവങ്ങൾ ഉളവാകാതിരിക്കില്ല. ജീവിതം അജ്ഞാതമായ ഒരു മാർഗ്ഗത്തിലേയ്ക്കു് കുതിയ്ക്കാൻ കൊതിക്കും. ഏററവും പ്രിയപ്പെട്ടവരുടെ മുഖംപോലും അപരിചിതമായി തോന്നും. അന്നത്തെ നൃത്തത്തിലും പാട്ടിലും പങ്കെടുത്തവരും അങ്ങിനെതന്നെ കാണപ്പെട്ടു. നർത്തകികൾ അന്നാട്ടുകാരാണെന്നു തോന്നിയില്ല. അവരുടെ ചിരിയും കൃത്രിമമായിത്തോന്നി. എന്തെന്നറിഞ്ഞില്ല, ദുഃഖത്തിന്റെ നേരിയ പടലം ചുററും പരന്നപോലെ ഒരു തോന്നൽ.

സ്നേഹിതൻ ചോദിച്ചു: "എന്താ മൗനം?"

"ക്ഷീണംകൊണ്ടാവാം ഒരു പക്ഷേ."

"അവളുടെ നൃത്തം എങ്ങിനെ?"

"എനിക്കുറക്കം വരുന്നു."

ഞാനവിടെത്തന്നെ തലചാച്ചുറങ്ങി. ഉറങ്ങുന്ന സമയം എനിക്കിത്രയേ ഓർമ്മയുണ്ടായിരുന്നുള്ളു: മദ്യത്തിന്റെ നേർത്തതും മധുരവുമായ, മോഹകവും മാദകവുമായ ഒരാൽ നാവിൽ ശേഷിച്ചിരുന്നു. യുവതി നൃത്തംചെയ്തുകൊണ്ടിരുന്നു. നൂപുരങ്ങളുടെ ശിഞ്ജിതങ്ങൾക്കൊപ്പം അവളുടെ കോരിത്തരിപ്പിക്കുന്ന ഗാനം അലിഞ്ഞൊഴുകി:

"കമനീയകധാമമാമെയ്യെന്ന
കാണണമിന്നെൻ കാമുകൻ."

സ്നേഹിതൻ എന്നെ തട്ടിയുണർത്തി. മോട്ടോർ പായുകയാണു്. അതായതു് പാട്ടും കൂട്ടവും കഴിഞ്ഞു. നമ്മൾ രാമഗഢിലേയ്ക്കു തിരിച്ചുപോകയാണു്. ചക്രവാളത്തിൽ നേരിയ തെളിവു് പരന്നുകൊണ്ടിരുന്നു. നക്ഷത്രങ്ങളുടെ നിറം വിളറുവാൻ തുടങ്ങി. ഒന്നുരണ്ടെണ്ണം മാത്രം തിളങ്ങിക്കൊണ്ടുതന്നെ

മിന്നുന്നു. അവയിലൊന്നു് അത്യധികം പ്രകാശമാനമായും സുന്ദരമായിത്തോന്നി. അകലെനിന്നു് ഒരു കോഴിയുടെ ക്ലോക്കിൽ മണി അഞ്ചടിക്കുന്നു.

എന്റെ സ്നേഹിതൻ പറഞ്ഞു: "നിങ്ങൾ ഇത്ര കഷ്ടിച്ചു വലഞ്ഞതാണു് വരികയെന്നു് ഞാനറിഞ്ഞില്ല. ഞാനീ വിരുന്നു നടത്തിയതു് നിങ്ങൾക്കുവേണ്ടിത്തന്നെയായിരുന്നെന്നാണെന്റെ നിഷ്ഠം. നിങ്ങളാണെങ്കിൽ കുംഭകർണ്ണസേവ."

ഞാൻ കോട്ടുവായിട്ടുകൊണ്ടു പറഞ്ഞു: "ഇഷ്ടാ, ക്ഷമിച്ചു തരണം. പൈസക്ക കുറച്ചു വലിവായിരുന്നു. എപ്പോഴും ഒരേ അരിഷ്ടയാണു്. തേഡിലാണു വന്നതു്. നിങ്ങൾതന്നെ പറയൂ—"

"തേഡ് ക്ലാസിലോ? എന്റെ പടച്ചോനേ! ഇഷ്ടാ, കുറച്ചു നേരം 'റെസ്റ്റി'ന്ന പോകാതിരിക്ക."

"ഏതു പോണ 'റെസ്റ്റി'നു്? അല്ല്...ആട്ടെ, നമ്മളൊപ്പം പോവുന്നതെവിടേക്കാ?"

"ജെയിലിലേക്കു്."

"ജെയിലിലേക്കോ?"

"അതെ, നിങ്ങളെ നമ്മളൊരു തമാശ കാണിച്ചുതരാം. കഴുമരം കണ്ടിട്ടുണ്ടോ, നിങ്ങൾ!"

ഠൺ!

ഘടികാരത്തിന്റെ അവസാനത്തെ മുഴക്കം ഹൃദയത്തിൽ പായുന്ന എന്റെ ചോരയിൽ ചേർന്നു—അതു്, എന്റെ ചോരയുടെ ഓരോ കണികയെയും വിറപ്പിച്ചു. ഠൺ ഠൺ ഠൺ! ചോരയുടെ ഓരോ തുള്ളിയിലും ആ ശബ്ദം മുഴങ്ങി. ഹൃദയത്തിന്റെ ഗതിവേഗം ഇരട്ടിച്ചു. എന്റെ കഴുത്തു് ഞെരുങ്ങുന്നപോലെ—ഞാൻ എന്തോ പറയാൻ ഭാവിച്ചു. പക്ഷേ, ചോര സ്വയം സംസാരിക്കയായിരുന്നു. അതെന്നെ പറയാൻ അനുവദിച്ചില്ല. ഞാൻ കഴുത്തു തടവാൻ തുടങ്ങി.

"ഡ്രൈവർ! എത്ര മണിക്കാ തൂക്കിലിടുന്നതു്? അഞ്ചരമണിയാകണം!"

“അഞ്ചരക്ക്, സർ!”

“വണ്ടി വേഗം വിട്ട്.”

അഞ്ചരക്ക് ഏതാനും മിനിട്ടേ ബാക്കിയുള്ളു. ജെയിലിന്റെ ഗേററ് കടന്ന് വണ്ടി തിരിച്ച് കഴുമരം നില്ക്കുന്നിടത്തു കൊണ്ടുപോയി നിർത്തി. അവിടെ ജയിൽശാലിക്കാരും ഡോക്ടറും കുറെ ആഫീസർമാരും ഇരിക്കുന്നുണ്ട്. ഒരു ചെറിയ മൈതാനത്തിന്റെ നടുവിലാണ് കഴുമരം. ഒരു കിണററിന്റെ ആഴവും രണ്ടുയരമുള്ള കറുത്ത തൂണുകൾ. കിണററിന്റെ മുകളിൽ പലകകൾ. അതും കീലടിച്ച കറുപ്പിച്ചിട്ടുണ്ട്. തൂണുകളുടെ നടുവിൽവരെ എത്തിയിട്ടുണ്ട്. മൈതാനത്തിന്റെ നാലുപാടും ഉയർന്ന മതിൽ—കൂർത്ത കുപ്പിച്ചില്ലുകൾ തറച്ചിരിക്കുന്നു. മതിലിനുമുകളിൽക്കൂടെ വടക്കുകിഴക്കൻ മലനിര മങ്ങിയമട്ടിൽ കാണാം. ആകാശം മേഘങ്ങൾകൊണ്ടു മൂടി.

ഞങ്ങളും ഡാക്ടരുടെ അടുത്തെത്തി. മന്ത്രിയുടെ മകനെ കണ്ടിട്ട് രണ്ടുമൂന്നാഫീസർമാർ സലാംവെച്ചു. അവരുടെ മുഖം തെളിഞ്ഞു കണ്ടുകൂടാ. അടുത്തുള്ള മതിലിന്റെ നിഴൽ ആ അധികാര്യക്കാരുടെ മുഖത്ത് കറുത്ത തുണിയിട്ടിരുന്നു. എല്ലാവരും മൗനം. ചിലർ സിഗററ് വലിക്കുന്നു. അതിന്റെ പുകയും മൂട്ടമഞ്ഞട്ടവിർപ്പിന്റെ കറയും അന്തരീക്ഷത്തിലേക്കു് ചുരുണ്ടു കയറി.

ഞാൻ ആകാശത്തിൽ തിളങ്ങിയിരുന്ന താരങ്ങളെത്തിരക്കി—കണ്ടു് ഉറങ്ങുമ്പോൾ പേടിപ്പിക്കുന്ന സ്വപ്നംകണ്ടു് അമ്മയുടെ മാറത്തൊട്ടുംപോലെ. പക്ഷെ ആകാശത്തിൽ കാർ നിറഞ്ഞു കഴിഞ്ഞിരുന്നു. മഴയും ചാററിത്തുടങ്ങി. മൂന്നുനാലു കരിംകിളകൾ [illegible]. മഴ ഉറക്കുന്ന മട്ടില്ല. പൊടിയുന്നു, മഞ്ഞുതുള്ളികൾപോലെ. നക്ഷത്രം എങ്ങുമില്ല.

ഞാൻ നിരാശനായി സ്നേഹിതനോടു പറഞ്ഞു—

“വരൂ, പോവാം.”

13707
80507

ഞാനും പറഞ്ഞു—"വല്ലാത്തൊരാളുതന്നെ നിങ്ങൾ. ഇതു് ഇനി ഒരിക്കലും നിങ്ങൾക്കു് കാണാൻ കിട്ടില്ല."

എവിടെനിന്നോ ഇരുമ്പുവാതിൽ തുറക്കുന്ന ശബ്ദം. പിന്നെ, വെളുത്തു് ഇടത്തരം ഉയരമുള്ള ഒരു മനുഷ്യൻ കഴുവിന്റെ അരികിലേക്കു് നടന്നുവരുന്നതു കാണപ്പെട്ടു. അവന്റെ തല കത്രിച്ചിരുന്നു. മുഖത്തു് മീശ വളർന്നിരിക്കുന്നു. അവൻ ഞങ്ങളുടെ അരികിലൂടെയാണു് നടന്നുവന്നതു്, മുഖം വിളറി വിവർണ്ണമായിരുന്നു. കൈകൾ രണ്ടും പുറകിലേക്കു് പിടിച്ചു് കെട്ടിയിട്ടുണ്ടു്. അവൻ ഞങ്ങളുടെ മുമ്പിൽ ഒന്നു നിന്നു. പിന്നെ, കാതുള്ളവരെ ഒന്നാകെ കഴുമരം ചൂണ്ടിപ്പറഞ്ഞു—"അതാ, എന്റെ കാലൻ."

അവന്റെ ചിരി പ്രേതത്തിന്റെ തുല്യമായിരുന്നു. ശബ്ദം ഇടറിയിരുന്നു—ഉലയൂതുന്നതുപോലെ, കത്തി ചാണയ്ക്കു് വെയ്ക്കുംപോലെ. നടത്തത്തിലെന്തെന്നില്ലാത്ത ഒരിടർച്ച. സ്വന്തം കാലിലല്ല, മരക്കാലുവെച്ചാണു് നടക്കുന്നതെന്നപോലെ. എന്നാലും അവൻ ധീരനാണു്, ചങ്കുറപ്പുള്ളവനാണു്. അവൻ ആരുടെയും സഹായം കൂടാതെ കഴുപ്പലകയിൽ കയറിനിന്നു, പടച്ചവന്റെ പേരു പറയാൻ തുടങ്ങി, ഉറക്കെ, വ്യക്തമായി, പതറാതെ.

അവൻ ഏതു ശക്തിയെയാണു് വിളിക്കുന്നതു്?

ഞാൻ സ്നേഹിതനോടു ചോദിച്ചു—"ആരാണവരവിടെ?"

എന്റെ ചോദ്യത്തിനുത്തരം തരാനെന്നപോലെ നീണ്ട വെള്ളക്കുപ്പായവും കാലുറയും കറുത്ത ഷൂസും ധരിച്ച ഒരുവൻ എഴുന്നേറ്റു് കഴുവിന്റെ അരികിലേക്കു് നടന്നു. തലയിൽ വെള്ളത്തൊപ്പിയുണ്ടു്. ആറടിയോളം ഉയരം. അവൻ വലതുവശത്തുള്ള ഇരുമ്പഴികൾ ചേർന്ന കമ്പികളിൽ കൈവെച്ചു. അവിടെ ഒരു ചങ്ങല കെട്ടിയിരുന്നു. അവരുടെ മറ്റുകൈയ്യിൽ വെള്ളത്തുണികൊണ്ടുള്ള ഒരു മുഖംമൂടി.

സ്നേഹിതൻ പറഞ്ഞു—"പഴയ കാലമല്ല, ജൂഡ്. ഇന്ത്യയിലെ ആരാച്ചാരന്മാരെ കിട്ടാൻ ഞെരുക്കം. പണ്ടൊക്കെ, എല്ലായിടത്തും കൊലപാതകികൾക്ക് കുററത്തിന്ന് മാപ്പുകൊടുത്ത് അതിന്ന് പകരമായി ഗവർമ്മെണ്ടുതന്നെ അവരെ കൊലപാതകങ്ങൾക്കുള്ള ആളാക്കിയെടുത്തിരുന്നു. വാസ്തവത്തിൽ ഗവർമ്മെണ്ടിന്റെ ജോലിക്കാരായിരിക്കണം ഇനി നടത്തുന്ന കൊലകളെന്ന കരാറിന്മേലാണ് മാപ്പുകൊടുത്തിരുന്നത്."

"പിന്നെയിപ്പോൾ?"

"ഇപ്പോൾ സംഗതികൾ മാറിപ്പോയി. ഇപ്പോൾ നിയമം കൊലപാതകികൾക്ക് മാപ്പുകൊടുക്കാൻ അനുവദിക്കുന്നില്ല. അതുമല്ല, കൊലപാതകത്തിന്ന് കിട്ടുന്ന ശമ്പളം അശുദ്ധമായി—"

"എന്തുകൊണ്ട്? ആളുകൾ കൊലനടത്തുന്നു, നിയമം അവരെ കൊല്ലാൻ വിധിക്കുന്നു. അതു നടത്തിക്കൊടുക്കുന്നതുകൊണ്ടു കിട്ടുന്ന ശമ്പളം മാത്രം അശുദ്ധമാവുന്നതെങ്ങിനെ?"

"ആരാച്ചാരുടെ പണിക്കാരെ കിട്ടുന്നില്ല. സ്റ്റേററിൽനിന്ന് അതിന്ന് ശമ്പളവും ഗ്രേഡും പ്രമോഷനും നിശ്ചയിച്ചിട്ടുണ്ട്. എന്നിട്ടും ആരും വരുന്നില്ല. ഇപ്പോൾ പണി എളുപ്പമായിട്ടുണ്ട്. അല്പം നിമിഷം മതി. എന്നിട്ടും—"

സ്നേഹിതൻ തുടർന്നു—"ഈ ഫിറോസിനെ തൂക്കാനായിട്ട് ആരെയും കിട്ടിയില്ല. പലരെയും പിടികൂടിയതിൽ ഈ മനുഷ്യൻ മാത്രമാണ് സമ്മതിച്ചത്. ഇയാൾ ജെയിലിലെ കമ്പൗണ്ടറാണ്. ഒന്നുരണ്ടു തവണ കൈക്കൂലി വാങ്ങിയതിന്ന് ജെയിലിൽ കിടന്നിട്ടുണ്ട്. ജെയിൽ പുള്ളികളെ അടിക്കാനും വ്രണങ്ങൾ കീറാനും ഇത്ര വിരുതൻ—"

പെട്ടെന്ന് ഫിറോസ് ചോദിച്ചു: "എന്റെ കമ്പിക്ക് വല്ല മറുപടിയുമുണ്ടോ?"

ഡാക്ടർ തലയാട്ടിക്കൊണ്ടു പറഞ്ഞു: "ഞാനൊന്നു ചൊല്ലട്ടെ, ഫിറോസ്, യാതൊരു മറുപടിയുമില്ല."

DISTR… KOTT…

മാപ്പിനുള്ള അവസാനത്തെ അപേക്ഷയും തള്ളിക്കളയപ്പെട്ടു.

“നിനക്കു ഭാര്യയേയും മക്കളേയും കാണാം.”

ഇരുമ്പുവാതിൽ വീണ്ടും തുറന്നു. രണ്ടു സ്ത്രീകൾ അകത്തുവന്നു. രണ്ടുപേരുടേയുംകൂടെ കുട്ടികളുണ്ടു്. കറുത്ത ഉത്തരീയം ധരിച്ച ഒരു സ്ത്രീയുടെകൂടെ രണ്ടു കൊച്ചുപെൺകുട്ടികളും ഒരാൺകുട്ടിയും. മറ്റേത്തള്ളയുടെ കൂടെ രണ്ടാൺകുട്ടികൾ, വെള്ളത്തൊപ്പിവെച്ചു്. വലത്തേത്തൂണിന്നരികിൽ ആ കറുത്ത ഉത്തരീയക്കാരി ചെന്നുനിന്നു. തള്ള ഇടത്തേത്തൂണിന്നരികിലും.

“ഇതെന്തു തമാശ?” ഞാൻ ചോദിച്ചു.

“ആ തള്ള കൊല്ലപ്പെട്ട പണവ്യാപാരിയുടെ പെണ്ടാട്ടിയാണു്. കൂട്ടത്തിലുള്ളതു് പിള്ളാരങ്ങളും.”

ഫീറോസ് ചിരിച്ചുകൊണ്ടു പറഞ്ഞു: “കൊച്ചുജമാനന്മാർ തങ്ങളെക്കൊന്നവനെ കഴുവിലേററുന്നതു് രസിക്കാൻ വന്നതാണു്.”

ഞാൻ പറഞ്ഞു: “ഇതു് മഹാ അന്യായമാണു്. ഇവററയെ ഇങ്ങോട്ടെഴുന്നള്ളിച്ചതെന്തിനു്?”

സ്നേഹിതൻ പറഞ്ഞു: “പണ്ടൊക്കെ, ഇവിടെ മാത്രമല്ല, എവിടെയും പൊതുനിരത്തിൽവെച്ചാണു് കഴുവിലിടുക—മററുള്ളവർക്കൊരു പാഠമാവാൻ!”

“കൊച്ചുതമ്പുരാക്കന്മാരുടെ കണ്ണുകളീർത്തോ?” ഫീറോസ് ശാന്തനാപോലെ തറയ്ക്കുന്ന സ്വരത്തിൽ പറഞ്ഞു.

വലത്തുവശത്തു് അവന്റെ ഭാര്യ കുഞ്ഞുങ്ങളോടൊപ്പം നിന്നിരുന്നു. ഫീറോസ് അവരെ നോക്കിയതുപോലുമില്ല. അവന്റെ ഭാര്യ അവനെത്തന്നെ നോക്കിക്കൊണ്ടുനിന്നു. അവൻ ആ തള്ളയേയും കുട്ടികളേയും.

പെട്ടെന്നു് ആ പിഞ്ചുപെൺകുട്ടി കൈകൾ നീട്ടിപ്പറഞ്ഞു: “ബാപ്പാ!”

"ബാപ്പാ!"

"ബാപ്പാ!"

ഫീറോസ് ഒരു നിമിഷനേരം വടക്കുകിഴക്കൻ ചക്രവാളത്തിലേക്കു നോക്കി. തിളങ്ങുന്ന നക്ഷത്രം ഒന്നുപോലുമില്ല. എങ്ങും മേഘം, തുള്ളി തുള്ളിയായി മഴയും.

ഞാൻ പറഞ്ഞു: "ഇതു വലിയ അക്രമമാണ്. ഇവരെ ഇവിടെ വരാൻ വിടരുതായിരുന്നു."

പെൺകുട്ടി വിളിച്ചു: "ബാപ്പാ, ബാപ്പാ, ബാപ്പാ!"

ഫീറോസ് പതുക്കെ ആരാച്ചാരോടു പറഞ്ഞു: "എന്റെ മുഖം വേഗം മൂടൂ. ഞാൻ മക്കളെ കാണാൻ ആഗ്രഹിക്കുന്നില്ല."

എന്റെ സ്നേഹിതൻ ജയിൽസൂപ്രണ്ടിനോട് എന്തോ പറഞ്ഞു. അയാൾ സ്ത്രീകളേയും മററും മാററാൻ കല്പനകൊടുത്തു.

ഇരുമ്പുവാതിൽ ഒരിക്കൽകൂടി തുറന്നു. തള്ളയും മക്കളും പുറത്തുകടന്നു. ഫീറോസിന്റെ ഭാര്യ ഒന്നു നിന്നു; പിന്തിരിഞ്ഞ്, ഒരലർച്ചയോടെ കെട്ടിയവന്റെ അരികിലേക്കു പാഞ്ഞു. കാവൽക്കാർ അവളുടെ മുഖം പൊത്തിപ്പിടിച്ച് വലിച്ചുകൊണ്ടുപോയി.

ഞാൻ വാച്ചു നോക്കി: അഞ്ചരയ്ക്കു നാലു മിനിട്ടു.

"നിനക്കെന്തെങ്കിലും പറയാനുണ്ടോ ഫീറോസ്?"

ഡാക്ടർ ചോദിച്ചു.

"പ്രാർത്ഥിക്കു എനിക്കുവേണ്ടി.... എനിക്കുവേണ്ടി പ്രാർത്ഥിക്കു." മുഖംമൂടിക്കകത്തുനിന്നും ഫീറോസിന്റെ ശബ്ദം പൊട്ടക്കിണററിൽനിന്നെന്നപോലെ കേട്ടു. ആരാച്ചാർ പലവട്ടം കുരുക്കിട്ട് അവന്റെ കഴുത്തിനു പാകമാക്കി. നിയമത്തിന്റെ പട്ടുനാട.

ഫീറോസ് ഉറക്കെ തെരുതെരെ ദൈവനാമം ജപിച്ചു തുടങ്ങി.

അവൻ ഏതു ശക്തിയെയാണു വിളിക്കുന്നതു്?

ഒരു മിനിട്ടു് കഴിഞ്ഞു........

രണ്ടു്........

മൂന്നു്........

നാലാമത്തെ മിനു—ട്ടൺ! ജയിലിലെ മണിയടിച്ചു. അതിന്റെ ശബ്ദം അന്തരീക്ഷത്തിൽ വിറച്ചു.

ഡാക്ടർ വെള്ളയുറുമാൽ ഇളക്കി, ഇടതുവശത്തുള്ള കമ്പിയിളകി. കഴുമരത്തിന്റെ പലക നീങ്ങി. അതേ നിമിഷം ഫിറോസ് അദൃശ്യനായി. അവൻ ആ തൂണുകളുടെ നടുവിൽ, ഇരുണ്ട കിണററിൽ, ആ പാതാളത്തിൽ കിടന്നു പിടയ്ക്കുകയാണു്.

കുറച്ചു നിമിഷം ശവം പിടച്ചുകൊണ്ടിരുന്നു, വൈദ്യുതശക്തി സ്പർശിച്ചാലെന്നപോലെ. ഒരു അപ്രതിരോധ്യവും അതിതീവ്രവുമായ വിറ.... കിടുകിടുപ്പു്.... സ്വൈരക്കേടു്.... അതിഭയങ്കരമായ തിളച്ചുമറിയൽ. അനേകം ടൺ വെള്ളത്തോടൊപ്പം ഉയർന്ന അതിഭയങ്കരമായൊരു കൊടുങ്കാററു് കപ്പലിൽ വന്നലച്ചപോലെ. തിളച്ചുപൊങ്ങുന്ന ലാവ അഗ്നിപർവ്വതത്തിന്റെ കൊടുമുടിയിൽനിന്നും നാലുപാടും തീപ്പൊരി പരത്തിയാലെന്നവണ്ണം, രക്തത്തിന്റെ ഓരോ തുള്ളിയിലും തലച്ചോറിന്റെ ഓരോ അണുവിലും വെടിമരുന്നു നിറച്ചു തീകൊളുത്തിയ മാതിരി. പോരാ, അതൊന്നും പോരാ. ഈ എരിപൊരി, ഈ സ്വൈരക്കേടു്, ഈ കിടുകിടുപ്പു്, മിന്നൽപിണരിന്റെ വക്രഗതിപോലെ എന്റെ ആത്മാവിനെ പിളർന്നുപോയി. ഞാൻ സ്വന്തം കണ്ണുകൊണ്ടു് എന്റെ മരണം കണ്ടു, എന്റെ വിശ്വാസം മണ്ണടിയുന്നതു കണ്ടു, എന്റെ സംസ്കാരവും പരിഷ്കാരവും മുങ്ങിക്കപ്പൽപോലെ കത്തിയെരിയുന്നതു കണ്ടു. മനുഷ്യൻ, അവന്റെ ദൈവം, ഈ കഴുമരം നാട്ടിയ പരിഷ്കാരം, കൊലയ്ക്കു പകരം കൊലയെന്ന വിധിച്ച നിയമം—ഇതൊരിക്കലും പൊടിക്കില്ല, ഒരിക്കലും വളരില്ല. ഒരിക്കലും തളിർക്കില്ല. ഫിറോസിന്റെ മുഖമോർമ്മയില്ല. ഓർ

യുടെ ഓരോ മൂലത്തിലും കഴുമരപ്പലക മാത്രം കാണുന്നു: അതിൽ വെള്ളത്തുണികൊണ്ടു് മുഖംമൂടിയ ഒരു രൂപം....അതിന്റെ കൈകൾ പുറകോട്ടു കെട്ടിയിരിക്കുന്നു.

ആ രൂപം, ഒററപ്പെട്ടിരിക്കുമ്പോൾ മുമ്പിൽ വരുന്നു. ഒരു ശോകവ്യംഗ്യമായി ചിരി എന്നോടു ചോദിക്കുന്നു: എന്നെ അറിയുമോ? ഞാൻ മനുഷ്യനാണ്. നന്മയുടേയും തിന്മയുടേയും പ്രതിമ! പഴയതും പുതിയതുമായ മനുഷ്യൻ! നീ എന്നെ പട്ടാളക്കോടതി കെട്ടി പടുകിണററിൽ ഇറക്കിയിരിക്കയാണ്. എനിക്കിനിന്നു് മരിക്കലും മോചനമില്ലേ?

# ഉപനായിക

൧

1944 ഡിസംബർ പതിനൊന്നിനു നടന്ന സംഭവമാണിതു്. ഞാൻ തീറ്റയും കഴിഞ്ഞു് പാമ്പു് ഇരവിഴുങ്ങിയപോലെ ആഫീസിൽ മേശപ്പുറത്തു് തലയുംവെച്ചു് മയങ്ങുകയായിരുന്നു. അപ്പോഴാണു് ആഫീസിലേയ്ക്കു് ഒരുപനായിക കടന്നുവരുന്നു. ഒരു നായികയേയും ഉപനായികയേയും തിരിച്ചറിയുന്നതിനു് ഒട്ടേറെ ക്ലേശം ഉണ്ടെങ്കിലും എന്നെപ്പോലുള്ള മരമണ്ടൂസന്മാരുടെ തലയോട്ടിൽ പലതുംകൂടിയിരിക്കുന്ന ഒന്നുരണ്ടു തെളിച്ച കാര്യങ്ങൾ എടുത്തുപറയാം. ഒന്നാമതു്, ഏതെങ്കിലും 'ഹീറോയിൻ' ഇങ്ങനെ അനായാസമായിട്ടു് എൻ്റെ മുറിയിലേയ്ക്കു് കടന്നുവരില്ല. 'ഹീറോയിൻ' അഥവാ അതുപോലെയുള്ള ഏതെങ്കിലും പ്രധാന ഭാഗം അഭിനയിക്കുന്ന താരങ്ങൾ മുറിയിലേയ്ക്കു കടക്കുമ്പോൾ, അവരെ എഴുന്നള്ളിച്ചുകൊണ്ടുവരാൻ കൂടെയും, സ്വീകരിക്കാൻ മുറിയിലും ആരാധകന്മാർ നിശ്ചയമായും ഹാജരുണ്ടായിരിക്കും. അവളുടെ എഴുന്നള്ളത്തിൻ്റെ വിവരം നേരത്തെ പരസ്യംചെയ്തിരിക്കും. എന്നിട്ടും ഏതെങ്കിലും ഊർച്ചപ്പൊക്കിത്തലയൻ മേശയിൽ തല അമർത്തി ഉറക്കംതൂങ്ങുന്നതായി കണ്ടുപോയാൽ തട്ടിയുണർത്തി അടക്കിച്ചൊല്ലും: "ഉഷാർ! താരമെഴുന്നള്ളുന്നു."

അന്നുച്ചയ്ക്കു് ഇത്തരം യാതൊരു സംഭവവും ഉണ്ടാവുമെന്നതിനുള്ള സൂചനകളില്ലാതിരുന്നതിനാൽ 1944 ഡിസംബർ 11-നു് ഉച്ചയ്ക്കു് ആപ്പീസിൽ അവിടേയ്ക്കു് കടന്നുവന്നവൾ ഉപനായിക മാത്രം ആയിരുന്നു. ആ പെണ്ണിൻ്റെ പേർ 'സുഭദ്ര' എന്നായി

ടന്നു. അവൾ ചിരിച്ചുകൊണ്ടെന്നോടു പറഞ്ഞു — തന്നെ വീട്ടുകാർ 'സേബ്'' (ശോഭ) എന്നാണ് വിളിക്കുക. അതെനിക്കു പേടത്താഴിഞ്ഞു — അങ്ങിനെ വീട്ടുകാർ മാത്രമേ വിളിക്കയുള്ളൂ. 'സേബ്'' എന്നു പേരുള്ള മറ്റൊരുത്തിയേയും ഞാനറിയും. അവളുടെ കഥ ഇനിയൊരിക്കലാവട്ടെ. കാരണം, അവളുടെ നാടകത്തിൽ ഒരു ചോദ്യചിഹ്നം ഇനിയും ശേഷിക്കുന്നു. ഈ സേബിന്റെ കഥയിൽ ചോദ്യചിഹ്നം വന്നു കഴിഞ്ഞുപോയിരിക്കുന്നു. ഈ ചോദ്യചിഹ്നം ജീവിതത്തിൽ പലതരത്തിലാണ് പ്രത്യക്ഷപ്പെടുന്നത്. ചിലപ്പോൾ ഇതു പ്രിയതമയുടെ ശീതളചുംബനംപോലെ മധുനിഷ്യന്ദിയാണ്. ചിലപ്പോൾ വിഹ്വലമനോരഥംപോലെ തപ്തബാഷ്പവർഷിയാണ്. ചിലപ്പോൾ ഇതിന്റെ ആവിർഭാവം ചുവന്ന തീക്കട്ടകളിൽനിന്നാവും. ചിലപ്പോൾ അശ്രുവിന്റെ ലവണജലത്തിൽനിന്ന്. ജീവിതത്തിൽ ഒരിക്കലെങ്കിലും ഈ ചോദ്യചിഹ്നം മുമ്പിൽ വരാതിരിക്കയില്ല. ഇതൊരു വിചിത്രമായ യാത്രയാണ്. സേബ്'' — ഇപ്പോൾ പറയുന്ന കഥയിലെ സേബ് അല്ല, ഇനി പിന്നെപ്പറയാമെന്നു പറഞ്ഞ കഥയിലെ സേബ് ഈ യാത്ര തുടങ്ങുകയാണ്. ഒരു നിരീക്ഷകന്റെ നിലയിൽ ഞാൻ അവളെ ഉപദേശിക്കാൻ ഭാവമില്ല. എന്നാലും ഞാനാശിക്കുന്നു — ആ ഉഷ്ണജല അവളുടെ കണ്ണിൽ പെടുകയാണെങ്കിൽ പുഞ്ചിരിയിട്ട മൗനമായിരിക്കട്ടെ. പുഞ്ചിരിക്കാതിരിക്കയാണെങ്കിൽ അതാണുത്തമം.

സുമോദ ജോലിയന്വേഷിച്ചു വന്നവളായിരുന്നു. സംവിധായകൻ മാനേജരവർകളല്ല, ഞാനാണ്. എത്രയും നാടകപാടവവും നിരുപദ്രവിയുമെന്നു കരുതി എന്നെയാണ് ഇതിലേക്കു നിയോഗിച്ചിരിക്കുന്നത് — അതായത്, ഉപനായികയുടെ രൂപവും, ഭാഗവും, അഭിനയപാടവവും പരിശോധിച്ചുവിടുക. ഒരുപക്ഷേ, അയാൾ ഈ തീരുമാനമെടുത്തത് എന്റെ കഷണ്ടി കയറിയ തലയും കനത്ത കണ്ണടയും കോമളഭാവനകളുടെ മുമ്പിൽ നടിക്കാറുള്ള അവധൂതഭാവവും കണ്ടിട്ടാണെന്നുവരാം. അതെ

ളുണ്ടോ വല്ലതുമറിയുന്നു — ഇതു് വെറും കാര്യം കാണാനുള്ള കെട്ടിച്ചമച്ചിലാണെന്നു്. അല്ലെങ്കിൽ, എന്റെ പുറംപട്ടുകളും ഉഷ്ണരക്തം ഉറഞ്ഞിട്ടില്ല. വിവേകത്തിന്റെ അതലപ്രദേശത്തു് ആവേശത്തിന്റെ തീ ആളിക്കത്താഞ്ഞിട്ടില്ല. തണുത്ത മഞ്ഞുകട്ടിപോലെ നിശ്ചലമായ ദൃഷ്ടികളിൽ മിന്നൽപിണരുകൾ ഒളിഞ്ഞിരിക്കാതിരുന്നില്ല. ഒരുപക്ഷേ അയാൾ ഇതെല്ലാം അറിഞ്ഞിട്ടുണ്ടെന്നുവരാം. ഇതുകൂടി—ഞാനശക്തയാണു്, എന്റെ ആഭിജാത്യത്തിന്റെ ആ വർണ്ണം പിച്ചിച്ചീന്താനുള്ള സാമർത്ഥ്യം പോലും എനിക്കില്ല, അതിനാൽ ഞാൻ നിരുപദ്രവിയാണു്, ഈ പരമാർത്ഥം വല്ലാതെ ശല്യപ്പെടുത്തുന്ന ഒന്നാണു്, അല്ലേ? പറയുമ്പോൾ അതു കുറെയേറെ തോന്നുകയും ചെയ്യും. വാസ്തവം മറെറാരുവിധത്തിലാണു്. ഇതു ശല്യപ്പെടുത്തുന്നതിനു പകരം എനിക്കു് മനോവിനോദത്തിനു വക നല്കുകയാണു് ചെയ്യുന്നതു്. ഞാൻ മിക്കപ്പോഴും ഈ കൃത്രിമമായ തറവാടിത്തത്തിന്റെ നിറവിൽനിന്നു് പല ഉയർന്ന അനുഭവങ്ങളും സമ്പാദിക്കാറുണ്ടു്. നിങ്ങൾക്കിതു മനസ്സിലാവില്ല. സേബിന്നറിയാം, ഈ സേബിന്നല്ല, ആ സേബിന്നു്.

അതെ, അന്നുച്ചയ്ക്കു് സുബോധ ജോലിയന്വേഷിച്ചു് എന്റെ മുറിയിൽ വന്നു. അന്നു് 'ഇന്റർവ്യൂ'വിനു വന്നവരിൽ ആറാമത്തേവളാണു് സുബോധ. ഒന്നാമതായി വന്ന യുവതി അവളുടെ രണ്ടു സഹോദരന്മാരെ കൂടെ കൊണ്ടുവന്നിരുന്നു. അവളൊരു ഗുജറാത്തിയായിരുന്നു—പഴയ വില്ലുപോലെ ഒടിഞ്ഞുതളർന്നു്, രൂക്ഷം മുഖഭാവവും, നോട്ടവും നടപ്പും, വാക്കും വക്കാണവും— എല്ലാത്തിലുമുണ്ടു് എന്തെന്നില്ലാത്തൊരു പരുക്കേടും പന്തികേടും. കണ്ടാൽ തോന്നുക, ആ പെണ്ണിനെ നനഞ്ഞ മണ്ണാക്കാനു് അപ്പോൾതന്നെ ഉണക്കി ഒട്ടും താമസിയാതെ 'ഇന്റർവ്യൂ'വിനു് എന്റെ മുറിയിലേക്കു കടത്തിവിട്ടിരിക്കയാണെന്നാണു്. ഞാൻ അവൾക്കു് ജോലികൊടുക്കാൻ ഒരുക്കമില്ലായിരുന്നു.

ഞാൻ അവളോടു് പറഞ്ഞു—"ഞാൻ നിന്റെ മേൽവിലാസം കുറിച്ചെടുത്തിട്ടുണ്ടു്. ഏതെങ്കിലും ഫിലിമിൽ ആവശ്യമുണ്ടെങ്കിൽ അറിയിക്കാം." മനസ്സിൽ വിചാരിച്ചു—കടന്നുപോടീ പെണ്ണേ! സൂര്യകിരണങ്ങളിൽ ചെന്നു് മുങ്ങിക്കളിക്കു്. നിന്റെ വ്യക്തിത്വത്തെ ജീവിതയാഥാർത്ഥ്യത്തിന്റെ ചൂളയിലിട്ടു് ചുട്ടെടുക്കു്. ഈ നനഞ്ഞ മണ്ണു് ഒന്നുണങ്ങട്ടെ, എന്നിട്ടാങ്ങാളുവാം.

പക്ഷെ, അവളുടെ നനഞ്ഞ മണ്ണു് ഒരിക്കലും ഉണങ്ങില്ലെന്നു തോന്നി—"എന്റെ വിലാസം—എന്റെ മേൽവിലാസം കുറിച്ചെടുത്തില്ലേ?"

"പിന്നില്ലാതെ?"

"മറന്നായിട്ട നോട്ടുചെയ്തിട്ടില്ലേ? ലല്ലുഭായി സാരാഭായി ലെയിൻ. വീട്ടുനമ്പർ $\frac{450}{533}$ മറക്കല്ലേ! അഹമ്മദാബാദ് സിററി."

"നീ പരിഭ്രമിക്കേണ്ട. നിന്റെ മേൽവിലാസം എന്റെ ഡയറിയിൽ സുരക്ഷിതമായിരിക്കും."

"അപ്പോൾ എന്നെ കണിശമായും വിളിക്കുമല്ലോ?"

"കണിശമായും കാത്തിരിക്കയേ വേണ്ടൂ."

"ശരി. എന്നാൽ....എന്റെ വിലാസം...."

"നമസ്തേ!" ഞാൻ കൈകൂപ്പിക്കൊണ്ടു വേഗം പറഞ്ഞു.

അവളും തിരിഞ്ഞുനിന്നു കൈകൂപ്പി മുറിക്കു വെളിയിലേക്കു മെല്ലെമെല്ലെ നടന്നുപോയി—നനഞ്ഞ മണ്ണു്! നടക്കാൻപോലും അറിഞ്ഞു്. പോകുന്ന പോക്കിൽ വാതിൽപ്പടിയിൽ ചെന്നിടിച്ചു. പിന്നെ കാണാതായി. ആര പറഞ്ഞു കാണാതായെന്നു്? ഇപ്പോഴും എന്റെ കൺമുമ്പിൽ കളിക്കുന്നു. ആ മുറിയിലെ മേശമേൽ, നിലത്തു്, കട്ടിന്മേൽ, വാതിലിലെ കണ്ണാടിച്ചില്ലിൽ, ആ നനഞ്ഞ മണ്ണിന്റെ അടയാളങ്ങൾ കാണാം.

രണ്ടാമത്തേവൾ പൂനയിൽ ബുധവാർപേട്ടിൽനിന്നു വന്നവളായിരുന്നു. റോസ്‌നിറത്തിലുള്ള ജാർജെററ് സാരി അവളുടെ

ദേഹത്തിൽ ഒട്ടിച്ചുവെച്ചിരുന്നു. അതിന്റെയുള്ളിലുള്ള ഓരോ അവയ ളുടെ ദേഹം ശുഷ്കാങ്കരംപോലെ കാണാമായിരുന്നു. അവളുടെ ദൃഷ്ടി ശൂന്യമായിരുന്നു. അവളുടെ ചുണ്ടു ശൂന്യം, അവളുടെ മാറും. അവൾ ഒരു റാംപെൻസിൽപോലെ നടന്നുവന്നു് എന്റെ മുമ്പിൽ കസേരയിലേയ്ക്കു് ഒടിഞ്ഞു. അവൾ പറയുംപോലെ തോന്നി—“എനിക്കറിയാം, നിങ്ങൾ എനിക്കു് ജോലി തരില്ല. എനിക്കു് ശൃംഗാരമില്ല, കലയില്ല, മാദകത്വവുമില്ല. എന്നിട്ടും ഞാൻ നിങ്ങളുടെ അരികെ വന്നിരിക്കുന്നു. ഇതു നാണമില്ലായ്മ—ഇതിനെന്നായെങ്കിലും അഭിനന്ദിക്കേണ്ടതല്ലേ?”

ഞാൻ മനസ്സിൽ പറഞ്ഞു: “തീരെ നിവൃത്തിയില്ല” അവളോടു് ചോദിച്ചു: “നിന്റെ പേർ?”

“കൗസല്യ.”

“നീ പൂനയിൽ ബുധവാർപേട്ടിൽനിന്നോ വരുന്നതു്?”

“അ്ഉം.”

“അ്ഉം!” ഞാൻ പറഞ്ഞു: “നിന്നെക്കണ്ടിട്ടു് മുസൽമാനിയെപ്പോലിരിക്കുന്നുണ്ടല്ലോ!”

“അതു ശരിയാണു്” അവൾ ചിരിച്ചുകൊണ്ടു പറഞ്ഞു—അവളുടെ കറുപ്പുകയറിയ ചുവന്ന പല്ലുകൾ മോണയുടെ തലപോലെ പുറത്തുവന്നു.

“മുമ്പു വല്ല ഫിലിമിലും ജോലി ചെയ്തിട്ടുണ്ടോ?”

“അ്ഉം. അച്ഛൻ, അമ്മ, ചേച്ചി, ഏട്ടത്തി മുതലായവർ ഫിലിമിൽ പാടിയിട്ടുമുണ്ടു്. ബുധവാർപേട്ടിൽ എന്റെ ഗൃഹമുണ്ടു്. ഇടയ്ക്കു് അങ്ങോട്ടിറങ്ങും.”

“നീ അമൃതസരിൽനിന്നു് പൂനക്കെന്തിനു വന്നു?”

“റിസ്കു്!” അവൾ മെല്ലെ പറഞ്ഞു, മനസ്സില്ലാമനസ്സോടെ പറഞ്ഞു, നീരസവും നിർജ്ജീവവുമായ സ്വരത്തിൽ പറഞ്ഞു. അവളുടെ കണ്ണുകളിൽ, അവളുടെ ഉടലിൽ, അവളുടെ ആത്മാവിൽ അവ്യക്തതമാത്രം. അതു കണ്ടു കണ്ടു് ഒരു മനംപുരട്ടുന്ന മടുപ്പു് മനസ്സിൽ വളർന്നുവന്നു. ഒരു പക്ഷേ അവൾ ഒരു സ്ത്രീ ആയിരു

ന്നിരിക്കില്ല. ചീഞ്ഞു കലങ്ങിയ പൊട്ടക്കുളത്തിൽനിന്നു പിടിച്ചു കരക്കിട്ട അട്ടയായിരുന്നു—മേശപ്പുറത്തിരുന്നു് എന്റെ അരികിലേക്കു് ഇഴയുന്ന പെണ്ണുട്ടി.

“പോ, പോ!” ഞാൻ വിളിച്ചുപറഞ്ഞു. അവൾ പതുങ്ങിക്കൊണ്ടു നോക്കി. ഞാൻ അവളോടു് മാപ്പുചോദിച്ചിട്ടു് പറഞ്ഞു: “വാസ്തവം പറയാമല്ലോ, ഫിലിം തുടങ്ങുവാൻ ഇനിയും രണ്ടുമാസം പിടിക്കും. നിശ്ചയമായും നിങ്ങളുടെ സഹായം കൂടിയേ കഴിയൂ. വേറെ പല യുവതികളെയും—”

അവൾ എന്നെ തടഞ്ഞുകൊണ്ടു് പറഞ്ഞു: “എന്റെ അനുജത്തി ഗോമതിയുമുണ്ടു് വന്നിട്ടു്—എടീ, ഗോമതീ, ഇവിടെ വാ.”

വലിയ പെണ്ണുട്ടി....ചെറിയ പെണ്ണുട്ടി........വലിയതിനേക്കാൾ ചെറുതു്........

“നിങ്ങളെയും വിളിക്കാം. അനുജത്തിയേയും എടുക്കാം. തൽക്കാലം നമസ്തേ!”

“ഇതെന്റെ ഫോട്ടോ ആണു്.” അവൾ എഴുന്നേറ്റു് സാരി ശരിപ്പെടുത്തിക്കൊണ്ടു പറഞ്ഞു: “പൂനയിൽ വരുമ്പോൾ എന്റെ ഗൃഹത്തിൽ കൂടാം.”

രണ്ടുപേരും ഇഴഞ്ഞുപോയി— വലിയ പെണ്ണുട്ടിയും, ചെറിയ പെണ്ണുട്ടിയും.

നാലാമത്തെ യുവതി മറാട്ടിയായിരുന്നു. മറാട്ടിപ്പെണ്ണുങ്ങളുടെ ഉടലിനു് എന്തെന്നില്ലാത്ത മദം മയക്കമോ ഒരു തെളിവുണ്ടു്. കണ്ണുകൾക്കു് പരിഭ്രാന്തയായ ഒരു പേടമാനിന്റെ വിഷാദാത്മകത്വവും. അതു്, എന്തെന്നറിഞ്ഞില്ല. പുരുഷന്മാർക്കു് ഇഷ്ടമാവാതെ വരാറില്ല. ഈ യുവതി പരിഭ്രാന്തയായിരുന്നു, തീർച്ച. പക്ഷേ പേടമാനായിരുന്നില്ല. തെളിവു് കണ്ണുകൾക്കായിരുന്നു, മടിയിലല്ല. അവൾ ഒരു താറാവിനെപ്പോലെ അകിടം മറിഞ്ഞുകൊണ്ടു് കടന്നുവന്നു, കെട്ടിയവനുമുണ്ടു കൂടെ. അയാളാണെങ്കിൽ, മുറിയിലേക്കു് കടന്ന മുതൽ പല്ലുകൾ പുറ

അങ്ങോരു ഇളി തുടങ്ങിയതാണ്. മുറിയിൽനിന്നു പോകുംവരെ ആ ചിറി കൂടിയിട്ടില്ല. പടച്ചോനറിയാം—ഈ ചിരി മുറിയുടെ ഉടമയെ കണ്ടിട്ടോ, അയാളുടെ 'പൊണ്ടാട്ടി' താരമായതിനായി ഞാൻപോകുന്ന പടത്തിന്റെ മേന്മയോർത്തിട്ടോ വാസ്തവത്തിലി ല്ലിത്. ആ ചോദ്യത്തിന്റെ ഉത്തരമാണ്—ആ ഭാഗ്യഹീനരായ മിസ്റ്റാന്മാരുടെ തലയിലെഴുതാൻ പോകുന്നതിന്റെ ഈ ചോദ്യ ചിഹ്നം തങ്ങളുടെ മുമ്പിലുണ്ടെന്ന് ആരും അത്ര അറിയാറില്ല. അത് ഓരോരുത്തരോടും ജീവിതത്തിന്റെ, അതിന്റെ മഹത്വ ത്തിന്റെ, അതിന്റെ അടിക്കല്ലായ സംസ്കാരത്തിന്റെ നിലയി ല്ലിനെന്തെന്ന ചോദ്യം ചെയ്യലാണ്. അയാളിതൊന്നും അറി യുന്നില്ല. എന്നിട്ട് ധിക്കാരം കലർന്ന ചിരി തട്ടിവിടുകയാണ്. ഇരുപത്തഞ്ചുകൊല്ലം കഴിഞ്ഞു അയാളുടെ തലയിലും കഷണ്ടി കേറി ത്തുടങ്ങുമ്പോൾ, കണ്ണിൽ കനത്ത കണ്ണട കയറുമ്പോൾ എന്നെ അപ്പോളയാൾ കരയാറാവും. ചിരിക്കട്ടെ, ചിരിക്കട്ടെ.

"ഇവൾ നമ്മന്റെ ഭാര്യ." അയാൾ ഇളിച്ചുകൊണ്ടു പറഞ്ഞു: "പണിയെടുക്കും."

"ഹിന്ദിയോ ഉർദുവോ അറിയാമോ?"

"ഹും. ഫാർചാംഗ്ലാ." (നന്നായിട്ട്)

"ശരി, എന്നാലെഴുതട്ടെ. ഞാൻ ഈ മൂധേവിയെ."

"വേണ്ട, വേണ്ട. എഴുതാൻ പറക വേണ്ട, നമ്മന്റെ ഭാര്യ കേള്ക്ക പഠിക്കുന്നു. നിങ്ങള് പറഞ്ഞുകൊടുക്കുന്നു. ഇംഗ്ലീഷ് ഫാർചാംഗ്ലാ."

ഞാൻ പറഞ്ഞു: "എന്നാൽ പറയട്ടെ, ഒരു ബുദ്ധിയുള്ള—"

"ഒരു ഭുദ്ദിയുള്ള"

"ഭുദ്ദിയല്ലാ. ബുദ്ധി."

അയാൾ ഇളിക്കാൻ തുടങ്ങി.

ഞാൻ ചോദിച്ചു: "എന്താണിത്ര ഇളിക്കാൻ?"

അയാൾ പല്ലു മുപ്പത്തിരണ്ടും പ്രദർശിപ്പിച്ചുകൊണ്ട് പറഞ്ഞു: "ഹി ഹി ഹി! നമ്മ ഭാഷയി ഇട്ടതരി."

“ഫാർ ഷാംഗ്ലാ” ഞാൻ സന്തോഷത്തോടെ പറഞ്ഞു: “ഒരു ബുദ്ധിയുള്ള”

“വേണ്ടാ ഹേ, വേണ്ടാ” അവൾ നാണിച്ചുപോയി. ഒരു സമയം അവൾ അരവിസ്കിയും പട്ടുവങ്കയുമായി ഓടിയി. അവൾ....

ഞാൻ ചോദിച്ചു: “മുന്നു വല്ല പടത്തിലും പണിയെടുത്തിട്ടുണ്ടോ?”

“വേണ്ട, വേണ്ട, നമ്മുടെ മായ എന്വീരെയും പണി ചോദിക്കണില്ല. നമ്മ ബലിയ ജാതിക്കാർ. ഷെഹ്ജാദ് ഇങ്ങനെ തന്നെ പറഞ്ഞു — ഈ കമ്പനീന്റെ ആളുകളിതല്ല. ഷെഹ്ജാദ്! ബാ, പോകാം. നല്ല ബിശമിച്ച് സന്തോഷിച്ചു അവള് പറഞ്ഞു: നിങ്ങള് ക്ലൂന ഉറങ്ങ്, സാറിനോടു പറഞ്ഞു: ഫാർ ഷാംഗ്ലാ. നമക്ക ഇവള ബലിയ പ്രിയ. ഫാർ ഷാംഗ്ലാ.”

“ഫാർ ഷാംഗ്ലാ” ഞാൻ പിൻതാങ്ങിക്കൊണ്ടു പറഞ്ഞു: “ഞാൻ നിങ്ങളുടെ മേൽവിലാസം എഴുതിയെടുത്തിട്ടുണ്ട്.” ഒടുവിൽ ഞാൻ ആ യുവമിഥുനത്തെ കൈകൂപ്പി യാത്രയാക്കിക്കൊണ്ടു പറഞ്ഞു: “58, കൽബാദേവി ലെയിൻ, ബോംബെ 17. അങ്ങനെയല്ലേ? വളരെ വേഗം വിളിക്കാൻ ആളുവരും.”

അയാൾ എന്റെ നേരെ നോക്കി ചിരിച്ചുകൊണ്ടു നിന്നു. ഞാൻ മറുപടി ആവർത്തിച്ചു. എന്നിട്ടും അയാൾ ചിരിച്ചു. ഞാനവരോടു നമസ്തേ പറഞ്ഞു. അയാളും നമസ്തേ പറഞ്ഞു ചിരിച്ചു. അയാളുടെ കോട്ടിന്റെ കാളർ മുന്നിലത്തു കീറിയിരുന്നു. യുവതിയുടെ വസ്ത്രം വീട്ടിൽ വെളുപ്പിച്ചതാണ് — പക്ഷേ ഇന്ക്കത്തിയതും. എഴുന്നേറ്റ സമയമാണ് ഞാനതു മനസ്സിലാക്കിയത്. അവൾ പരിഭ്രാന്തയായ ഒരു മാൻപേടയെന്ന പോലെയിരുന്നു. അവളുടെ നോട്ടം ഭൂമിയിൽ താഴ്ന്നിരുന്നു. അവളുടെ ഭർത്താവ് ചിരിച്ചുകൊണ്ടേയിരുന്നു. തിരിച്ചുപോകുന്ന സമയം തിരിഞ്ഞുനോക്കി ഇളവില്ലാതെ ചിരിച്ചു. അവർ എന്റെ ദൃഷ്ടിയിൽനിന്നു പുറത്തുകടന്നപ്പോഴാണ് മനസ്സിലായത്: അയാൾ ചി

ധിയായിരുന്നില്ല, കരച്ചിലായിരുന്നു. അയാളുടെ സ്വഭാവവും എന്റേതുപോലെത്തന്നെ കൃത്രിമമായിരുന്നു, അവിടവിടെ ചിന്തിയതു്. അയാൾ അതിനെ പുഞ്ചിരികൊണ്ടു മൂടിക്കെട്ടി മറയ്ക്കുവാൻ വെറുതെ ശ്രമിക്കയായിരുന്നു. അയാൾ തന്റെയിഷ്ടത്തിനെതിരായി സ്വന്തം മാതൃത്വം വില്ക്കാൻ വന്നതായിരുന്നു, എന്നിട്ടങ്ങിനെ ചിരിക്കയായിരുന്നു. ആ ചിരിയിൽ മനുഷ്യത്വത്തിന്റെ ചോരപുരണ്ടിരുന്നു. ലൂതൊക്കെ ഞങ്ങളിപ്പോഴും പെയ്യുന്നതാണു്. അന്നു് അവരോടു പറഞ്ഞതിതാണു്: 'വിളിക്കാനാളയച്ചേക്കാം.' ഇതു കളവായിരുന്നു. കാരണം, ആ [illegible] എത്രയെങ്കിലും ഫിലിമിലഭിനയിക്കാൻ കൊള്ളുന്നവരാണു്. പക്ഷെ, അതു് ഒരു സാധാരണകളവു മാത്രമായിരുന്നു. ആ മനുഷ്യന്റെ ചിരിപോലെതന്നെ. ഒരു നടൻ മററൊരു നടനോടു പറഞ്ഞതു്. അത്രതന്നെ.

അഞ്ചാമത്തവൾ യുവതിയായിരുന്നില്ല, ഒരു മദ്ധ്യവയസ്സു്. മൂന്നു മക്കളുടെ തള്ള. രണ്ടു പെൺമക്കളും, ഒരാണും. വിധവ. തടിച്ചുകൊഴുത്തവൾ. കനത്ത ഒച്ച. നല്ല നിറം. വന്ന ഉടൻ കസേരയിലേക്കു മലർന്നു. പിന്നെ ബ്ലൌസിളക്കിച്ചു വലിച്ചുകൊണ്ടു് ചോദിച്ചു:

"കമ്പനി എന്തിനാണു് പരസ്യംചെയ്തിരുന്നതു്?"

"ഉപനായികമാരെ ആവശ്യമുണ്ടു്."

"ഓഹോഹോ!" അവൾ പുക എന്റെ മുഖത്തേക്കു വിട്ടിട്ടു് ചോദിച്ചു: "എന്തു ശമ്പളം?"

"നിങ്ങൾ വല്ലിടത്തും പണിയെടുത്തിട്ടുണ്ടോ? ഇതുവരെ—"

അവൾ പറഞ്ഞു: "മോനേ, അറുപതെണ്ണത്തിൽ അഭിനയിച്ചിട്ടുണ്ടു്. എല്ലാറ്റിലും നായിക. ആ നാടകവാർത്തകൾ കേട്ടിട്ടില്ലേ?" അവൾ ചിരിക്കാൻ തുടങ്ങി. "അതുകേട്ടില്ല കുട്ട്യേ, ശരി. ഞാൻ പിശകാൻ വന്നതല്ല. വീട്ടിൽ ചിറകണ്ടു് വക. അതുകൊണ്ടു് നല്ലതു വല്ലതും കിട്ടിയാൽ ആയാമെന്നേ കരുതി.

വന്നു. ഇനി ഈ ചില്ലറ പാർട്ടുകളൊന്നും എനിക്ക വയ്യ. പറയ്യുന്നുള്ള പാർട്ട തരാമോ?"

"പാററിയ പാർട്ട്!"

"ഏത്ര സീൻ?"

"എട്ടോ, പത്തോ, തീർച്ചപറയാറായിട്ടില്ല."

"എത്ര ദിവസത്തെ ജോലി?"

"എട്ടോ പത്തോ ദിവസം!"

"തീർന്നോ?"

"തീർന്നു."

"ശരി, സമ്മതം, ശമ്പളം?"

"മാസംതോറം ഏഴുപത്തഞ്ചു് ക."

"തീർന്നോ?"

"തീർന്നു."

"അത്് വളരെ കുറഞ്ഞുപോയി മൂപ്പരെ. എനിക്ക് കുഞ്ഞുങ്ങളുണ്ട്, രണ്ടു പെൺമക്കൾ. അവരെ കെട്ടിച്ചുകൊടുക്കണമെന്നാലോചിച്ചുനോക്കൂ...."

പുറംപൂച്ച് അലിഞ്ഞുതുടങ്ങി. അവൾ പോവാൻ തുടങ്ങി. അപ്പുറം എല്ലാം അലിഞ്ഞുകഴിഞ്ഞിരുന്നു.

ആറാമത്തവളുടെ പേര് സുബോധനയെന്നായിരുന്നു. അവളെ വീട്ടുകാർ ബേബ് എന്നാണത്രെ വിളിക്കുക. പോട്ടെ, അതു അന്വേഷിക്കാനില്ല. അവൾ കുമാരിയായിരുന്നു. അതായതു്, കെട്ടിയവനെന്നു പറയാൻ ആരുമില്ല. സുബോധയുടെ ദേഹത്തിനു കറുപ്പാണ്. അവളുടെ കണ്ണുകൾക്കും കറുപ്പാണ്, ചുണ്ടുകൾക്കും, ചിരിക്കും. അവളുടെ നെററി ഇടുങ്ങിയതാണ്. മൂക്ക പതിഞ്ഞതല്ലം. അവൾക്ക് ഒരു വശ്യരൂപമുണ്ടായിരുന്നെങ്കിലും വിരൂപയല്ല. സൗന്ദര്യമുണ്ടെങ്കിലും സുന്ദരിയല്ല. അവളുടെ ശരീരഘടനയിലും ശില്പത്തിലും ഉത്തരധ്രുവത്തിന്റെയും ദക്ഷിണധ്രുവത്തിന്റെയും കലർപ്പുണ്ട്. ആര്യരക്തം ദ്രാവിഡചട്ടക്കൂട്ടിൽ അലങ്കരിച്ചിരുന്നു. ദ്രാവിഡരശ്മികൾ ആര്യഹിമത്തെ അലിച്ച്

ഒളിപ്പിച്ചിരുന്നു. അതിനാൽ അവളുടെ ദേഹത്തെയും ആത്മാവിനെയും വിശകലനംചെയ്യ സാധ്യമല്ല. അതൊരു പുതിയ പരീക്ഷണമാണ്. രണ്ടു തലമുറകളെ, രണ്ടു സംസ്കാരങ്ങളെ, രണ്ടു കാലങ്ങളെ ഒരു മൂശയിലിട്ടു വാർത്തതാണവൾ. അതിനാൽ അവൾ ക്‌നാരിയുമല്ല, ക്ടതതിയുമല്ല, യുവതിയുമല്ല, വൃദ്ധയുമല്ല. കറുത്തവളല്ല, വെളുത്തവളല്ല. ആര്യയുമല്ല, ദ്രാവിഡയുമല്ല. ചിലപ്പോൾ അവളുടെ കണ്ണുകൾ വലുതും തിളങ്ങുന്നതുമായി തോന്നും. അപ്പോൾ സുന്ദരിയാണ്. അടുത്തനിമിഷം കണ്ണ് ഇടുങ്ങിയതും തെറ്റി കുറിയതുമായി തോന്നും. അപ്പോൾ വിരൂപയാണ്. ചിലപ്പോൾ പുറംചട്ടയിൽ ആത്മസഹജമായ തിളക്കം. ചിലപ്പോൾ കാളന്നപ്പത്തിന്റെ കറുപ്പ്. പരന്ന മൂക്കിന്റെ ഓരം പണംപോലെ വിടരും.

"സ്വദേശമോ, വീടെവിടെ, നിന്റെ?"

"ബോംബെയിൽ."

"അച്ഛനു ജോലിയെന്ത്?"

"സോഡാക്കച്ചവടം. അമ്മയും ഒരു പാർസിയുമായിരുന്നില്ല."

"അവൾക്ക് ഫിലിമിൽ നടിക്കണമെന്ന് സമ്മതമാണോ?"

"അതെ, സർ."

"ഹിന്ദി നന്നായി സംസാരിക്കാനറിയാം."

"അറിയാം, സർ! എനിക്ക് 'ഗസല്'കളോട് (ഉർദുവൃത്തം) വലിയ ഭ്രമമാണ്. എന്റെ ബാപ്പ വലിയ പണ്ഡിതനാണ്. മുൻഷിമാരെ, മീറായി, ദാഗ്, ജിഗർ, ഗാലിബ്—എല്ലാ കവികളുടെയും പുസ്തകമുണ്ട്."

"'ജോഷ്' മലീഹാബാദിയുടെ കവിത വായിച്ചിട്ടുണ്ടോ?"

"ഇല്ല."

"കൃഷൻ ചന്ദറിന്റെ കഥകളോ?"

"അതുമില്ല. എനിക്കു കഥ പിടുത്തമില്ല. ഗസലുകൾ എന്തിഷ്ടമാണെന്നോ! ദാഗ്! ആഹാ ഹാ! ജിഗർ! [illegible]"

"നിനക്കെന്തിനാണു് ജോലി?"

"ഫിലിമിലഭിനയിക്കാനൊരു രസം."

"ബുദ്ധിമുട്ടുള്ള പണിയാണിതു്."

"ബുദ്ധിമുട്ടോ? എന്താണൊരു ബുദ്ധിമുട്ടു്! മേക്കപ്പു ചെയ്യണം. ക്യാമറയുടെ മുമ്പിൽ ചെന്നുനില്ക്കണം. തീർന്നു. ഇതിനാണത്രേ ബുദ്ധിമുട്ടു്!"

"അഭിനയിച്ചിട്ടുണ്ടോ, മുമ്പു്?"

"ഇല്ല, കൊതിയുണ്ടു്. എനിക്കു് ഗസൽ എഴുതിപ്പാടണമെന്നാ! നിങ്ങൾ ഗസൽ എഴുതാറുണ്ടോ?"

"ഇല്ല, പാടിയാൽ കേൾക്കാം."

"അയ്യേ, എനിക്കു വയ്യേ! എനിക്കു സിനിമയിൽ ഒരു പാർട്ടു തരാമോ? എന്താ നിങ്ങളുടെ പേരു്?"

"മധു."

"മധു! അയ്യയ്യ, എന്തു പൊട്ടപ്പേരു്!"

"എങ്ങിനെയറിഞ്ഞു?"

"അറിയാം എനിക്കു്. അതു് കള്ളിന്റെ പേരാ. ഞാൻ കള്ളു കുടിക്കില്ല. എനിക്കു് ജിഗറിന്റെ കവിതയാണു കേൾക്കാനേറെ ഇഷ്ടം."

"ജിഗർ കുടിക്കാറില്ലേ?"

"എനിക്കറിയാം."

"എങ്ങിനെ?"

"എന്നോടു് മേത്താബ് പറഞ്ഞു. ഞാനൊരിക്കൽ ജിഗറിനെ കാണാൻ പോയി. എന്തൊരു സല്ക്കാരം! ചായ, ഒന്നും എത്ര വലിയ നടി! ഞാനിന്നു പറഞ്ഞാലും തീർന്നിട്ടുപോലുമില്ല. വലിയ വലിയ നടികൾക്കു് എന്താണൊരു ഗർവ്വു്. ഇത്ര ഉയരമോ? അല്ലേ? ഒരിക്കൽ ഞാൻ ദേവികാറാണിയെ ഫോണിൽ വിളിച്ചു. ഒരു മറുപടിയുമില്ല. എന്താണിത്രയ്ക്കൊക്കെ ഞെളിയാൻ, അല്ലേ?"

ഞാൻ അവളുടെ സാരിയിലേയ്ക്കു നോക്കി: ഡോബിയലക്കിക്കൊട്ടത്തു്. വെളുത്ത വോയൽ സാരി. ലതകളുള്ള ബോർഡർ.

ഞാൻ പറഞ്ഞു: "ബോർഡർ നന്നു്!"

"നന്ദി, അതെനിക്കറിയാം."

"ആരു പറഞ്ഞു? ജിഗറോ? അതോ മേത്താമ്പോ?"

"ഛെ ഛെ! നിങ്ങക്ക നാണമില്ല ഇതൊക്കെപ്പറയാൻ?" ഇതും പറഞ്ഞു് അവൾ എൻെറ കൈ കടന്നുപിടിച്ചു: "നോക്കട്ടെ. ഞാൻ കൈ നോക്കട്ടെ." ഞാൻ കൈ കാട്ടിക്കൊടുത്തു. അവൾ കൈനോക്കി പലതും പറഞ്ഞു: പ്രേമം, കുടുംബകാര്യം. എല്ലാമെല്ലാവും എനിക്കുമറിയാം അവൾക്കുമറിയാം. ഒടുവിൽ അവൾ പറഞ്ഞു: "എനിക്കൊരു ജോലി തരുമോ?"

ഞാൻ പറഞ്ഞു: "നിൻെറ മേൽവിലാസം ഞാൻ കുറിച്ചെടുത്തിട്ടുണ്ടു്. അതു്........"

അവൾ പറഞ്ഞു: "എനിക്ക നാളെ മറുപടി തരണം."

അവൾ പിറേറദിവസം വന്നു, മൂന്നാം ദിവസവും നാലാം ദിവസവും........അവൾ ദിവസവും വന്നുകൊണ്ടിരുന്നു. ഓരോ തവണയും കയ്യിൽ ഓരോ പുതിയ പുസ്തകമുണ്ടായിരിക്കും. എന്തായാലും പഴയ കവികളുടെ കൃതി—പഴയ കൃതികൾ. അവയിൽ നിന്നു് ഒരിയ സുഗന്ധം വീശിയിരുന്നു. പഴയ കടലാസിൻെറ സുഗന്ധം, പഴയ കാലത്തിൻെറ, പഴയ യൗവനത്തിൻെറ, പഴയ നെടുവീർപ്പിൻെറ സുഗന്ധം. ഓരോ തവണയും അതേ സാരി ഉടുത്തിരിക്കും—ഡോബിയലക്കിക്കൊടുത്തതു്. അതേ ബോർഡർ. അതേ കവിതകൾ വീണ്ടും വീണ്ടും വായിച്ചുകേൾപ്പിക്കും. എല്ലാ ദിവസവും ജോലിയാവശ്യപ്പെട്ടു. ചുമ്മാ, വർത്തമാനം പറയുന്നതിനിടയ്ക്കു് ഒഴുക്കൻമട്ടിനു് അങ്ങോട്ടു ചോദിച്ചതിക്കും. പിന്നെ കവിതപ്പുസ്തകം നിവർത്തുകയായി, വായിക്കാൻ. ജോലിയേക്കാൾ ആ കവിതകളാണു് അവൾക്കിഷ്ടമെന്നു തോന്നും.

ഒരുദിവസം ഞാൻ കമ്പനി ഉടമസ്ഥനോടു് പറഞ്ഞു—"ഒരുപനായികയെ കിട്ടിയിട്ടുണ്ടു്. പേർ സുശീല. കണ്ടാലും നന്നു്. മൂക്കുകൊണ്ടാണു് സംസാരം. കഴിച്ചുകൂട്ടാം."

"മട്ടും മാതിരിയുമെങ്ങിനെ?"

"ഉപനായികയാകാൻ പററിയതാണെന്നേയുള്ളു. ജാരസന്തതിയാണെന്നു തോന്നുന്നു. അവളുടെ അച്ഛൻ പഞ്ചാബിയാണു്. അമ്മ ഒരു പാർസിയുടെ വീട്ടിൽ."

"ഏതാണവൾ?"

"വേശ്യയാണെന്നു തോന്നുന്നില്ല, അർദ്ധവേശ്യയാണെന്നു പറയാം ഒരുപക്ഷേ."

"കടന്നുപോവാൻ പറയൂ."

ഞാൻ വിസമ്മതിച്ചിട്ടും അവൾ വന്നുകൊണ്ടിരുന്നു. ആരോ അവളെ ഉപദേശിച്ചു. ജോസഫ് വിചാരിച്ചാൽ പണി കിട്ടും. അവൾ ജോസഫിനെ സമീപിച്ചു. പിന്നാരോ പറഞ്ഞു—ജമാൽ അവളുടെ കാര്യം നടത്തിക്കൊടുക്കുമെന്നു്. ജമാലിനെ കണ്ടു. ആരോ പറഞ്ഞു, ലാലിനെപ്പിടിക്കാൻ. ലാലിനെപ്പിടികൂടി. ഒടുവിൽ ചുററിക്കറങ്ങി എന്റെയരികിൽത്തന്നെ വന്നു. അപ്പോഴേയ്ക്കുമവൾ സ്ററുഡിയോ മുഴുവൻ ചീത്തപ്പേരു സമ്പാദിച്ചുകഴിഞ്ഞിരുന്നു. കാരണം, അവൾക്കു് ജോലിവേണം, അതു നേടാനുള്ള വഴി മാത്രം അറിഞ്ഞുകൂടാ. അവൾ നാണംകെട്ടു വന്നു പറഞ്ഞുകൊണ്ടിരുന്നു—'എന്നെയെടുക്കൂ, എന്നെയെടുക്കൂ.' ആരും അതിനൊരുക്കമില്ലായിരുന്നു. ഞാൻ അവളെക്കണ്ടു ഉടൻ കണ്ണുരുട്ടി. അവളുടെ തുടർച്ചയായ വരവും പോക്കും എന്നെ മടുപ്പിച്ചുകഴിഞ്ഞിരുന്നു. അവളുടെ ബാധയൊഴിക്കാൻ വഴി അന്വേഷിക്കുകയായിരുന്നു.

"സേബ്!"

"ഉം?"

"നീ വീട്ടിൽ പോ, മേലാലിവിടെ വരരുതു്."

"ഉം."

"നിന്നെ വേണ്ടപ്പോഴം ആളയയ്ക്കും."

"ഉം."

"ടെസബ്'!"

"ഉം?"

"നിന്റെയീ മട്ട്........"

ഞാൻ മുഴുവനാക്കിയില്ല. കാരണം, അവൾ കരയുകയായിരുന്നു.

അവൾ കരഞ്ഞുകൊണ്ടിരുന്നു, ഞാൻ മേശമേൽ വിരൽകൊണ്ടു താളംപിടിച്ചുകൊണ്ടും. പിന്നെ, അവൾ കരച്ചിൽ നിർത്തി ചിരിച്ചുകൊണ്ട് ചോദിച്ചു—"നിങ്ങൾക്കീ കവിത പിടികിട്ടിയോ?

ജീവിതമെത്രയും ഭാരമായ് തോന്നവെ-
യീവിധം പാന്ഥ! നീ, വന്നിതെന്നാലുമേ."

ഞാൻ പറഞ്ഞു: "ഗാലിബിന്റെ കവിത."

"ആട്ടെ, ഇതോ—

ഗാഢസമാഗമമില്ലെങ്കിലെന്തിനാ—
യാധിതൻ മൂടുപടങ്ങളെണ്ണിപ്പൂ ഞാൻ."

ഞാൻ പറഞ്ഞു: "ജിഗറിന്റെ."

അവൾ പറഞ്ഞു: "ഞാൻ പോട്ടെ, അള്ളാ ഇണ്ടസ്സാട്ടെ."

"അള്ളാ ഇണ്ടസ്സാട്ടെ."

സുബൈദ പോയി. അവൾ ആയിഷയുടെ മൂടുപടം വലിച്ചുചീന്തി. ഇപ്പോളവൾ ഒരു ഫിലിം ഏജന്റ് 'മിസ്റ്റർ ബോബാമി'യുടെ കൂടെയാണ്. ബോബാമി അവളെ നല്ല ഫിലിം സ്റ്റാറാക്കാൻ വേണ്ട എല്ലാം ചെയ്യുന്നുണ്ട്. ഇതുവരെ അയാൾ മുന്നൂറോളം യുവതികളെ ഫിലിം സ്റ്റാറാക്കിക്കഴിഞ്ഞിട്ടുണ്ട്. ബോബാമി കൊല്ലംതോറും ഒരു ലക്ഷം ഉറുപ്പിക 'ഇൻകംടാക്സ്' അടയ്ക്കുന്നുണ്ട്. അയാളുടെ പണിതന്നെ പുതിയ പെണ്ണുങ്ങളെ ഫിലിം നടികളാക്കി വില്ക്കുകയാണ്. അയാൾ പറയാറുണ്ട്—ഇതു നല്ലൊരു വ്യവസായമാണ്. നമ്മുടെ നാട്ടിൽ ഇതിനു ഭാവി

ആശ്രയമാണെങ്ങളുള്ളത്. ബാദാമി സുബേദയെ ലോകത്തിലെ തുള്ളകൾ നിറഞ്ഞ വഴിയിൽനിന്നു രക്ഷിച്ചു. അവൾ അതിനു നന്ദിയുള്ളവളാണ്. ഇക്കാലമെല്ലാം അവൾ ബാദാമിയുടെ കൂടെ സിന്ധിലും പഞ്ചാബിലും മദിരോത്സവങ്ങളിൽ നൃത്തം ചെയ്യാൻ പോവും. കഴിഞ്ഞതൊക്കെയും ബാദാമി ഇത്തരം ഒരു യാത്രയിൽ നിന്ന് മൂന്നു ലക്ഷം അടിച്ചെടുത്തു. ഇപ്പോൾ സുബേദയുമൊന്ന് കൂട്ടത്തിൽ. വരവു കൂടാനാണ് വഴി.

സ്വന്തമെ അടുത്തകാലത്തും ഫിലിം സ്റ്റാറാവും. പിന്നീടവൾ തന്റെ വരവിലെ മുപ്പതു ശതമാനം ബാദാമിക്ക് കാഴ്ചവെക്കും. കാമുകപിള്ളേർ അവളുടെ ഇടുങ്ങിയ മനോററിയിലും പതിഞ്ഞ മുഖത്തിലും അന്തസ്സാരസികസഞ്ചാരത്തിലും ഭ്രമിച്ച് വിഷം വിഴുങ്ങുമെന്നുപോലും ഭീഷണിപ്പെടുത്തും. അവളുടെ ചിത്രം നെഞ്ചത്തിലൊട്ടിച്ചുവെയ്ക്കും. എന്നിട്ടു നോക്കി ചന്ദ്രിക നിറഞ്ഞ രാത്രികളിൽ നെടുവീർപ്പിടും. അവൾക്കു മാസത്തിൽ 15 ക. കൊടുക്കാൻ മടിച്ച ഫിലിംമുതലാളിമാർ പത്തു നായിരം ക.യ്ക്ക് തങ്ങളുടെ പുതിയ പടങ്ങളിൽ നടിക്കാൻ ക്ഷണിക്കും. ചിലർ ചിരിക്കും, ചിലർ പഴിക്കും. നിർദ്ദയ, നിർല്ലജ്ജ മുതലായ ശീർഷകങ്ങൾ നല്കി ശപിക്കും. അതെല്ലാം സംഭവിക്കും—അതിലധികവും. കാരണം, 1944 ഡിസംബർ 11-ന് ഉച്ചയ്ക്കു ഞാനും നിങ്ങളും ഒരു യുവതിയുടെ കഥ കഴിച്ചു. ഒരു വേശ്യയാക്കിപ്പിച്ചു. 1944 ഡിസംബർ 11-ന് നട്ടുച്ചയ്ക്ക് ഞാനും നിങ്ങളും സ്വസ്ഥരായ മുഖങ്ങളഞ്ഞു. അന്ധകാരത്തിന്നഭയം നല്കി. 1944 ഡിസംബർ 11-ന് എന്റേയും നിങ്ങളുടേയും മുമ്പിൽ ഒരു ചോദ്യചിഹ്നം വന്നു. അതിനു മറുപടിയായി ഞാനും നിങ്ങളും ഒരു യുവതിയുടെ മുഖത്തു കരിവാരിത്തേച്ചു. കാരണം, സ്വന്തമെ ഒരു യുവതിയല്ലായിരുന്നു. അവൾ ആറു യുവതികളായിരുന്നു. ആറല്ല, ഏഴ്. എന്താണെന്നോ? ഇതിൽ ഇനിയും എഴുതാനിരിക്കുന്ന കഥയിലെ ആ സുബേദയും—അവൾക്ക് ഇതുമായി ബന്ധമൊന്നുമില്ലെങ്കിലും—പെടും.

# അന്ധന്മാർ

ചൗക്ക്ബസ്തിയ്ക്കുള്ളിൽ കോച്ചാപീർ ജഹാംസിയിൽ ഹിന്ദുക്കളുടേതായി വീടു രണ്ടേയുള്ളു. ഒന്നു ഒരു മൂന്നുനിലമാളിക. തെരുവിൽ ഏററവും ഉയരമുള്ളതും ഭംഗിയുള്ളതുമായ ഈ മേടം ലാലാ ബംശീരാംഖത്രിയുടേതാണ്. ഇയാൾ പഞ്ചാബി ഖത്രിയല്ല; യു. പി. ഖത്രിയാണ്. എപ്പോഴും ഹിന്ദുസ്ഥാനിയിലേ സംസാരിക്കുകയുള്ളു. അതിനാൽ പഞ്ചാബികൾക്കെല്ലാം അയാളെ വെറുപ്പാണ്. പഹയന്മാരുടെ നാവ് നല്ല കത്തിരപോലെയാണ് ചലിക്കുന്നതു്. അയാളുടെ കുടുംബത്തിലെ സ്ത്രീകൾ വലിയ പാട്ടുകാരും നൃത്തക്കാരുമാണ്. എപ്പോഴും റേഡിയോ തുറന്നുവെച്ചും. പുഷ്പ—ആ വീട്ടിലെ ഏററവും പ്രായംകുറഞ്ഞ അവൾക്ക് പതിനാറ് പതിനേഴ് വയസ്സുകാണും. എപ്പോഴും മൂന്നാംനിലയിൽ കയറി എന്നെ ഭ്രമിപ്പിക്കാൻ നൃത്തം ചെയ്യും. ഞാൻ എന്റെ വീട്ടിൽനിന്നും അവൾ അവളുടെ വീട്ടിൽനിന്നും പരസ്പരം സ്നേഹിച്ചുതുടങ്ങി. പക്ഷേ, ഞാൻ മുസൽമാനാണ്. അവൾ ഹിന്ദു. ഞാൻ ചെരുപ്പുകുത്തി. അവൾ ഖത്രി. അതും യു. പി.യിലെ. പോരെങ്കിൽ പുഷ്പയെന്നു, ആ വീട്ടിലെ ആരും ഒററയ്ക്കു തെരുവിലിറങ്ങി നടക്കുന്നതു കണ്ടിട്ടില്ല. അവർ ലാറൻസ്പാർക്കിൽ നടക്കാൻ പോകുന്നതും കാറിലാണ്. നമ്മുടെ വീട്ടിലെ സ്ത്രീകളാണെങ്കിൽ തനിയെയാണ് ചന്തയിൽ പോകാനും സാമാനങ്ങൾ വാങ്ങാനും മററും. പർദ്ദാസമ്പ്രദായംപോലും ആചരിക്കാൻ നിവൃത്തിയില്ല. ഈ

നാലഞ്ചു് തെരുവിലെ എല്ലാ മാന്യമുസൽമാൻകുടുംബങ്ങൾക്കും മാലാ ബംശിയാം ഖത്രിയയോടു് അരിശമുണ്ടു്. അക്കൂട്ടരിലെ ഇക്കൂട്ടർ വല്ലാത്ത ഇബിലീസുകളായിരുന്നു. മുസൽമാന്മാരെ കൊല്ലുന്നതാത്തവരായി കൂട്ടിയിരുന്നു. സത്യസന്ധതയുടെ കാര്യമാണെങ്കിൽ ഏറ്റവും കാഫിറാണു് മുസൽമാന്മാരെ ചതിക്കാനിവനിട്ടുള്ളളു്! ഹിന്ദുവിന്നു് മുസൽമാന്റെ മനസ്സു കിട്ടില്ല. മുസൽമാൻ ഉള്ളതു് തുറന്നു തെളിച്ചുപറയും. അതേസമയം ഹിന്ദു വായിൽ തേനും മനസ്സിൽ വിഷവുംവെച്ചു സംസാരിക്കും. "ഹിന്ദുവിന്റെ മേനോനെ" വിശ്വസിച്ചാൽ തുലഞ്ഞതുതന്നെ.

രണ്ടാമത്തെ വീടു് രാമനാരായണൻ ബ്രാഹ്മണന്റേതാണു്. അതില്ലു് എന്റെ വീട്ടിന്നു മുമ്പിൽതന്നെയാണു്. രാമനാരായണന്റെ അമ്മ ഒരുത്തി മതി വഴക്കിന്നു്. അവരാം തനിച്ചു ഒരു രോഗം. ബാക്കിയെല്ലാ പെണ്ണുങ്ങളും മഹാരോഗം. എന്നിട്ടു് തെറിയും പുലഭ്യവും പറയാനാരംഭിട്ടു തുടങ്ങിയാൽ അവരെല്ലാം കാണാനുമില്ല. പറയുന്നതു അത്ര അറയ്ക്കുന്ന ഭാഷയിലായിരിക്കും. കേൾക്കുന്നവരുടെ കരളു് കത്തിപ്പൊരിഞ്ഞുപോവും. നാട്ടുനാട്ടിൽ പെരുപ്പകുത്തി പെണ്ണുങ്ങളാണു് വളിച്ച തെറിയും പൂച്ച പുലയാട്ടും പറയുന്നതിൽ പരമപ്രസിദ്ധികൾ. പക്ഷേ, രാമനാരായണന്റെ പിടികയ്യും മുമ്പിൽ അവരും മൂട്ടകളാണും. അവരെവക്കൊക്കാക്കും അവരെ കണ്ണിന്നു കണ്ടുകൂടാ. രാമനാരായണൻ മാന്യനായ ഒരു ബ്രാഹ്മണനാണു്. പശുവിനാലപ്പോലുള്ള പൂജകൾ നടക്കും. അത്രതന്നെ സന്ധ്യ. എപ്പോഴും ശാസ്ത്രഗ്രന്ഥങ്ങളിൽ മുഴുകിയിരിക്കും. സംസാരിക്കുമ്പോൾ സദാ ചിരിക്കും. ഞാൻ ഒരിക്കലും അയാൾ തെറി പറയുന്നതു കേട്ടിട്ടില്ല. ആരെയും പറഞ്ഞതായി അറിഞ്ഞിട്ടില്ല. ആരോടും വക്കാണങ്ങളിലേ വട്ടുംകൂട്ടാറില്ല. ഇങ്ങിനെയുള്ളവരെ എന്തിന്നു കൊല്ലണം? അങ്ങിനെ എന്തായാലുമില്ല, വഴക്കിന്നു്. മാററാൻ ഉത്ര ശ്രമിക്കയും വാനാണെങ്കിൽ ഞങ്ങൾ അയാളോടു തല്ലിടാനൊന്നും മുതിർന്നില്ല. അയാളോടു മല്ലിടാൻ കൊതിതന്നെയുണ്ടു്. പക്ഷേ, അവരെ

മാത്രമേ ഗതിയുള്ളു. എനിക്കു് ഇങ്ങനെയുള്ളവരെ അറ പുച്ഛ മാണു്. ഒരേ തെരുവിൽ താമസിക്കുന്നു. പാത്രങ്ങൾപോലും അടുത്തടുത്തു വെച്ചാൽ കൂട്ടിമുട്ടും. ഇയാളാണെങ്കിൽ അനങ്ങാൻ ഭാവമില്ല. എപ്പോഴും നോക്കിയാലും നനഞ്ഞ പൂച്ചയെപ്പോലെ തലയുംതാഴ്ത്തി തെരുവിൽക്കൂടെ വരുന്നതു കാണാം. ആരെങ്കിലും വിളിച്ചാൽ മുപ്പത്തിരണ്ടു പല്ലും പുറത്തുകാട്ടി കൈകൂപ്പി നില്ക്കും. വല്ലാത്ത പഹയൻ.

രാമനാരായണനു് മൂന്നു പെൺമക്കളുണ്ടു്. മൂന്നുപേരും പഠിക്കുന്നു. നാലാമത്തെ കുഞ്ഞിനു് ഒരു വയസ്സാകും. അതിന്നെ ഞാൻ സാധാരണയായി രാമനാരായണന്റെ ഭാര്യയുടെ മുലകളിൽ പററിപ്പിടിച്ചു കിടക്കുന്നതു് വാതിൽക്കൽ നിന്നു കാണാറുണ്ടു്. ഈ ഹിന്ദുസ്ത്രീകൾ എത്ര നാണംകെട്ട വർഗ്ഗം. പർദ്ദയില്ല, നാണമില്ല, അഭിമാനമില്ല. എല്ലാവരും കാൺകെ മാറും തുറന്നിട്ടു് മുല കുടിപ്പിക്കും കുട്ടികളെ. അവററയും പുറത്തിച്ചരത്തി കളിക്കും. മാത്ര—

ലഹള തുടങ്ങിയപ്പോൾ ആദ്യം ഇവിടെ ഒരു സമാധാന കമ്മററി കൂടി. അതിൽ രാമനാരായണനും ബംശീറാംഖത്രിയും പങ്കെടുത്തു. ഞങ്ങളും കുഴപ്പത്തിലൊന്നും തലയിട്ടില്ല. മുസൽമാന്മാരുടെ പ്രതിനിധിയായി ഞങ്ങൾ പള്ളിഖതീബ മുല്ലയെയും ചിറകുചാപ്രക്കാരൻ ഫതഹ്മുഹമ്മദിനെയും അയച്ചു. വാസ്തവത്തിൽ സമാധാനക്കമ്മിററിയിൽ ഞങ്ങൾ ഹാർദ്ദമായി സഹകരിച്ചില്ല. വല്ല വഴക്കും കശ്ശേററമോ കത്തിക്കുത്തോ നടന്നാൽ രസമുണ്ടു്. ഇതെന്തു്! ഉള്ളുകൊണ്ടു് ബദ്ധശത്രുക്കൾ. പുറംകൊണ്ടു് സമാധാനക്കമ്മിററി. ഞങ്ങൾ വിചാരിച്ചു, അവരുടെ കമ്മിററിയും കിമ്മിററിയും. അതൊന്നും ഇവിടെ നടപ്പില്ല മോനെ,

ലാലാബംശീറാംഖത്രി വല്ലാതെ പരിഭ്രമിച്ചിരുന്നു. അയാളാണു് സമാധാനക്കമ്മററിയ്ക്കോടിനടന്നതു്. ഫതഹ്മുഹമ്മതു് അയാളോടു തുറന്നുപറഞ്ഞു. മര്യാദയ്ക്കിരുന്നാൽ ആരും തൊടില്ല.

വെറുതെ കിടന്നു തൊള്ളതുറന്നാൽ പ്രാണനും പണവും അപകടത്തിലാവും. ബംശീറാം തൊഴുതു പറഞ്ഞു—'ഞങ്ങൾ അമ്പതു കൊല്ലമായി നിങ്ങളുടെ അയൽവാസികളാണു്. എന്റെ മുത്തച്ഛൻ ലാലാസുലഖൻലാൽ ആണററി മജിസ്ട്രേട്ടും ഇവിടെത്തന്നെയാണു് താമസിച്ചിരുന്നതു്.' ഇതുകേട്ടു് വൃദ്ധനായ പീരുബക്ഷ് പറഞ്ഞു—"കേൾക്കണോ എനിയ്ക്കയാളുടെ വർത്തമാനം. അവനെപ്പോലെ ഒരു ഹറാമിയെ ഞാൻ കണ്ടിട്ടില്ല. എന്റെ മോനെ ആറുമാസം ജയിലിലാക്കിയതു് അയാളാണു്. പത്തുറുപ്പിക മോട്ടിച്ചതിന്നു് അത്രയൊക്കെ ചെയ്യാനുണ്ടോ!" വൃദ്ധൻ ഇനിയും എന്തൊക്കെയോ പറയാൻ തുടങ്ങിയതാണു്. എല്ലാവരുംകൂടി അയാളെ പിടിച്ചിരുത്തി. ബംശീറാമിന്നരിശം മുഴുത്തു. പക്ഷേ, മിണ്ടിയാൽ രക്ഷയില്ലെന്നറിയാമായിരുന്നു. വല്ലതും പറഞ്ഞുപോയെങ്കിൽ പുറം കണ്ടറിയാതെ വിടുമോ? അതിന്നു വേണ്ടിത്തന്നെയായിരുന്നു പലരും അവിടെ ചെന്നിരുന്നതു്. അനാവശ്യമായി വായിൽ നാവിട്ടിളക്കിയാൽ അവിടെത്തന്നെ നിർത്തി തൊലിയുരിച്ചുവിടും. പോകട്ടെ. അതു സമാധാനക്കമ്മിററിയായിരുന്നു. എത്ര ദിവസത്തേയ്ക്കുണ്ടു്? അതുങ്ങനെ തീർന്നു.

ആളും ആരും അനങ്ങിയില്ല. ബിഹാറിൽ മുസൽമാന്മാരുടെ സ്ഥിതി അപകടത്തിലായപ്പോൾ ഞങ്ങളുടെ ചോര തിളച്ചുതുടങ്ങി. ഈ കബൃജാഹിലങ്ങളു് തലയിൽ കേറിത്തുടങ്ങിയല്ലോ. ഇന്നലെവരെ ഞങ്ങളായിരുന്നു ഇന്ത്യയിലെ ചക്രവർത്തിമാർ. അന്നു ഈ പരിപ്പുതിന്നികളായ കാഫിറങ്ങൾ ഞങ്ങളുടെ ചെരിപ്പു നക്കി നടന്നു. ഇന്നു് ഇടയ്ക്കു് ഊററമായോ?

അതിനാൽ ഞാൻ രഷീദിക്ക, മോച്ചീകരീമു്, ഗല്ലാഫയൽവാൻ, വേറെയും അയൽപക്കത്തുള്ള എട്ടുപത്തു നല്ല ചെറുപ്പക്കാർ ചേർന്നു് ഹിന്ദുക്കളെ അതിന്റെ രസമനുഭവിപ്പിക്കണമെന്നുറച്ചു. പള്ളിയിലെ മുല്ലക്ക പ്രോത്സാഹിപ്പിക്കുന്നതിന്നു പകരം ഞങ്ങളെ ശാസിച്ചു. ഞങ്ങൾ ഒന്നും പറഞ്ഞില്ല.

രഹസ്യമായി 'സ്റ്റീം' തയ്യാറാക്കി. നാലഞ്ചുദിവസത്തിനകം ഭാര്യമാരേയും കുട്ടികളേയും മാട്ടിഗേററിലയച്ചു. കാരണം, പൗരബസ്തിയിലെ പിർജഹാസി മുസൽമാന്മാരധികമുള്ള തെരുവാണെങ്കിലും ഷാഹ്ആലമിഗേററ് എല്ലാസമയത്തും അവർക്കവിടെ ആക്രമിക്കാം.

അല്പദിവസത്തിനകം ലഹള തുടങ്ങി. തുടങ്ങിവെച്ചത് ഹിന്ദുക്കളാണ്. കൃഷ്ണ സ്ട്രീററിൽ കിഷൻനഗരിയിൽ........ ഹിന്ദുക്കൾക്ക പ്രാബല്യമുള്ള തെരുവിലെല്ലാം. പിന്നെ ഞങ്ങൾ എങ്ങിനെ വെറുതെയിരിക്കും? മുസൽമാന്മാർ ദരിദ്രരായിരിക്കാം, മാന്യന്മാരായിരിക്കാം, കൊള്ളരുതാത്ത പരമമായവം എന്നാലും അവർ ഭീരുക്കളല്ല. ഒരിക്കൽ അല്ലാഹുവിന്റെ പേരും പറഞ്ഞു ലാഹോറിലെ മുസൽമാന്മാർ എഴുന്നേററപ്പോൾ രണ്ടുദിവസം കൊണ്ട് ഹിന്ദുക്കളും സിക്കുകാരും കുട്ടികളെപ്പോലെ കരച്ചിലൊപ്പാൽ ഓടിവന്നു. അക്ബരിഗേററുമുതൽ മാട്ടിഗേററുവരെ, ഷാഹ്ആലമിമുതൽ ശാഹിമഹല്ലുവരെ നിലവിളിയുടെ മുദ്രാവാക്യങ്ങൾ മുഴങ്ങി. ബനിയന്മാർ, ലാലാജിമാർ, ഖത്രികൾ— എല്ലാവരും അവരുടെ തള്ളമാരുടെ മടിയിലൊളിച്ചു.

കോച്ചാപിർജഹാസിയിലെ മുസ്ലീം യുവജനങ്ങൾ എങ്ങിനെ വെറുതെയിരിക്കും? ആദ്യമായി ഞങ്ങൾ ലാലാ ബംശീരാം ഖത്രിയുടെ വീട്ടിൽ കടക്കാൻ ശ്രമിച്ചു. പക്ഷെ, ആ ഒറ്റപ്പിറന്നവൻ ഉറച്ച ഏർപ്പാടുകൾ ചെയ്തിരുന്നു. ഇരയിടെയാണ് ഇരുമ്പുവാതിൽ വച്ചിച്ചത്. വീടിന്റെ പുറകിലുള്ള തെരുവിൽ ഹിന്ദുക്കളായിരുന്നു അധികം. സ്രബൽ സ്റ്റ്രീററിൽ—അവിടെ പല മുസൽമാന്മാരുടേയും കഴുത്തറുത്തുകഴിഞ്ഞിരുന്നു. മുൻവശം ഇരുമ്പുവാതിലും. ഒടുവിൽ നിവൃത്തിയില്ലാതെ വീട്ടിനു തീവെച്ചു. എന്തുചെയ്യാം? അയാളുടെ വീട്ടിൽ വളരെ വിലപിടിച്ച വസ്തുക്കൾ ഉണ്ടായിരുന്നു. ആഭരണങ്ങളും അരിയും ഒന്നും കിട്ടിയില്ല. വീടങ്ങനെ കത്തി; ഉണങ്ങിയ വിറക് അടുപ്പിൽ എരിയുംപോലെ. ലാലാ ബംശീറാം രക്ഷപ്പെടാൻ തന്നെ ശ്രമിച്ചു.

ഒന്നും ഫലിച്ചില്ല. പല ചക്കരവാക്കും പറഞ്ഞു, പഞ്ചാരവാക്കുകൾ പൊഴിഞ്ഞു. ഞങ്ങൾക്കതു കേട്ടു ചിരിവന്നു. എനിക്കു പുഷ്പയുടെ മരണത്തിലേ സങ്കടമുള്ളു. ആവുമെങ്കിൽ ഞാൻ അവളെ രക്ഷിച്ചേനെ. അവൾ വീട്ടിനകത്തു് ജീവനോടെ കത്തിയെരിച്ചു. രക്ഷിക്കാൻ സാധിച്ചില്ല. എങ്ങനെ സാധിക്കും? ആളുകൾ പറയും, മുസൽമാൻ ഹിന്ദുവിനോടു് പക്ഷപാതം കാണിക്കുന്നു. അതോർത്തു മിണ്ടിയില്ല. മരിക്കുമ്പോൾ അവളുടെ സ്ഥിതി എന്തായിരുന്നിരിക്കും? മൂന്നാംനിലയിലേക്കു് അവൾ കയറിപ്പോകുന്നതു കണ്ടു. പരിഭ്രമത്തോടെ ഓടുകയായിരുന്നു. ബാംശീരാമിന്റെ ഭാര്യയുടെ വസ്ത്രങ്ങൾ കത്തിക്കൊണ്ടിരുന്നു. അവൾ മൂന്നാംനിലയിൽനിന്നു് താഴത്തേക്കു ചാടി. എരിയുന്ന തീയിൽനിന്നു് ആർക്കു രക്ഷപ്പെടുവാൻ കഴിയും?

ബാംശീരാമിന്റെ വീടു കത്തിക്കഴിഞ്ഞപ്പോൾ എല്ലാവരും രാമനാരായണബ്രഹ്മണന്റെ വീട്ടിലേക്കു നോക്കി. അതവിടെ ഒരു ചോദ്യചിഹ്നമായി നില്ക്കുന്നുണ്ടായിരുന്നു. എല്ലാവരും അങ്ങോട്ടു നടന്നു. അതു സാധാരണമട്ടിലുള്ള ഒരു വീടായിരുന്നു. അകത്തുനിന്നു ഒരു സാക്ഷയിട്ടിരുന്നു. വാതിൽ മുട്ടി. യാതൊരനക്കവുമില്ല. റഷീദും ഖാനും ഗല്ലഫയൽമാനും കൂടി വാതിൽ തള്ളിത്തുറന്നു. മുമ്പിൽതന്നെ രാമനാരായണൻ കൈകൂപ്പിക്കൊണ്ടു് നിന്നിരുന്നു. പാവം! കിടുകിടെ വിറയ്ക്കുന്നുണ്ടായിരുന്നു.

റഷീദ് ചോദിച്ചു: "എന്തെടോ സ്വാമീ, വാതിൽ തുറക്കാതിരുന്നതു്?"

"അതോ.... അതു്.... ഞാൻ ഉറങ്ങുകയായിരുന്നു."

എനിക്കു വല്ലാത്ത ചിരിവന്നു. ഞാനടക്കി.

ഗല്ലഫയൽമാൻ പറഞ്ഞു: "ഇനിയെന്തിനാ ഇവിടെനിന്നു ചിണുങ്ങുന്നതു്? നടക്കു് പുറത്തേക്കു്."

"പുറത്തെന്തു ചെയ്യാനാണു്?"

"ഇറങ്ങെടാ പുറത്തു്!" ഗല്ലഫയൽമാൻ അയാളുടെ കഴുത്തിൽ കൈവെച്ചു് പുറത്തേക്കു തള്ളി. അയാൾ വാതിൽപ്പടിയിൽക്കൂടി

പ്പുറത്തേയ്ക്കു വീഴുവാൻ തുടങ്ങുകയായിരുന്നു. കൂട്ടത്തിൽ കത്തി കൊണ്ടു് പുറത്തൊരു കുത്തും. അയാൾ അവിടെത്തന്നെ ഉരുണ്ടു വീണു് പിടയുവാൻ തുടങ്ങി. അയാളുടെ അമ്മ തല്ലിയലച്ചു കരഞ്ഞു കൊണ്ടു് പുറത്തേയ്ക്കു വന്നു. അവളെയും കത്തികൊണ്ടു് കാച്ചി കളഞ്ഞു. അവളും അവിടെത്തന്നെ വീണു. സ്വന്തം മകന്റെ പിടയുന്ന ദേഹത്തിൽ പിന്നെ രാമനാരായണന്റെ ഭാര്യയുടെ ഊഴമായി. അവരും അധികം കുഴപ്പത്തിനൊന്നിനില്ല. നാലു മക്കളുടെ അമ്മ, കാണാൻ കൊള്ളുന്ന തരം. ആരും അവരെ രാജ്ഞിമാരാക്കാൻ ഇഷ്ടപ്പെട്ടില്ല. എന്നാലും ആശ്ചര്യം! അവ ളുടെ ഇളയ മകൻ അപ്പോഴും തൊട്ടിലിൽ കിടന്നുറങ്ങുകയായി രുന്നു. ഞങ്ങൾ തൊട്ടിലിനെ സമീപിച്ചു. അവൻ ഉറങ്ങുക യാണു്. റഷീദ് കത്തി ഓങ്ങി. എന്റെ കൈ അറിയാതെ അവനെ വിലക്കി.

"എന്താ," റഷീദ് പറഞ്ഞു: "സർപ്പക്കുഞ്ഞാണു്."

"പോകട്ടെ," ഞാൻ പറഞ്ഞു: "വലുതായാൽ കാച്ചാമല്ലോ."

"അല്ല—"

"അല്ല." ഞാനും ഉറപ്പിച്ചു പറഞ്ഞു: "വിട്ടു് അവനെ."

വാസ്തവത്തിൽ എനിക്കു് എന്റെ പിഞ്ചുപൈതലിനെക്കുറിച്ചു ഓർമ്മ വന്നു. അവനും ഒരു വയസ്സായി. കുട്ടിയെവിട്ടു ഞ ങ്ങൾ വിലപ്പെട്ട സാമാനങ്ങൾ അന്വേഷിച്ചു. ആയിരം ആയിരത്ത ഞ്ഞൂറു ഉറുപ്പികയുടെ ആഭരണങ്ങൾ കിട്ടി. എണ്ണൂറുറുപ്പിക രൊക്കവും. പെട്ടിയിൽ സ്കൂളിൽ പോയിരുന്ന കുട്ടികളുടെ ഉടുപ്പും രാമനാരായണന്റെ അമ്മയുടെ കല്യാണത്തിനു് കിട്ടിയ സാരികളും ഉണ്ടായിരുന്നു. പിന്നെ രാമനാരായണന്റെ ഭാര്യയുടെ വസ്ത്രങ്ങളും എല്ലാം വീതിച്ചെടുത്തു. എനിക്കു് എട്ടു സിൽക്ക സാരി കിട്ടി. ആഭരണങ്ങളിൽനിന്നു് ഞാൻ എന്റെ ഭാര്യയ്ക്കു് ഒരു് കണ്ഠാഭരണവും ഒരു ചൂഡാമണിയും എടുത്തു. എല്ലാം കെട്ടിപ്പൊതിഞ്ഞു് ഞങ്ങൾ മുദ്രാവാക്യങ്ങൾ മുഴക്കി. പുറത്തു്

തറ ചോരകൊണ്ടു് ചുകന്നിരുന്നു. ചപ്പുചവറുകൾക്കിടയ്ക്ക് ഓടക്കരികെ രാമനാരായണന്റെയും അമ്മയുടെയും ഭാര്യയുടെയും ശവങ്ങൾ കിടന്നിരുന്നു. മുമ്പിൽ ബംശീറാമിന്റെ വീട്ടു് കത്തുന്നു. ഇരിമ്പുവാതിലിന്നു മുമ്പിൽ അയാളുടെ ഭാര്യയുടെ ശവം കിടക്കുന്നു. അവൾ മൂന്നാംനിലയിൽനിന്നു ചാടുകയാണുണ്ടായതു്. വീടുകൾ നിശ്ശബ്ദം. കടകൾ എല്ലാം അടച്ചിരുന്നു. തെരുവുകൾ ജനശൂന്യം. അങ്ങാടി മരുഭൂമിപോലെ കിടക്കുന്നു. അവിടവിടെ ലീഗിന്റെ കൊടികൾ നാട്ടിയിട്ടുണ്ടു്. ഞങ്ങൾ പലവഴി പിരിഞ്ഞു് അവരവരുടെ സ്ഥലത്തേക്കു തിരിച്ചു. ഞാനും റഷീദും ഭാട്ടീഗേററിലേയ്ക്കാണു് പോയതു്. അവിടെ ഠാഠർബാറിന്റെ പുറകിൽ ചാച്ചാന്ദ്രാഫിയുടെ വീട്ടിലായിരുന്നു ഞങ്ങളുടെ കുടുംബത്തെ പാർപ്പിച്ചിരുന്നതു്.

ഠാഠർബാറിന്റെ അരികെ ഒരു വലിയ സംഘം മുസൽമാന്മാരെ കണ്ടു. അവർ അള്ളാ അക്ബർ എന്നു വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു. ചോദിച്ചപ്പോൾ അവർ പറഞ്ഞു—ദർശൻ നഗരത്തിലെ ഹിന്ദുമഹാസഭക്കാർ ഠാഠർബാറിനെ പുറകിൽനിന്നാക്രമിച്ചു. ഞങ്ങൾ വീട്ടിലേയ്ക്കോടി. വഴിക്കു് ചാച്ചായെ കണ്ടു. അയാൾ തലയടിച്ചുകൊണ്ടു പറഞ്ഞു: "മോനേ, എല്ലാം തുലഞ്ഞു."

"എന്തു പററി?" ഞാൻ പരിഭ്രമത്തോടെ ചോദിച്ചു.

"ഹിന്ദുക്കൾ നമ്മുടെ വീടിന്നു തീവെച്ചു. നിന്റെ ചാച്ചി അതിൽപ്പെട്ടു........"

"എന്റെ ഭാര്യയോ?"

"കാഫിറുകൾ അവളെയും വിട്ടില്ല."

വീടു് കത്തി ചാമ്പലായിരുന്നു. തീ ഇനിയും കെട്ടിട്ടില്ല. വാതില്ക്കൽ എന്റെ ഭാര്യയുടെ ശവം കിടന്നിരുന്നു. അവളുടെ തല ആരോ ചതച്ചുകളഞ്ഞു. എന്റെ മൂത്തമകൻ ദാവൂദ്—ആറുവയസ്സുള്ള ഓമന ദാവൂദ്—അടുത്തു മരിച്ചുകിടക്കുന്നു. അവന്റെ കഴുത്തിൽ ഒരു വലിയ വെട്ടുണ്ടായിരുന്നു.

ഞാൻ എന്റെ കുഞ്ഞുങ്ങൾക്കു വസ്ത്രങ്ങൾ കൊണ്ടുവന്നിരുന്നു. ഭാര്യയ്ക്ക് ചൂഡാമണിയും പട്ടുസാരിയും. എന്തിനായിരുന്നാവോ!

ഞാൻ ചാച്ചയോടു ചോദിച്ചു: "എന്റെ ആളുകൾ എവിടെ?"

ചാച്ച പറഞ്ഞു: "അവരെ കാഫിറുകൾ ആദ്യം ഓടിച്ചുവിട്ടു. അപ്പോൾ ആരോ പറഞ്ഞു, 'ഇവൻ സർപ്പങ്ങളാണ്'. ഉടൻ അവന്റെ മേലും പെട്രോൾ ഒഴിച്ചു. ഒരു കീടത്തെപ്പോലെ ആളുമ്പോ."

ഒരു മൂലയിൽ ഏതാനും കരിഞ്ഞ എല്ലുകളും തലയും. പിച്ചുതല!

"നിങ്ങളൊക്കെ എന്തു ചെയ്യുകയായിരുന്നു, ചാച്ചാ?"

"പുരുഷന്മാരാരും ഉണ്ടായിരുന്നില്ല. ഞങ്ങളെല്ലാം കടയിലും പോയിരുന്നു. ആരറിഞ്ഞു ഞങ്ങളില്ലാത്ത സമയം നോക്കി ആക്രമിക്കുമെന്ന്. അതും പെണ്ണുങ്ങളെ...."

ഞാൻ ആഭരണങ്ങളും വസ്ത്രങ്ങളുമെല്ലാം ഭാര്യയുടെ ശവത്തിനരികെ വെച്ചു പറഞ്ഞു: "നീയാണ് സത്യം, ഞാനിതിനു പകരം ചോദിച്ചില്ലെങ്കിൽ എന്റെ ഉപ്പാപ്പായുടെ മോനല്ല, പന്നിയുടെ മോനാണ്." ഇത്രയും പറഞ്ഞു ഞാൻ കണ്ണീരൊപ്പിക്കൊണ്ടോടുന്നു.

റഷീദ് എന്നെ പിന്തുടർന്നു.

"ഇനി എവിടെ പോണു? പോലീസ് വരുന്നുണ്ട്." ആരോ പറഞ്ഞു.

"പോലീസിന്റെ അമ്മേന്റെ....ഞാൻ നേരെ ആ വഴിക്കിലേക്കു പോണു. ധൈര്യമുള്ളവൻ വരട്ടെ. അല്ലാ അക്ബർ!"

# ആൻഗി

൧

പാന്ഥൻ ആകാശത്തിലേയ്ക്കു ദൃഷ്ടിയുയർത്തി—ആകാശത്തിന്റെ കനകമെന്ന നീലിമയാന്ന സമുദ്രത്തിൽ ശുഭ്രമേഘശകലങ്ങൾ നീന്തിത്തുടിച്ചുകൊണ്ടിരുന്നു. അവയ്ക്കു താഴെ കഴുകന്മാർ ചുറ്റിപ്പറന്നു. കഴുകന്മാർ! അയാൾ കിതപ്പോടെ നെറ്റിയിലെ വിയർപ്പു തുടച്ചു—ഇപ്പോൾ എവിടെയെങ്കിലും ഗ്രാമം അടുത്തിരിക്കണം. കഴുകന്മാർ മനുഷ്യനിവാസത്തിന്റെ സൂചനയാണ്. പരുന്തുകൾ, കാക്കകൾ, കഴുകന്മാർ, മനുഷ്യർ—ഈ വക ജീവികൾ പരസ്പരം ആശ്രയിച്ചു കഴിയുന്നവയാണ്. ഇങ്ങിനെ ജന്തുശാസ്ത്രത്തിന്റെ അടിസ്ഥാനതത്വങ്ങളെ പലപാടും ചിന്തിച്ചുകൊണ്ട് അയാൾ വളരെ വഴി നടന്നു. പലയിടത്തും കുത്തനെയിറക്കം. ചില ഭാഗത്തു വാനത്തെത്തുന്ന കയറ്റം. അതിന്റെ ഉത്തുംഗങ്ങളിൽ കയറി നോക്കിയാൽ കൊടുമുടികളിൽ മേഘങ്ങൾ മാളികപണിയുന്നതുപോലെ തോന്നും. കൊടുമുടിയിലെത്തിയാൽ ആ മേഘസൗധങ്ങൾ മേലോട്ടുയർന്ന് ആകാശത്തിൽ തൂങ്ങിക്കിടക്കും. മേഘങ്ങളിൽ എന്തെല്ലാം തട്ടിപ്പുകളുണ്ട്! പാന്ഥന്റെ മായാത്ത ഉള്ളിൽ ഒരൊറ്റ വരിയ്ക്ക് തിരിഞ്ഞു—മഹാത്മാബുദ്ധന്റെ വാക്കും ശരിയാണ്—'പ്രകൃതി ഒരു മരീചികയാണ്!' അയാൾ വീണ്ടും ആകാശത്തിൽ നീന്തുന്ന മേഘങ്ങളെ നോക്കി. വെള്ളക്കുതിരകൾ, തിളങ്ങുന്ന താജ്മഹലുകൾ, നാലുപാടും യമുനയുടെ തീരങ്ങളിലും. അയാൾ ചിന്തിച്ചു—ഈ സ്ഫടികഭവനങ്ങളെ ആരാണ് നിർമ്മിച്ചത്? ഏതാണാ ഷാജഹാൻ? ഏതു പ്രിയതമയുടെ സ്മാരകമായി?

പാതമൻ ഇതെല്ലാം തന്നോടുതന്നെ സംസാരിച്ചുകൊണ്ട് മേലോട്ടു കയറിപ്പോകുന്നു. കാററിന്നു തണുപ്പു കൂടിക്കൂടിവന്നു. സൂര്യൻ പടിഞ്ഞാട്ടു തിരിച്ചുകഴിഞ്ഞിരുന്നു. മുൻപിൽ അകലത്തായി പർവ്വതങ്ങളിൽ ദേവദാരുക്കളുടെ നിബിഡവനങ്ങൾ നിന്നിരുന്നു. അവയുടെ കനത്ത പച്ചനിറത്തിൽ അസ്തമനസൂര്യന്റെ കിരണങ്ങൾ പുകപ്പുകരയിട്ടു. ഈ നിറമെന്താണ്? നീല, മഞ്ഞ, പച്ച, ഒരു മഴവില്ലിൽ എല്ലാ നിറവും — ഒരു മഞ്ഞുമലയിൽ ഒരു മഴവില്ല്! ആശ്ചര്യം! എന്തൊരു ലോകമാണിതു്? താനെങ്ങോട്ടാണ് പോകുന്നതു്? ആ ഗ്രാമം, എന്താണതു കാണുന്നതു്?

അവസാനം ഭാണ്ഡം തോളിലേക്കു കയററി, വടി നിലത്തു കുത്തി, വഴിയിൽ നിന്നു, ചുററും നോക്കി— നിശ്ശബ്ദത! അന്തമില്ലാത്ത നിശ്ശബ്ദത! പെട്ടെന്നു് ഒരു മണിമുഴക്കം. അനേകം ചെറുതുകളിലേയും വലുതുകളിലേയും മണികൾ ഒന്നിച്ചു മുഴങ്ങുന്നതുപോലെ. അതു തനിക്കു സ്വാഗതമരുളുകയാണെന്നു തോന്നി. അവയുടെ ശിഞ്ജിതം ഉപര്യുപരിയെ ഐന്ദ്രജാലികമായ നിശ്ശബ്ദതയ്ക്കു ഭംഗം വരുത്തി. ആ ശബ്ദം അന്തരീക്ഷത്തിലേക്കുയർന്നു മേഘമാലകളിൽ ചെന്നലച്ചു. പിന്നീടവിടെനിന്നു തിരിച്ചു പടിഞ്ഞാറുഭാഗത്തുള്ള പാതമന്റെയരികിലേക്കു വന്നു. പടിഞ്ഞാറുവശത്തുള്ള വഴിത്തിരിവിൽനിന്നു് ആളുകളുടെയും പശുക്കളുടെയും എരുമകളുടെയും ഒരു പററം വന്നുകൊണ്ടിരുന്നു. പാതമൻ വഴിവിട്ടു് അല്പം ഉയർന്ന ഒരു കുന്നിൻചെരുവിൽ നിന്നു.

ടീക്കീ, വര വാ! ബില്ലീ, വാ വാ!

ടീക്കിയും ബില്ലിയും രണ്ടു ചന്തമുള്ള ആട്ടുകുട്ടികൾ. വീട്ടിലേക്കു പോകുന്ന സന്തോഷത്താൽ മാൻകുട്ടികളെപ്പോലെ കുതിച്ചു് തുള്ളിച്ചാടി പാഞ്ഞുകൊണ്ടിരുന്നു. പാവപ്പെട്ട ആ ആട്ടിടയബാലിക അവ പററം വിട്ടുപോകാതെ നോക്കാൻ ആവതു ശ്രമിച്ചു. നീലി ഇടയ്ക്കു് ചെമ്മരിയാടുകളുടെയിടയി

ലേയ്ക്കു് പറഞ്ഞുപോയി അവരെ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. അവ കരഞ്ഞു ചിന്നിച്ചിതറിപ്പോകാറുണ്ടായിരുന്നു. മെരുക്കിയ പരിശീലനം സിദ്ധിച്ച പട്ടാളക്കാരുടെ പരേഡുപോലെ അല്ല അച്ചടക്കത്തോടെ നടന്നുപോന്നിരുന്ന അവയുടെ ശക്തി പെട്ടെന്നു് അടസ്ഥലപ്പെടുത്തി. ചിലപ്പോൾ തുള്ളിത്തുള്ളി കോലാടുകളുടെ മുതുകി-ലേയ്ക്കു് കയറി അവയെ തള്ളിത്തള്ളി പാമ്പൻ നിന്നിരുന്ന കുന്നിൻമേടുവിലേയ്ക്കു് കയറിക്കൊണ്ടുപോവുകയാണു്. ശ്രീ-യം വന്ന പശുക്കൾ കല്യാണത്തെയും വേറപ്പോഴും ഇതെല്ലാം നോക്കിക്കൊണ്ടു നടന്നു. അവ ഇങ്ങിനെ പിറുപിറുക്കുന്നതു പോലെ തോന്നി—'തുള്ളട്ടെ, തുള്ളട്ടെ! ഏതു ദിവസമായാലും രണ്ടു ദിവസം കഴിഞ്ഞാൽ ഇവറ്റയുടെയും പിൻകാലുകൾ കയറിട്ടുകെട്ടി നവംപാൽ പിഴിഞ്ഞെടുക്കും. അപ്പോൾ തുള്ളി നോക്കട്ടെ! അന്നുമുതൽ ഇവറ്റയുടെ നടപ്പും ഞങ്ങളുടെ പോലെ കാണാൻ കൊള്ളരുതാത്തതാവും. ഇപ്പോൾ തുള്ളട്ടെ വേണ്ടുവോളം—മദിച്ചു മറിഞ്ഞോട്ടെ.'

നീലി, ചാടിക്കളിച്ചു് പാമ്പന്റെയരികിലെത്തി. അതിന്റെ കഴുത്തിൽ കെട്ടിയിരുന്ന ചെറുമണികളുടെ കിലുക്കം കരമായ ശബ്ദം അതിന്റെ നൃത്തംവെയ്ക്കുന്ന കാലുകൾക്ക് കിങ്കിണിനാദമായി. അതു മുൻകാലുകൾ കുന്നിലേയ്ക്കുയർത്തി വെച്ചു് പാമ്പന്റെ കാലുകൾ നക്കാൻ തുടങ്ങി. 'നീലി, ഇങ്ങോട്ടു വാ.' ഇളയ ബാലിക നേർത്ത സ്വരത്തിൽ വിളിച്ചു പക്ഷെ, സ്വതന്ത്ര-യായ നീലി അതത്ര വകവെച്ചില്ല. കളിമാറാത്ത കണ്ണുകളോടു കുസൃതിക്കാരത്തി പരിഭ്രമപ്പെട്ട ഇളയ ബാലികയെ ശുണ്ഠിപിടിപ്പിക്കുവാൻ എന്നു് അങ്ങിനെതന്നെ നിന്നു.

'നീലി, ഇങ്ങോട്ടു വാ!'' അവൾ വീണ്ടും വിളിച്ചു. അവൾ അരികെയെത്തുന്ന നീലിയെ ശിക്ഷിക്കാനൊരുങ്ങുകയാണു്. വല്ലാതെ കുഴഞ്ഞിരുന്നു അവൾ. നെറ്റിയിൽ വിയർപ്പു പൊടിഞ്ഞിരുന്നു. കവിൾ കോപംകൊണ്ടു് ചുവന്നു. നീലിയുടെ മുഖത്തു ഒന്നുകൂട്ടിയിട്ടു് അവൾ സങ്കോചമന്യേ പാമ്പനെ നോക്കി.

“മാറിപ്പോകാ, എവിടെപ്പോണു?” അവൾ അപരിഷ്കൃതഭാഷയിൽ ചോദിച്ചു.

പാന്ഥൻ മന്ദഹസിച്ചു പറഞ്ഞു: “ഈ നീലി എന്റെ കിന്നരിക്കുട്ടിയാണോ?”

അവളുടെ കോപഭാവം പാടെ പകർന്നു. അവൾ അടി കൊണ്ടിട്ടും ചാടിക്കുതിച്ചു പോകുന്ന നീലിയെ ദയവോടെ തലോടിപ്പറഞ്ഞു—“അതെ, അവൾക്ക് മൂന്നു വയസ്സു തികഞ്ഞിട്ടില്ല ഇനിയും.”

“നിന്റെ മാത്രമാണോ?”

അവൾ ആശ്ചര്യത്തോടെ പാന്ഥനെ നോക്കി. അടുത്ത നിമിഷം അവളുടെ മുഖം നാണംകൊണ്ടു ചുകന്നു. അവൾ മുഖം തിരിച്ചുകളഞ്ഞു. അവൾ വടികൊണ്ട് മെല്ലെ പുറത്തടിച്ച് പശുക്കളെ തെളിച്ചു നടന്നുതുടങ്ങി.

പാന്ഥനും കുന്നിൽനിന്നിറങ്ങി അവളുടെ ഒപ്പം നടന്നു. അയാൾ അവളുടെ വടി തട്ടിപ്പറിച്ചിട്ട് പറഞ്ഞു: “ഇന്നു നിന്റെ ഏട്ടൻ നിന്റെയൊന്നിച്ചു വന്നിട്ടില്ലെന്നു തോന്നുന്നു. അതുകൊണ്ടാണ് ഇവറ്റയെ തെളിക്കാൻ നീ ഇത്ര ഞെരുങ്ങുന്നത്. നോക്കട്ടെ ഞാനിവയെ തെളിക്കുന്നത്. നീ മഹാറാണിയെപ്പോലെ എന്റെ പുറകെ വരണം. എനിക്കു് അകലെ പോണം. സന്ധ്യയാകാറായി. നിന്റെ ഗ്രാമത്തിലേക്കു് എത്ര ദൂരമുണ്ട്? നീയെങ്ങോട്ടാ തിരിച്ചുപോകുന്നത്?”

അവൾ ചിരിച്ചു പറഞ്ഞു: “ഗ്രാമവും കടന്നു പോകുന്നു നിങ്ങൾ. അതാണ് തിരിച്ചുപോകുന്നത്. അതാ, കണ്ടില്ലേ, അതാണ് നമ്മുടെ ഗ്രാമം.”

“എന്താ പേര്?”

അവൾ ഉടൻ ഉത്തരം കൊടുത്തു: “സാരഗ്രാമം.”

“ഞാൻ ചോദിച്ചതു് നിന്റെ പേർ എന്തെന്നാണ്?”

“എന്റെ? എന്റെ പേര് ആൻഗി.” ആൻഗി വിക്കി വിക്കി പറഞ്ഞു: “നിങ്ങളെവിടുന്നാ വരണേ?”

പാന്ഥൻ അതു കേൾക്കാത്ത മട്ടിൽ വേഗം ചെമ്മരികളെ ആട്ടിത്തെളിയ്ക്കാൻ തുടങ്ങി. "നീലീവാ, ബില്ലീവാ! ജേൻസീ വാ!"

ജേൻസി ഉറക്കെ ചിരിച്ചുതുടങ്ങി. "അപ്പോ ഞാനും ചെമ്മരിക്കുട്ടിയാണെന്നു തോന്നുമല്ലോ, ഇതു കേട്ടാൽ. ഹാ ഹാ ഹാ! ഞാൻ ചിരിച്ചുചിരിച്ചു ചത്തുപോകും. ഈ വഴിപോക്കൻ വല്ലാത്തൊരാളുതന്നെ. ഹാ ഹാ ഹാ! നിങ്ങൾക്കറിഞ്ഞുകൂടാ, കുഞ്ഞുങ്ങളെ ആട്ടാൻ. ഇങ്ങോട്ടു തരൂ, വടി."

അവൾ ചിരിച്ചുകൊണ്ടു അയാളുടെ കയ്യിൽനിന്നു വടി തട്ടിപ്പറിച്ചു.

പാന്ഥന്നു സാരഗ്രാമംതന്നെ പിടിച്ചു. [illegible] മൺചുവരുള്ള വീടുകൾ—ആപ്പിളും സബർജില്ലും വാഴകളും തിങ്ങിനില്ക്കുന്നു, ചുറ്റും. ആപ്പിൾ പൂത്തുകഴിഞ്ഞിരിക്കുന്നു. സബർജില്ലിൽ പച്ചനിറത്തിലുള്ള പിഞ്ചു കായ്കൾ കുലകുലയായി തൂങ്ങിക്കിടക്കുന്നു. ചോളച്ചെടികൾ പച്ചപ്പരവതാനി വിരിച്ചിരിക്കുന്നു. വാഴത്തോപ്പിന്റെ നടുവിലൂടെ മൂളിപ്പാട്ടുപാടി മന്ദഗമനം ചെയ്യുന്ന ഒരു കൊച്ചരുവി. അതിനപ്പുറം ഒരു മൈതാനത്തിന്റെ നടുവിൽ ശാഖകൾ വിടർത്തിനില്ക്കുന്ന ഒരോക്കു്. അതിന്റെ നിഴൽ താഴെക്കൂടെയൊഴുകുന്ന നദിയാകെ ഒരു നീലപ്പരവതാനി വിരിച്ചിരിക്കുന്നു. നദി തേർത്ത സർപ്പംപോലെ വളഞ്ഞുപുളഞ്ഞു വടക്കുകിഴക്കൻ ഹിമപർവ്വതങ്ങൾക്കുനേരെ ഒഴുകുകയാണു്. അതു് സൂര്യന്റെ പുറകെ പായുകയാണെന്നു തോന്നും. ദൃഷ്ടിയുടെ അവസാനത്തെ ബിന്ദുവിൽ അതു് ഒരു മലകളുടെയിടയിൽ കടന്നു മറഞ്ഞു; അവിടെ സൂര്യൻ തിളങ്ങിക്കൊണ്ടുനില്ക്കുന്നു. അതിനപ്പുറത്താണു് പാന്ഥന്റെ നാടു്. അയാൾ എപ്പോളങ്ങോട്ടു തിരിക്കും? തിരിച്ചുപോകുമ്പോൾ ഇവിടം എത്ര പ്രശാന്തമായിരിക്കുന്നു. സുഖവും ജീവിതവും ഉത്സാഹവും ചേർന്നു് സുന്ദരമായ ഈ ഉപത്യക സൃഷ്ടിച്ചിരിക്കുന്നു. പെട്ടെന്നയാളുടെ കൺമുമ്പിൽ തീവണ്ടിച്ചക്രങ്ങൾ ചുറ്റിത്തിരിയുകയായി

ത്തുങ്ങി. ഇതെന്തൊരു ബഹളം! മനുഷ്യൻ മരണത്തെ ഭ-
യപ്പെടുന്നതെന്തിനു്? എപ്പോഴും ബഹളമുണ്ടാക്കിക്കൊണ്ടേയിരിക്കുന്നു,
തൊണ്ട പൊട്ടുംവിധം അലറിക്കൊണ്ടിരിക്കുന്നു. എന്നിട്ടു്
ഇവിടെ എത്ര ശാന്തത! സമാധാനം! സൗന്ദര്യം [illegible]!!

താഴെ നദീതീരത്തിലുള്ള ഒററയടിപ്പാതയിലൂടെ ആൻഗ്രി
നിശ്ശബ്ദയായ മാൻപേടയെപ്പോലെ മെല്ലെ മെല്ലെ വരുന്നുണ്ടാ-
യിരുന്നു. തോളിൽ ഒരു ചെറിയ വടി. ചുണ്ടുകളിൽ അവ്യക്ത-
മായൊരു ഗാനം. കാലുകൾ നഗ്നം—നടത്തത്തിനു് ഒരു നിശ്ശ-
ബ്ദസംഗീതത്തിന്റെ മട്ടുണ്ടു്. പാന്ഥൻ പുസ്തകം മടക്കിവെച്ചു
ആൻഗ്രിയെ നോക്കി ചിന്തിക്കാൻ തുടങ്ങി—'ഞാൻ ഒരു ചിത്ര-
കാരനായിരുന്നെങ്കിൽ, എത്ര സുന്ദരമായ ചിത്രം! ആകർഷ-
കമായ കാഴ്ച! ആൻഗ്രിയുടെ സുസംഘടിതവും ശക്തിയുള്ളതു-
മായ കൈകൾ, അവളുടെ സ്ഫടികപ്രതിമോപമമായ ദേഹം!
ഞാനൊരു ശില്പിയായിരുന്നെങ്കിൽ! ലോകത്തിൽ ആരുടെയും
അഭിലാഷം പൂർണ്ണമാവുന്നില്ല. അല്ലെങ്കിൽ അയാൾ ഗ്രീക്ക-
പ്രതിമാനിർമ്മാതാക്കളെപ്പോലെയും വെല്ലുന്ന ഒരു വിഗ്രഹം കൊത്തി-
യുണ്ടാക്കുമായിരുന്നു. അപ്പോഴേക്കു് ആൻഗ്രി അയാളെ നോക്കി.
ആശ്ചര്യം! അവളെന്തിനു പെട്ടെന്നു നിന്നുപോയി? അവളു-
ടെ കയ്യിലുള്ള വടികൊണ്ടെന്താണൊഴുകുന്നതു്? എഴുന്നേറ്റു നില്ക്കുന്ന
ആൻഗ്രി! പാന്ഥൻ ഉറക്കെ വിളിച്ചു: "ആൻഗ്രി!"

ആൻഗ്രി നിശ്ചയമായും കേട്ടിരിക്കും. എന്നിട്ടും അവൾ
എന്തുകൊണ്ടു മറുപടി പറഞ്ഞില്ല? അവൾ [illegible]
ലജ്ജകൊണ്ടായാണു് വന്നിരുന്നതു്. എന്നാൽ നടപ്പുതന്നെ വ്യ-
ത്യാസപ്പെട്ടിരിക്കുന്നു. കൈകൾ അലക്ഷ്യമായി വീശുന്നില്ല.
തല ഒരു വശത്തേക്കു കുനിഞ്ഞിരിക്കുന്നു. അപ്പോഴൊരു ചി-
ത്രമായിത്തോന്നി. ഒരു പുതിയ വിഗ്രഹം. ആദ്യത്തേതു് വന-
ദേവതയായിരുന്നു, ഇതു് ഉഷഃകന്യകയാണു്. ഈ വിഗ്രഹത്തി-
ന്റെ ശില്പകല അത്യുന്നതമാണു്. ഈ ചിത്രത്തിലെ [illegible]

ച്യുതിതനാണ്. ഈ ഗാനത്തിന്റെ താളം നിസ്തുലമാണ്. കഷ്ടം! ഞാനൊരു കലാകാരനായിരുന്നെങ്കിൽ!

ആൻഗി പാന്ഥന്റെയരികിൽ വന്നിരുന്നു. പാന്ഥൻ അവളുടെ മുഖത്ത് ചിതറിക്കിടന്നിരുന്ന അളകങ്ങളെ സൂക്ഷിച്ചു നോക്കി. ആൻഗി ചോദിച്ചു: "നിങ്ങളെന്നാണ് തിരിച്ചു പോവുക, വഴിപോക്കാ? നിങ്ങൾ പേരുപറയാത്ത നിലയ്ക്ക് ഞാൻ വഴിപോക്കാ എന്നുതന്നെ വിളിക്കും, പോരേ?"

പാന്ഥൻ പുസ്തകത്തിലെ ഏടുകൾ മറിച്ചുകൊണ്ടു പറഞ്ഞു: "മതി, പോരെങ്കിൽ വഴിപോക്കനെന്ന പേര് അത്ര ചീത്തയല്ല. വാസ്തവം പറഞ്ഞാൽ ആൻഗി, ഞാനിവിടെ എന്റെ ആരോഗ്യം വീണ്ടെടുക്കാൻ വന്നതാണ്. വീണ്ടുകിട്ടിയാൽ ഞാൻ പോകും."

"എവിടെ പോവും?" ആൻഗി ഉൽക്കണ്ഠയോടെ ചോദിച്ചു.

പാന്ഥൻ വലതുകൈ ഉയർത്തി ഉദാസീനതയോടെ പറഞ്ഞു: "അവിടേക്ക്."

"നിങ്ങൾ എവിടുന്നാ വരുന്നേ?"

പാന്ഥൻ ഇടതുകൈ ചൂണ്ടിക്കൊണ്ടു പറഞ്ഞു: "ഇവിടെനിന്ന്."

ആൻഗിയുടെ കണ്ണുകൾ അസാധാരണമാംവിധം തിളങ്ങി: "വഴിപോക്കാ, നിങ്ങളൊരു അത്ഭുതമനുഷ്യനാണ്."

പാന്ഥൻ ചിന്തിച്ചു: വാസ്തവത്തിൽ ഞാൻ അത്ഭുതമനുഷ്യനാണോ? ഈ കാഴ്ചയല്ലേ അത്ഭുതം! ഈ സ്വപ്നസമാനമായ നിശ്ശബ്ദത, ഈ മൃത്യുസദൃശമായ ജീവിതം, ആൻഗിയുടെ മുഖത്ത് ചുരുണ്ടുകിടക്കുന്ന ഈ അളകങ്ങൾ—ഇവയെല്ലാം അത്ഭുതമല്ലേ? ആൻഗിയുടെ കഞ്ചുകം പലയിടത്തും കീറിയിരുന്നു. പലതിലും തുന്നിക്കെട്ടിയിരുന്നു. എന്നാലും അവൾ എത്ര അന്തസ്സോടെ തലയുയർത്തി നദിയിലേക്കു നോക്കിക്കൊണ്ടിരിക്കുന്നു. ആ നദീജലം അവളുടെ നേത്രങ്ങൾപോലെതന്നെ നീല

ത്തിരം ചൂണ്ടിരുന്നു. അത് ആശ്ചര്യകരമല്ലേ? ആൻഗിയുടെ കൈകൾ എത്ര ബലിഷ്ഠങ്ങൾ! നീണ്ടുനേർത്ത് ശക്തിയുള്ള കൈവിരലുകൾ—അത് കരി മുരുക്കപ്പിടിച്ച് കിണ്ണംകെട്ടിയവയാണ്. ആ കൈത്തണ്ടകൾ വ്യക്തമായും, കങ്കണങ്ങളുടെ കിണികിണികാരണം കേട്ടിട്ടില്ല. എന്റെ കൈകൾക്ക് അത്രയും കോമളതയാണുള്ളത്. ഒരു പെൻസിൽ ചെത്തിക്കൂർപ്പിക്കുവാൻ എനിക്ക് വേണ്ടത്ര സമയംകൊണ്ട് ആൻഗി ആ [illegible] ഉഴുതുതീർക്കും.

കുറെ ദിവസങ്ങൾക്കുശേഷം പാന്ഥൻ ആൻഗിയെ കണ്ടപ്പോൾ ചോദിച്ചു: "ആൻഗി, നിന്നെ വളരെ നാളായല്ലോ കണ്ടിട്ട്?"

ആൻഗി പറഞ്ഞു: "അത്ഭുതം! ഞാൻ വിചാരിക്കയായിരുന്നു, നിങ്ങൾ എവിടെപ്പോയി ഒളിച്ചിരിക്കുന്നുവെന്ന്. എത്രനാളായി നിങ്ങൾ ആ കമ്പികെട്ടിയ ഓടക്കുഴൽ (വയലിൻ) എന്നെ ഊതിക്കേൾപ്പിച്ചിട്ട്! മിനിഞ്ഞാന്ന് ഞങ്ങളെല്ലാം ആ ആലിന്റെ താഴെയിരുന്ന് ഫിറോസിന്റെ ഓടക്കുഴൽവിളി കേൾക്കയായിരുന്നു. നിങ്ങൾക്കറിഞ്ഞുകൂടേ—അവൻ എത്ര സുന്ദരമായിട്ട് ഓടക്കുഴലൂതുമെന്നോ! കിരൺ പറഞ്ഞിരുന്നു. ഈയിടെ വഴിപോക്കരെ കാണാനേയില്ല. അയാളോട് കമ്പികെട്ടിയ ഓടക്കുഴൽ ഊതാൻ പറയാമായിരുന്നു, അല്ലേ?" ഇത്രയും പറഞ്ഞ് ആൻഗി പാന്ഥനെ നോക്കി.

പാന്ഥന്റെ വിരലുകൾ കോരിത്തരിച്ചു. അയാൾ കൈ ആൻഗിയുടെ വിരൽ തൊടത്തക്കവിധം ചേർത്തുവെച്ചു പറഞ്ഞു: "അതെ, ശരിയാണ്. ഞാൻ ഈയിടെ നടക്കാൻ വളരെ ദൂരം പോകാറുണ്ട്. ചിലപ്പോൾ ആ ദേവദേവനാംവരെ."

"ഒറ്റയ്ക്കോ?"

"ഒറ്റയ്ക്കല്ല. ചിലപ്പോൾ പുസ്തകങ്ങളുണ്ടാവും. അല്ലെങ്കിൽ നോട്ടുബുക്കും. അതുമല്ലെങ്കിൽ കമ്പിക്കുഴൽ കയ്യിലെടുക്കും."

ആൻഗി ആശ്ചര്യത്തോടെ പരന്ഥനെ നോക്കി: "വാങ് പോക്കരേ, നിങ്ങളൊരു ദുഷ്ടമനുഷ്യൻതന്നെ!"

അവളുടെ ശ്വാസത്തിന്നു മധുരംപോലെ മാധുര്യം കലർന്നിരുന്നു.

മഴക്കാലം അവസാനിച്ചു ചോളം കൊയ്യാറായി. സ്ഥലത്തെ ഗ്രാമക്കാർ ആലിന്റെ ചുവട്ടിൽ വലിയ കളമുണ്ടാക്കി, വെളുത്ത കുലകൾ, മഞ്ഞനിറത്തിലുള്ള ചോളക്കുലകൾ—മൂന്നുനാലിനമുണ്ടു്. പുല്ലുചെത്തി വൃത്താകാരത്തിൽ നിലം വൃത്തിയാക്കി ചാണകം മെഴുകി. അതിന്റെ മീതെ കളിമണ്ണും. ചോളക്കുലകൾ അവിടെ കൊണ്ടുവന്നുകൂട്ടി. ചോളമണികൾ വേർപെടുത്താൻ അതിന്മേ-കുലകളിലൂടെ കാളകളെ നടത്തി. എന്നിട്ടും ചിലതിൽനിന്നും മണികൾ വേർപെട്ടില്ല. അതിനാൽ ഗ്രാമവാസികൾ നിലാവുള്ള രാത്രികളിൽ കളത്തിൽ വന്നു് അവ വേർപെടുത്താൻ തുടങ്ങി. താഴെ നദിയുടെ കളകളാരവം. ആലിന്റെ കൊമ്പുകളിൽ ചന്ദ്രൻ കയറിയിരുന്നു. യുവാക്കളും യുവതികളും പാടിയിരുന്ന ഒരു കരുണഗാനം കേട്ടാസ്വദിക്കുന്നു. പെണ്ണുങ്ങൾ പാട്ടു നിർത്തും, ചോളം വേർപെടുത്തുന്നതിൽ ശ്രദ്ധമുഴുവൻ ചെലുത്തും.

നേർത്ത കാറ്റ് വീശിയിരുന്നു. ആൽ ശ്വാസംകഴിക്കുകയാണെന്നു തോന്നും. തീകാഞ്ഞുകൊണ്ടിരിക്കുന്ന വൃദ്ധൻ ഇടയ്ക്കു പറയും: "പാടു് മക്കളെ പാടു്!" ഇതും പറഞ്ഞു് അയാൾ ഏറ്റു പാടുവാൻ തുടങ്ങി. പട്ടുതിരി കത്തിത്തുടങ്ങിയ അയാളുടെ ജീവിതത്തിലെ സ്വർണ്ണകാലം ഓർമ്മവന്നു. അയാളുടെ കണ്ണുകളിൽ അതു പ്രതിഫലിച്ചു. പാട്ടു് അയാളുടെ വായിൽ ഇടറിക്കൊണ്ടിരുന്നു. അയാൾ പാട്ടുനിർത്തി കനലിൽ ചോളം ചുട്ടെടുക്കാൻ തുടങ്ങി. ചെറുപ്പക്കാരികൾ പരസ്പരം നേരമ്പോക്കുകൾ പറഞ്ഞു് പൊട്ടിച്ചിരിച്ചിരുന്നു. യുവാക്കൾ അവരെ ഇടക്കണ്ണിട്ടു നോക്കി പുഞ്ചിരിയിട്ടു. അതിനുശേഷം ഒരു വീരഗീതം അന്തരീക്ഷത്തിൽ മുഴങ്ങി. യുവതികളുടെ കോമളസ്വരം അലയടി-

പാടി—ഏതോ യാഗവേദിയിലിരുന്ന ഒരവധൂതന്റെ സ്തുതികളാകയാണെന്നു തോന്നും. ഈ പോളമണികൾ ജപമാലയുടെ മുത്തുകളാണ്. ആ വൃദ്ധൻ പൂജാരിയാണ്. അയാൾ മഹാഹോമം നടത്തുകയാണ്. അതിന്റെ ധൂമം അന്തരീക്ഷത്തെ സുരഭിലമാക്കുന്നു. എന്തൊരനശ്വരമായ ശാന്തത! അകൃത്രിമമായ പ്രകൃതിതാരുണ്യം!

ആ ഗ്രാമവാസികൾ പാനഥനെ സ്വന്തം സഹോദരനെപ്പോലെയാണ് കരുതിയിരുന്നത്. അയാളെയും തങ്ങളുടെ വിനോദങ്ങളിൽ പങ്കുചേർത്തിരുന്നു. കോമളസ്വരൂപികളായ കർഷകർ, അപരിഷ്കൃതകളായ ഇടയത്തികൾ, നഗ്നരായ കുട്ടികൾ—അയാളുടെ പുറകെ കൂടും 'വഴിപോക്കാ, ആ കമ്പികെട്ടിയ മുരളിയൂത്. അതെത്ര നന്ന്!' ആൻഗി അയാളുടെ തോളിൽ ഒരു കൈവെച്ചു, മറേറക്കൈകൊണ്ട് വയലിൻ തട്ടിക്കൊണ്ടു പറയും: 'വഴിപോക്കാ, കമ്പികെട്ടിയ മുരളിയൊന്നു വായിക്കില്ലല്ലോ?' അല്ലെങ്കിൽ കളത്തിലെ നീണ്ടുവരുന്ന തണലിലിരുന്ന് ആരെങ്കിലും ഒരു കഥ പറയാൻ പറയും. ആ ലോകത്തിലെ കഥ: വലിയ കൊട്ടാരങ്ങൾ, ആഴമുള്ള നദികൾ, വിസ്തൃതമായ നഗരങ്ങൾ, ഇരുമ്പുപാലത്തിൽക്കൂടെ പാഞ്ഞുപോകുന്ന മരംകൊണ്ടുണ്ടാക്കിയ വീടുകൾ, ഒരു ബട്ടനമർത്തിയാൽ ജ്വലിക്കുവാൻ തുടങ്ങുന്ന വിളക്കുകൾ, ആകാശത്തിലൂടെ പറക്കുന്ന തോട്ടിലുകൾ, ചിത്രശലഭങ്ങളുടെ ചിറകുകൾകൊണ്ടുണ്ടാക്കിയ വസ്ത്രങ്ങളണിഞ്ഞു മന്ഥരഗമനംചെയ്യുന്ന കിന്നരികൾ!....

അങ്ങിനെ പോളക്കളത്തിൽ പല രാത്രികളും കഴിഞ്ഞുപോയി. ഒരു ദിവസം പാനഥൻ ഒന്നാമത്തെക്കളത്തിലിരുന്ന് ഫിറോസിന്റെ മുരളീവാദനം കേൾക്കുകയായിരുന്നു. അയാളുടെ കണ്ണുകൾ ആൻഗിയെ തിരക്കി. കണ്ടില്ല. അടുത്ത കളത്തിൽ പോയി പോളം വേർപെടുത്തിക്കൊണ്ട് ആൻഗിയെ നോക്കി. അവിടെയുമില്ല. മൂന്നാമത്തേതിൽ പോയി പാനഥൻ ഒരത്ഭുതാന്തരം കഥ പറഞ്ഞു. അയാളുടെ ദൃഷ്ടികൾ ആൻഗിയെ പരതി

അവിടെയുമില്ല ആൻഗി. നാലാമത്തേതിൽ പോയി വയലിന്നെട്ടത്തു കരുണരസംകലന്ന ഒരു ഗാനമാലപിച്ചു. മററു കളങ്ങളിൽ പണിയെടുത്തിരുന്നവർകൂടി പുറമേ വന്നുകൂടി. അവരുടെ മുഖത്തു് ആനന്ദവും ആശ്ചര്യവും വിളയാടിയിരുന്നു. ആൻഗിമാത്രം എവിടെ?

ഒടുവിൽ പാന്ഥൻ ചോദിച്ചു.

ഒരു യുവകർഷകൻ ഉദാസീനമായി പറഞ്ഞു—അവൾ കളത്തിന്റെയപ്പുറത്തു് ഇരിക്കുന്നുണ്ടു്. കുറച്ചുനേരം മുമ്പുവരെ കൂട്ടുകാരികളോടൊപ്പം പാടിയിരുന്നു. ഫിറാസിന്റെ കൂങ്ങൾ അവളോടെന്തോ പറഞ്ഞു. എന്താ, ദിൽഷാദ്? നിന്നെന്താ പറഞ്ഞു, അവളെഴുന്നേററുപോവാൻ? തുണിയിൽ കുറെയേറെ കമ്പക്കലയുമെടുത്തുകൊണ്ടവൾ പോയി. ഇപ്പോൾ ഒററയ്ക്കവിടെയിരിക്കുന്നുണ്ടാവും. ആരെക്കൊണ്ടാവും അവളെ പറഞ്ഞു നേരെയാക്കാൻ? കിരൺ, നീയൊന്നു ചെന്നു് അവളെ പറഞ്ഞു സമാധാനിപ്പിച്ചുകൊണ്ടുവാ.

കിരൺ ചിരിച്ചു. ഒന്നും പറഞ്ഞില്ല, അവൾ.

പാന്ഥൻ കളത്തിന്റെ മറുവശത്തു് ചെന്നുനോക്കി. കുറെ ചോളക്കുലകൾ വിതറിക്കിടക്കുന്നു ആൻഗി കിടക്കുകയാണു് നിലത്തു്. കണ്ണുകൾ പകുതി അടഞ്ഞിരിക്കുന്നു. ചന്ദ്രകിരണങ്ങൾ അവളുടെ മുഖത്തിൽ പരിവേഷം നിർമ്മിച്ചുകൊണ്ടിരുന്നു.

ആൻഗി!

ആൻഗി!!

ആൻഗീ....ീ....ീ!!!

പാന്ഥൻ ആൻഗിയുടെ അരികിലേയ്ക്കു കുനിഞ്ഞു. അയാൾ അവളുടെ തല കൈകൊണ്ടു താങ്ങി! "എന്തു പററി, ആൻഗീ?"

ആൻഗി എഴുന്നേററിരുന്നു. അവൾ പാന്ഥന്റെ കൈകൾ വേർപെടുത്തി ചോളം നന്നാക്കാൻ തുടങ്ങി.

ഒടുവിൽ അവൾ താഴ്ന്നസ്വരത്തിൽ പറഞ്ഞു: "വഴിപോക്കാ, എന്നെ ഇവിടുന്നെങ്ങോട്ടെങ്കിലും കൂട്ടിക്കൊണ്ടുപോകൂ." ഇതു പറഞ്ഞു് അവൾ തലതാഴ്ത്തി നിശ്ശബ്ദം കരയാൻ തുടങ്ങി.

പാന്ഥൻ ഒന്നും പറയാതെ കോളം വേർപെടുത്തിക്കൊണ്ടിരുന്നു. അയാൾ അവളുടെ ബാഷ്പം തുടച്ചില്ല. അവളെ ആശ്വസിപ്പിച്ചില്ല. പേടിച്ചരണ്ട പക്ഷി ഇണയെ ചിറകുകൾ വിടർത്തിപ്പിടിച്ച് അതിവേഗം തലയ്ക്കുമുകളിലൂടെ പറന്നുപോയി. മുകളിൽ മൂന്നുനാലു നക്ഷത്രങ്ങൾ തിളങ്ങുന്നുണ്ടായിരുന്നു. ആൻഗിയുടെ അശ്രുകണങ്ങൾപോലെ. ഒരു വശത്തു് യുവതികൾ നവവധുവെ ശ്വശുരഗൃഹത്തിലേക്കു യാത്രയാക്കുന്ന പാട്ടുപാടിക്കൊണ്ടിരുന്നു. പാന്ഥന്റെ ദൃഷ്ടി ദേവദാരുവൃക്ഷങ്ങളെ പിളർന്നു് അനന്തതയിലേക്കു പാഞ്ഞു. അവിടെയാണയാളുടെ നാട്. അയാളുടെ മനസ്സിൽ തീവണ്ടിയുടെ ചക്രങ്ങൾ ഉരുളുവാൻ തുടങ്ങി.

പാന്ഥൻ ദൈവത്തിനു നന്ദിപറഞ്ഞു, തന്റെ നാട്ടിൽ തിരിച്ചെത്തിയതിനു്—തന്റെ സംസ്കാരസമ്പന്നമായ നാട്ടിൽ. ഇംഗ്ലീഷുകാരും ചിന്തിക്കും: “ഒരു പക്ഷേ ഞാൻ തെറ്റായിരിക്കാം ചെയ്തതു്.” ഇടയ്ക്കു സ്നേഹിതന്മാരുമൊരുമിച്ചുകൂടിയിരുന്നു സല്ലപിക്കുമ്പോൾ അയാളുടെ ചെവികളിൽ വിചിത്രങ്ങളായ ചില ശബ്ദങ്ങളും മുഴങ്ങും. ‘വഴിപോക്കാ, നിങ്ങളെല്ലാരും മനുഷ്യരാണു്.’ ഉടൻ അയാളുടെ പുഞ്ചിരി ആവിയായിപ്പോവും. അയാളോർക്കും—ഒരു പക്ഷേ ഏതോ നീലജലം കവിഞ്ഞൊഴുകുന്ന നദിയുടെ തീരത്തിൽ ആട്ടിൻപറ്റത്തെ വെള്ളം കുടിപ്പിച്ചുകൊണ്ടു്, ഒരു ദരിദ്രയായ പെൺകുട്ടി അയാളെ പ്രതീക്ഷിച്ചുനില്ക്കുന്നുണ്ടാവും. അവളുടെ കാലു നഗ്നമാണു്. അവളുടെ വസനങ്ങൾ ബാഷ്പക്ലിന്നങ്ങളാണു്. അവളുടെ മുടിയിൽ ആപ്പിൾപൂക്കൾ ചൂടിയിരിക്കുന്നു.

## മൂന്നു ഗുണ്ടകൾ

അയാളുടെ പേർ അബ്ദുൽ സമദ് എന്നായിരുന്നു. താമസം മിഷൻബസാറിൽ. അതേ ഒരു കാരണത്താൽ പലരും അയാളെ ഗുണ്ടയെന്നു പറഞ്ഞിരുന്നു. ആയിരിക്കാം—അബ്ദുൽ സമദ് ഒരു ഗുണ്ട ആയിരിക്കാം. പക്ഷേ ആ സാധുവിന് പാപ്പംവരെ ഇതറിഞ്ഞുകൂടായിരുന്നു—താനൊരു ഗുണ്ടയാണെന്ന്. സാധാരണയായി എല്ലാവർക്കും ജീവിതത്തിൽ തന്നെപ്പററി മററുള്ളവർ എന്താണു് ധരിച്ചിരിക്കുന്നതെന്നു് കുറച്ചൊക്കെ അറിയാമായിരിക്കും. ഉദാഹരണമായി—നാട്ടുകാർ തന്നെ നല്ലവനെന്നു പറയുന്നുവോ, അതോ ചീത്തയെന്നോ. മനുഷ്യനായി കരുതുന്നുവോ, അതോ തെമ്മാടിയെന്നോ. സ്ത്രീകളെ അമ്മപെങ്ങന്മാരെപ്പോലെ നോക്കുന്നവനോ അല്ല, കാമിപ്രണയിനിയായിട്ടോ. അവർ ഉപകാരിയായിക്കാണുന്നുണ്ടോ, അല്ലെങ്കിൽ ചതിയനായോ. വഴക്കു കൂടുന്നവനാണോ സമാധാനപ്രിയനാണോ? ഇങ്ങിനെ കുറച്ചെങ്കിലും അറിയാതെ വരില്ല. പക്ഷേ, പാവപ്പെട്ട അബ്ദുൽ സമദിന് ഇന്നാളും—അരയിൽ വെടിയുണ്ട തറക്കുംവരെ—അറിഞ്ഞുകൂടായിരുന്നു, താനൊരു ഗുണ്ടയാണെന്ന്. അയാൾക്കെങ്ങിനെയാണു് വെടിയുണ്ട കൊണ്ടതെന്നു പിന്നെപ്പറയാം. അതിനുമുമ്പ്, അയാൾ ഒരു ഗുണ്ടയായിരുന്നുവെന്നു തെളിയിക്കട്ടെ. അയാൾക്ക് ഫൈൻ ആർട്ട്സ് ആൻഡ് പ്രിൻറിങ്ങ്പ്രസ്സിലായിരുന്നു പണി. അത് വസീർ റെസ്റ്റാറൻറിന്റെ അടുത്തു, പഴയ ഇഷ്ടികകൾകൊണ്ടു പണിത രണ്ടാംനിലക്കെട്ടിടത്തിലാണു്

അധഃപതിച്ചിട്ടുള്ളതു്. അതിന്റെ മുമ്പിൽതന്നെയാണു് ട്രാംഷെഡ്ഡു്. അതിപ്പോൾ കത്തിക്കരിയാക്കിക്കിടക്കയാണു്, ഇൻഡ്യക്കാരും വെള്ളക്കാരുമായി നടന്ന ഒരേററുമുട്ടലിന്റെ ഫലമായി. ആ ഏററുമുട്ടലിൽ അനവധി ഇൻഡ്യക്കാരുടെ ഉയിർ പോയെങ്കിലാകട്ടെ, പാവത്താന്മാരായ വെള്ളക്കാരുടെ എത്രായിരം ഡൊളറിന്റെയാണു് നഷ്ടപ്പെട്ടതെന്നോ!

അബ്ദുൽ സമദ് ഇതേ ഫൈൻ ആർട്ട് പ്രസ്സിലാണു ജോലിയെടുത്തിരുന്നതു്. ലിതോഗ്രാഫിന്റെ ഉരച്ച കല്ലുകൾ ഒരുക്കിപ്പിടിച്ചുകൊണ്ടുവന്നു് മെഷീനിൽ ഉറപ്പിക്കുക—ഇതാണു് ജോലി. അയാളുടെ മററു ജോലിക്കാർ ഒരു കല്ലുമാത്രമേ ഒരിക്കൽ എടുത്തിരുന്നുള്ളു. പക്ഷേ അബ്ദുൽ സമദ് പണിയെടുത്തിരുന്ന സമ്പ്രദായം ഒന്നു വേറെ. അതിശക്തിയോടെ ഒരാറിഞ്ചു് മുമ്പിലുള്ള മേടയിലേക്കു ഇട്ടു്, ഒരു വലിച്ചെറിയും പറഞ്ഞു അയാൾ ഒരേസമയം രണ്ടു കല്ലുകൾ പൊക്കിയെടുക്കും. പിന്നെ പ്രിയതമയെപ്പോലെ അതു് മാറോടണച്ചു് നെഞ്ചോടു ചേർത്തു മുമ്പിൽകൂടെ, പുഞ്ചിരിതൂകി കണ്ണു തിരുകി മനസ്സുകൊണ്ടു് മാനേജരെയും ഒരു തടിച്ച പുലമ്പും കൊണ്ടു കളിപ്പിച്ചു്, ആ രണ്ടു കല്ലുകളും മെഷീനിൽ വെയ്ക്കാൻ പോരും. എന്നിട്ടു് ചിരിച്ചുകൊണ്ടു് മെഷീൻമാനോടു പറയും: "ഇന്നാ പിടിച്ചോ മോനെ, ഇനിക്കഴുതയെ തെളിച്ചുകൊണ്ടു പോ." മെഷീൻ നടത്തുന്നതിനെ കഴുതയെ തെളിക്കയെന്നാണു് അയാൾ പറയുക. വാസ്തവത്തിൽ അയാൾക്കു സ്വന്തമായൊരു ഭാഷയുണ്ടു്. ജീവിതത്തിലെ പ്രധാനപ്പെട്ട കാര്യങ്ങൾ പറയുമ്പോൾ അയാൾ ആ ഭാഷയാണു് ഉപയോഗിക്കുക. പ്രസ്സുടമസ്ഥൻ വരുമ്പോൾ അയാൾ സഹകാരികളിൽ തൊഴിലാളികളോടു പറയും: "സിംഹം വരുന്നേടം, സിംഹം! ജാഗ്രതയായിരിൻ." ഉടമസ്ഥനില്ലാത്ത സമയം മാനേജർ തലയുള്ളതാണെന്നു് ഭാവിക്കാൻ തുടങ്ങുമ്പോൾ അയാൾ പറയും: "പണിയെടുക്കിൻ ഭായിമാരെ പാപീന്റെ മക്കളെ, കണ്ടില്ലേ, കുറുക്കന്റെ കളിയവ

ളുടെ കെട്ടിയവർ മാറിയിട്ടുണ്ടു്? ശമ്പളം വാങ്ങാനുള്ള ദിവസമായാൽ പറയും: "ഇന്നു് മൂപ്പരുടെ 'ചട്ടം' അടിക്കും." ഈ ചട്ടം എങ്ങിനെ വന്നു? എന്താണതിന്റെ അർത്ഥം? അതൊന്നും ആർക്കും അറിഞ്ഞുകൂടാ. അതു് അബ്ദുൽ സമദിന്റെ ഭാഷയാണു്, സാഹിത്യമാണു്. അതിന്റെ പകർപ്പവകാശം തികച്ചും അയാൾക്കുതന്നെ. അയാൾക്കു് അതു് ഇഷ്ടംപോലെ എടുത്തു് ഉപയോഗിക്കാം. ആരുണ്ടു് തടയാൻ? ഭാഷയെ സംബന്ധിച്ചിടത്തോളം അയാൾക്ക എല്ലാറ്റിലുമധികം പദസ്വാധീനം ഉണ്ടായിരുന്നു. അബ്ദുൽ സമദിനെ തെറിപറയുന്നതിൽ വെല്ലുവിളിക്കത്തക്കതിനുപോന്ന ഒരു 'പുമാ'നെയും ഞാൻ ഇതുവരെ കണ്ടിട്ടില്ല. 'നിന്റെ അമ്മേന്റെ മുലപ്പാലിൽ വൈദ്യുതന്റെ കമ്പിവണ്ടി'—ഇത്തരം തെറി എത്രയെങ്കിലും കവിതക്കു പറയാൻ കഴിവുള്ള. തെറിയെ സംബന്ധിച്ചിടത്തോളം അയാൾ ഒരു കവിതന്നെ. കലാകാരൻ, സൗന്ദര്യബോധത്തിന്റെയും ഔചിത്യദീക്ഷയുടെയും അവതാരം. തെറി പറയുമ്പോൾ അയാളുടെ ഭാഷയിൽ വരുന്ന ആവേശം, ഭാഷയിലും പ്രസംഗത്തിലും വരുന്ന പ്രവാഹം, ഇൻഡ്യയിലെ ഒന്നാംകിട രാഷ്ട്രീയപ്രവർത്തകരെ ഓർമ്മിപ്പിച്ചിരുന്നു: ഏറെ പ്രസംഗിക്കയും അല്പം പ്രവർത്തിക്കയും ചെയ്യുന്ന നേതാക്കന്മാരെ. പക്ഷെ അബ്ദുൽ സമദിൽ ഉണ്ടായിരുന്ന ഒരു പ്രത്യേകത ഇതാണു്: അയാൾ അധികം സംസാരിച്ചിരുന്നെങ്കിൽ അത്രതന്നെ പണിയും എടുത്തിരുന്നു. മുസ്ല്യാ-രന്മാർക്കു് അയാളുടെ കഠിനാദ്ധ്വാനം കാരണം അയാളെ പിരിച്ചുവിടാൻ വയ്യാതിരുന്നു. പിരിച്ചുവിടാനും തരമില്ല. എന്താണെന്നോ, അത്ര യന്ത്രമായി പണിയും ചെയ്യും. ആശ്ചര്യം, അല്ലേ? ഒരു പക്ഷെ, നിങ്ങൾക്കും അനുഭവപ്പെട്ടിരിക്കും. ഈ ഗുണങ്ങളെല്ലാം ചേർന്നുകൂടുന്നതിൽ എതിരററവരാണു്. ഏററവും നല്ല തൊഴിലാളി ഒരു ഗുണ്ടയായിരിക്കും. എന്താശ്ചര്യം! അല്ലേ?

അബ്ദുൽ സമദ് ഒരു നല്ല തൊഴിലാളിയായിരുന്നു. പണിയിൽനിന്നു കുറച്ചിരുന്നെങ്കിൽ! തെറിപറച്ചില്, ആ ശര്യ

ഷില്ലാത്ത അന്യരെ കളിയാക്കലും ഒന്നു നിർത്തിയിരിക്കയാണ്
ആളും നന്നെന്നു പറയപ്പെട്ടുമായിരുന്നു. അയാൾ എപ്പോഴും
മുറുക്കിപ്പിടിച്ചുകൊണ്ടിരുന്നു. അതുകൊണ്ട്, അയാളുടെ മുൻ-
പല്ലുകൾ ഒന്നുകൂടി വികൃതമായിത്തീർന്നിരുന്നു. ഫലിതം പറയുന്ന-
തിൽ അയാൾക്കുള്ള വൈദഗ്ധ്യം വലിയ വലിയ പണ്ഡിതന്മാ-
ർക്ക് ജീവിതമത്രയും പരിശ്രമിച്ചാൽപോലും കിട്ടില്ല. അതു്
അനുഗ്രഹീതനും സാധകം ചെയ്യുന്നവനുമാണ്. പിന്നെ ചിരി!
അയാളുടെ ചിരിയാണെങ്കിൽ, അതാണെല്ലാറ്റിലും മേലെ. പര-
ക്കുന്നതും, മുഴങ്ങുന്നതും, അകലത്തോളം എത്തുന്നതും, ചെവികളെ
തകർക്കുന്നതുമായ ആ ചിരി, പ്രസ്സിലെ ജനലുകളെയും ആ മുറികളെ—
വിശേഷിച്ചും അയാൾ പണിയെടുക്കുന്ന ആ മുറിയുടെയും, അ-
തിന്റെ ലവലേശം ഉൾക്കൊള്ളാവുന്നതല്ല. ആ ചിരി ഓർമ്മി-
പ്പിക്കുന്നതു്: വൻമരങ്ങൾ തിങ്ങി കാടുപിടിച്ചുകിടക്കുന്ന
മലഞ്ചെരിവുകളെയാണ്, എല്ലാവരെയും ഉറക്കത്തിന്റെ ശേ-
ഷമുള്ള അരങ്ങൾ തെളിഞ്ഞ വാനത്തെയാണ്, ചക്രവാളത്തി-
ന്റെ ഈ അററംമുതൽ ആ അററംവരെ കുടിവിരിച്ച് സ്വൈര-
പ്രതീക്ഷിച്ചിരിക്കുന്ന രാവിന്റെ റാണിയെയാണ്. ആ ചിരി
സമുദ്രത്തിന്റെ മാറു പിളർന്നുവരുന്നപോലെയാണ്. എന്താണ്
നാലുപാടും പരക്കുന്നപോലെ. മനുഷ്യന്റെ ചിരിയല്ല, ഏതോ
ഭൂതത്തിന്റേതു്! നാറുന്നതും പരപരത്തുന്നതും പരന്നുപോകുന്നതു-
മായ ആ ചിരി പ്രസ്സിലെ സീമിതവും താഴ്ന്നതുമായ അന്തരീക്ഷ-
ത്തിൽ ഒതുങ്ങാവുന്നതല്ല. എന്നിട്ടും അബ്ദുൾ സമദ് എ-
പ്പോഴും ചിരിക്കാറുണ്ട്, തെറി തട്ടിവിടാറുണ്ട്, താഴത്തെ
തിരുമുമ്പിൽക്കൂടെ കല്ലും മണ്ണും തെളിക്കാറുണ്ട്. ഗുരു

ഞാൻ ആദ്യമായി അയാളെ മോഹൻ ആർട്ട്സ് പ്രസ്സിൽ
വെച്ച് കണ്ടപ്പോൾ എന്തെന്നില്ലാത്തൊരറപ്പും വെറുപ്പുമാണ്
എനിക്കുണ്ടായതു്. ജെ. ജെ. ഹാസ്പിറ്റലിലെ ഡാക്ടർമാർ ഒരു
നൃത്തപ്രദർശനവും സംഗീതക്കച്ചേരിയും നടത്താൻ നിശ്ചയി-
ച്ചിരുന്നു. ഞാൻ അതിന്റെ പ്രോഗ്രാം പ്രിന്റു ചെയ്യാൻ പ്ര...

ഹായതാണു്. അവിടെവെച്ചു് അബ്ദുൽ സമദിനെ ആദ്യ മായി കണ്ടു. അയാൾ വലിയ താടിയിൽ കൈ എടുപ്പിടി ക്കണി പറയുകയായിരുന്നു: "ആ ലിത്തോപൊവിന്റെ കല്ലു് ഞാനാണു പൊട്ടിച്ചതു്, മാനേജരവർകളെ!"

"എങ്ങിനെ പൊട്ടിച്ചു?"

"അതു ഞാനെങ്ങിനെയറിയും? കയ്യിൽനിന്നു വീണു, കണ്ണും ണ്ണു്. ഈ അറാംപിറന്ന കല്ലിനു പൊട്ടാൻ കണ്ട ദിവസം നോക്കു! കൊല്ലം രണ്ടായി ഈ ഗതിയില്ലാത്ത പ്രസ്സിൽ പണി യെടുക്കാൻ തുടങ്ങീട്ടു്. പറയാമോ ഇങ്ങിനെ ഒരു കേടുപാടു് ഉണ്ടായിട്ടുണ്ടോ?" ഇത്രയും പറഞ്ഞു അയാൾ തലപ്പാവഴിച്ചു അതിൽനിന്നു ഒരു പേൻ പറിച്ചെടുത്തു് വിരലുകൾക്കിടയിൽ ഇട്ടു ഞെരിച്ചുകൊണ്ടു പറഞ്ഞു: "എടാ പേനിന്റെ മോനേ, നിന്റെ തന്തയുടെ വായിൽ പന്നിയുടെ പച്ചയിറച്ചി!"

മാനേജർ പറഞ്ഞു: "മര്യാദയ്ക്കു് വർത്തമാനം പറയൂ!"

"മര്യാദകേടല്ല, ഇതു പറയുന്നതു്, മി. മാനേജർ സാർ, ലിത്തോപൊവിന്റെ കല്ലു പൊട്ടിച്ചതു ഞാനാണു്. ഇതവണ ക്ഷമിക്കണം." അയാൾ ചിരിക്കാൻ തുടങ്ങി. മാപ്പു ചോദിക്കു ന്നതു ഒരു തമാശപോലെ. അയാളുടെ പല്ലും തൊണ്ടയും അണ്ണാക്കും ഞരമ്പുകളുംകൂടി എനിക്കു് കാണാമായിരുന്നു. ഞാൻ പുറകോട്ടു മാറിപ്പോയി. കാരണം, അയാളുടെ ദേഹത്തിൽ നിന്നു എന്തെന്നില്ലാത്തൊരു ചീട വീശിയിരുന്നു—എല്ലാം ഗുണ്ട കളുടെ ദേഹത്തിൽനിന്നും വരുന്ന മണം—മണ്ണിന്റെ, വിയർ പ്പിന്റെ, വെള്ളുള്ളിയുടെ. അയാളുടെ ദേഹത്തിനു മണമുണ്ടെ ങ്കിലും ഹൃദയം അങ്ങിനെയല്ല. അയാളുടെ ചെറിയതും കറു ത്തതും, തിങ്ങിനില്ക്കുന്ന പുരികങ്ങൾക്കു താഴെ തിളങ്ങുന്നതുമായ കണ്ണുകൾപോലെതന്നെയാണു അതും. അതിൽ യാതൊരു ദുർഗ്ഗ ന്ധവുമില്ല. പത്താംതീയതി ശമ്പളം കിട്ടുമ്പോൾ മാനേജരുടെ നേരെ ചാടി ഉരുളുന്ന കണ്ണുകൾകൊണ്ടു് നോക്കും. അതിൽ കോപം മാത്രമല്ല ആശ്ചര്യവും ഹരിയാക്കാനാകാത്ത ഒരു ഭാവവും

ഉണ്ടായിരിക്കും. ആ കണ്ണുകൾ ഇങ്ങിനെ പറയുംപോലെ തോന്നും: "നീ മാനേജരല്ല; എന്റെ സഹോദരനാണ്, നമ്മൾ രണ്ടുപേരും മനുഷ്യരാണ്." കണ്ണുകളിലെ ആ ഭാവത്തിന്നുമില്ല, ദുർഗ്ഗന്ധം. പക്ഷെ അയാളുടെ ദേഹം ദുർഗ്ഗന്ധമുള്ളതാണ്, തൊലി കീറിയതും. അയാളുടെ കൈകളിലെ മാംസപേശികൾ ഉരുണ്ടവയാണ്. അയാൾ എപ്പോഴും തെറിപറഞ്ഞിരുന്നു. അയാൾ എപ്പോഴും കലഹത്തിനു കച്ചകെട്ടി നിന്നിരുന്നു. അയാൾ ഗുണ്ടയായിരുന്നു—ഗുണ്ട. അയാൾ ഇങ്ങിനെ ചിരിച്ചുകൊണ്ട് മൂപ്പരെ പേടിക്കുന്നതു കണ്ട്—അതും ഒരപരിചിതന്റെ മുമ്പിൽ—മാനേജർക്ക് കലശലായ അരിശം, എന്തെന്നില്ലാത്ത കലി കേറി. അയാൾ റൂൾത്തടി മേശപ്പുറത്തേക്ക് ഒരു കൊട്ടുകൊട്ടി പറഞ്ഞു: ' ഇക്കുറ്റത്തിന്നു മാപ്പ് ഒരിക്കലും തരില്ല. ലൈറ്ററിന്റെ കല്ലിന്നു വില കൂടുതലാണ്. അതു ബവേറിയയിൽനിന്നാണ് വരുന്നതു്. അതു ജർമ്മനിയാണ്. നിനക്കറിയാമോ, എത്ര വിഷമിച്ചിട്ടാണ് അതു വരുന്നതെന്ന്. ജർമ്മനിയെ സഖ്യശക്തികൾ തോല്പിച്ചു. നിനക്കറിയില്ല, എത്ര ബുദ്ധിമുട്ടാണെന്ന്."

അബ്ദുൽ സമദ് പറഞ്ഞു: "എനിക്കെല്ലാം അറിയാം മാനേജർസാർ; കല്ലുകൾ ഇന്ത്യയിൽനിന്നുതന്നെയാണ് വരുന്നതു്. ഒരു തരസാമാനത്തെ മുഴുവൻ എറിഞ്ഞുടച്ചു കടലിൽ തള്ളാൻ വെച്ച കല്ലുകൾ ഇവിടെത്തന്നെയുണ്ട്, മിസ്റ്റർ മാനേജർ. അല്ലാതെ കല്ലിന്ന് ഒരു വിലയുമില്ല. വിലയുള്ളതു മുഴുവൻ ആഹാരത്തിനാണ്. പിന്നെ രണ്ടെണ്ണത്തിന്നു കൂടി വിലയില്ല—അപരാധത്തിനും തെറിക്കും. തെറി—അതിൽ മാനേജർസാറെ, നിങ്ങൾക്കെന്നെ കവച്ചുവെക്കാനാവില്ല. അതു സാറിന്നറിയുകയും ചെയ്യാം." ഇതും പറഞ്ഞ് അബ്ദുൽ സമദ് മാനേജരുടെ അനുവാദത്തോടെ മുഖപ്പാലിൽ വൈദ്യന്റെ വണ്ടി ഓടിക്കാൻ തുടങ്ങുമ്പോഴേക്കും; പ്രസ്സിലുള്ളവരെല്ലാം പുറം വന്നു വളഞ്ഞുകഴിഞ്ഞിരുന്നു. ഒരു തരത്തിൽ മാനേജർ അവിടുന്നു കടന്നുകളഞ്ഞു.

അബ്ദുൽ സമദ് പറഞ്ഞു: "അവിടെയിരിക്കട്ടെ സാരം, നി ങ്ങടെ കല്ല്. അബ്ദുൽ സമദിനെ അറിയില്ല. എന്റെ കല്ലും അടിക്കല്ലേ! കല്ല് പൊളിച്ചതിനു ഞാനെന്താക്കണോ? അള്ളാ ഒക്കെ ഉള്ളാമല്ലോ, മൂപ്പരേ! ഞാൻ എന്റെ ചന്തിച്ചെരങ്ങിവെക്കട്ടെ ഇതാ? കല്ലിനു പകരം? അതും പോരാഞ്ഞിട്ട് മതറിയും. എന്താണെങ്കിലും ഞാവില്ല—ആവില്ല എന്നേക്കൊണ്ട് ഈ ഹലാക്കപ്രസ്സിൽ പ ണിയെടുക്കാൻ. ഇവിടന്നു പോകയാണ്, ഞാൻ—ഈ നിമി ഷം." അബ്ദുൽ സമദ് വളരെനേരം അങ്ങിനെ ചിലച്ചുകൊ ണ്ടിരുന്നു. പക്ഷെ, പ്രസ്സ് വിട്ട് പോകയുണ്ടായില്ല. ഇക്കാര്യ ത്തിൽ അയാളുടെ നയം ഇംഗ്ലീഷുകാരുടേതിനോട് പൊരുത്തമു ള്ളതാണ്—ഇൻഡ്യ വിട്ടു പോകുമെന്നു ഭീഷണിപ്പെടുത്തുക— പക്ഷേ ഒരിക്കലും കടന്നു കളഞ്ഞു പോവാതിരിക്കുക. അവൻ തന്നത്താൻ പോവാതിരുന്നപ്പോൾ മാനേജർ, പ്രസ്സ് നഷ്ടത്തിലാണെന്നു പറഞ്ഞു അയാളെ പിരിച്ചുവിട്ടു.

ഇത് ലഹളതുടങ്ങുന്നതിനു രണ്ടുദിവസം മുമ്പു നടന്ന സംഗതിയാണ്. ഞാൻ അടുത്തദിവസം അബ്ദുൽ സമദിനെ കണ്ടു, റോഡുകളിലും ഭജിബസാറിലും ഗുണ്ടകളുടെ താവള ങ്ങളിലും അവരോടൊപ്പം ലഹളക്കൂട്ടി പണിമുടക്കം നടത്തുന്ന ഒരിടത്തു മുസൽമാന്മാരുടെ വലിയ ഖിദ്മദാറായ ചന്ദ്രിക്കിന്റെ പ്രസം ഗിക്കുന്നു: "നമുക്ക് ഈ ലഹളയിൽ—ഈ വഴക്കിൽ യാതൊരു പങ്കുമില്ല. ഇതൊക്കെ കോൺഗ്രസ്സിന്റെ വികൃതികളാണ്." ആ സമയം അബ്ദുൽ സമദ് മററുകൂട്ടരോടൊന്നിച്ച് ആ സമാ ധാനപരമായ സഭയിൽ കുഴപ്പമുണ്ടാക്കി. 'ഇങ്ക്വിലാബ്!' 'ആർ. ഐ. എൻ. പണിമുടക്ക് സിന്ദാബാദ്!' മുതലായ മുദ്രാവാക്യ ങ്ങൾ മുഴക്കി ആ നേതാവിനെ ഭയപ്പെടുത്തി അവിടന്നോടിച്ചു. പിന്നെ ഞാൻ കേട്ടു, അവരൊക്കെ പണിമുടക്കി. ട്രാമിനും ബസ്സിനും തീവെച്ചു. അതിലെല്ലാം അബ്ദുൽ സമദിനുമുണ്ടാ യിരുന്നു പങ്ക്. അതു ഞാൻ പിന്നീടാണ് അറിഞ്ഞത്. ചൗരം ഗീർ മീററിംഗിനുശേഷം ഞാൻ അയാളെ കെ. ജെ. ഹോസ്പിറ്റലിൽ

ഴ്ത്തിവെച്ചാണു കണ്ടതു്. വെടിയുണ്ട അയാളുടെ പുറത്തു് തറ ച്ചിരിക്കയാണു് കൊണ്ടതു്. ആ വയർ പിളർന്നു പുറത്തേയ്ക്കു പോന്നു. ഉണ്ട കടന്ന ഒരു ചെറിയ ദ്വാരം അരയിൽ ഉണ്ടു്. മറുവശത്തു വയററിൽ ഒരു വലിയ വ്രണം. അനേകം കത്തികൾ കൊണ്ടു കുത്തിയാൽമാത്രമേ അത്തരം വ്രണമുണ്ടാവുകയുള്ളു. ഈ വെടിയുണ്ട പണ്ടു സിപ്പായിലഹളക്കാലത്തു് ഉപയോഗി ച്ചിരുന്നതരത്തിലുള്ളതല്ല. ഒരു പുതിയ ജാതി—പുതിയതും ഭയ ങ്കരവും. അതു ദേഹത്തിനകത്തുകടന്നു പൊട്ടിച്ചിതറും, എന്നി ട്ടനവധി വ്രണങ്ങളുണ്ടാക്കും. മനുഷ്യനെ കൊല്ലണമെങ്കിൽ ഒററ വെടിയുണ്ട ധാരാളമാണു്. എന്നാലും ഗുണ്ടകൾക്കു് ഇത്തരം വെടിയുണ്ടയാണു് വേണ്ടിയിരിക്കുക. ഇവിടെ പന്നികളെ വെ ടിവെക്കാനാണു് ഇതു് ഉപയോഗിക്കുക. ഗുണ്ടകൾക്കു് അവരവ രുടെക്കാരും എന്താണൊരു മെച്ചം?

അബ്ദുൽ സമദ് ചത്തു. ശവം എന്റെ മുമ്പിൽ കിട ക്കുന്നു. വയസ്സ് 24. ജാതി രജപുത്രൻ. മതം മുസൽമാൻ. പെ ണ്ണുകെട്ടിയിട്ടില്ല. കണ്ണുകളിലെ പ്രകാശം ചത്തു, ചുണ്ടുകളിലെ ചിരി മാഞ്ഞു. ജന്മസിദ്ധമായ ഓരോന്നും തെരിച്ചു കൊല്ലപ്പെട്ടു. ഇപ്പോഴും എന്റെ മുമ്പിൽ കൈ പരത്തി വാ പിളർന്നു ശവമാ യി കിടക്കുകയാണു്—ഒരു പരിഹാസം, ഒരു അവ്യക്തമായ മാപ്പ്, ഒരു മൂകമായ തെറി. അയാളുടെ അമ്മ രണ്ടു കൈകൊണ്ടും മാറ ത്തടിച്ചു വിലപിച്ചു ഹോസ്പിററലിൻറടുത്തുള്ള കുടീരത്തിനപ്പുറ ത്തിരിക്കുന്ന പട്ടാളക്കാരെ ലക്ഷ്യമാക്കി പറഞ്ഞുകൊണ്ടിരുന്നു. എന്റെ മോൻ ആ 'അബൂജാഹില'ന്മാർക്കെന്തുപദ്രവം ചെയ്തു? എന്റെ മോൻ എന്തിനു മരിച്ചു? എന്തിനവന്റെമേൽ വെടി യുണ്ട കേററി? അവൻ ആർക്കെന്തുപദ്രവം ചെയ്തു? അവൻ പേടി ച്ചോടുന്ന ഒരു ചട്ടക്കാരിയെ രക്ഷിക്കാൻ ചെന്നതായിരുന്നു. ഉടനെ അവനെ വെടിവെച്ചു. അവൾ രക്ഷപ്പെട്ടു. പക്ഷേ, എന്റെ മോൻ, എന്റെ കുടുംബം രക്ഷിക്കേണ്ട മോൻ, ഡോക്ടർ

എന്റെ മോൻ എവിടെ? അവനെ എന്തിനു കൊന്നു? ബാബൂജി പടച്ചോനുവേണ്ടി പറയൂ, എന്തിനു കൊന്നു?

"അതോ, അവൻ ഒരു ഗുണ്ടയായിരുന്നു." ഞാൻ മെല്ലെ പറഞ്ഞു. പിന്നെ തുണികൊണ്ടു് അവന്റെ മുഖം മൂടി മറ്റൊരു ശവം നോക്കാൻ കുനിഞ്ഞു.

## II

രണ്ടാമത്തെ ഗുണ്ടയെ ഞാൻ ഒരു മാർവാടിയുടെ വീട്ടിൽ വെച്ചാണു കണ്ടതു്—സാൻഡർസെററ് റോഡിൽ. അവിടത്തെ ഗുണ്ടകൾ സൻഡാസ്സെററ് റോഡെന്നാണു പറയുക. ഇവിടെയാണു പരംസിസേട്ട താമസിക്കുന്നതു്. പരംസിസേട്ടു ജെ. ജെ. ഹാസ്പിററലിലെ ഡാക്ടർമാർക്കു ഒരു പുണ്യവാളനാണു്. കാരണം, അയാൾ നൂററിക്കു് നൂററിരുപതു ക. പലിശ വാങ്ങിയിരുന്നു. എന്നല്ല, ഇടപാടുകളെല്ലാം യാതൊരു കുഴപ്പവുമില്ലാതെ ഒതുക്കുകയും ചെയ്തിരുന്നു. അയാളുടെ മുഖം കളിപ്പാട്ടങ്ങളെപോലെ ചിരിക്കുന്നതാണു്. ചിരി വായിൽ മുറുക്കിയടച്ചപോലെ. നാക്കും വാക്കും റേഷൻ വകവെയ്ക്കാത്ത വിധം പഞ്ചസാരയിൽ പൊതിഞ്ഞതാകകൊണ്ടു കറിഞ്ച നശ്ശൂക ഉണ്ടാക്കിയിരുന്നു. പരംസിസേട്ടു എന്റെ ഉററ ചങ്ങാതികളിൽ ഒരുവനാണു്. കാരണം, കടം വാങ്ങാത്ത എന്റെ കാര്യങ്ങളൊന്നും നടക്കുന്നില്ല. കടം തരാത്തവരുമായി ഞാൻ അടുക്കാറുമില്ല. പരംസിസേട്ട പലിശയും അധികം വാങ്ങിയിരുന്നില്ല. നൂറിനു് നൂറിരുപതു മാത്രം. ഇത്ര നല്ല ഇടപാടു് ഇൻഡ്യയ്ക്കുപുറമെ എവിടെ നടപ്പുണ്ടു്? പണം പണയം കൊടുക്കാതെ, പറയൂ, കേൾക്കട്ടെ. ഇന്നും പതിവുപോലെ ഗുണ്ടകൾ കാണാതെ പള്ളക്കിപ്പുറങ്ങളി പരംസിസേട്ടിന്റെ അരികെ എത്തിയപ്പോൾ അയാൾ എന്നെ അതിയായി സൽക്കരിച്ചു. അയാൾ എന്നോടു കഴിക്കുവാനൊന്നും പറയാറില്ല; ചോദിക്കേണ്ട നിമിഷം തരും കടം. അയാൾ മനസ്സാ

ഞാൻ ജെ. ജെ. ഹോസ്പിററലിലെ ഡാക്ടറാണ്. എനിക്ക് പണത്തിനു തിടുക്കം എപ്പോഴുമുണ്ട്. പണം പലിശസഹിതം തിരിച്ചുകിട്ടാതെ വരില്ല. എന്റെ പ്രണയത്തെപ്പററി അയാൾക്കറിയാം. നൂററിന് നൂററിരുപതു പലിശകൊടുത്തു എന്നെപ്പോലെ അവിവാഹിതനായ ഒരു ഡാക്ടർക്ക് സ്നേഹിക്കാൻമാത്രം സുന്ദരിയും വിലപ്പെട്ടവളുമായ ആ നർസിനെയും അയാൾ അറിയും. ഇന്ത്യയിൽ ഒന്നാമത്തു പ്രേമത്തിനു വലിയ പ്രിയമാണ്, പോരെങ്കിൽ നിയമവിരുദ്ധവും. രാഷ്ട്രവും സമുദായവും നിയമവും പ്രേമം നിയമവിരുദ്ധമെന്നു ഘോഷിച്ചിട്ടുണ്ട്. ആരുടെയെങ്കിലും കഥ വേണമെങ്കിൽ കഴിച്ചോളിൻ! പക്ഷെ, പ്രേമം — അതുമാത്രം അരുത്. എന്തെങ്കിലും പെണ്ണിനോടു പറയിൻ: 'ഓമനേ, ഞാൻ നിന്നെ സ്നേഹിക്കുന്നു.' ഉടൻ അവൾ മുഖത്തടിച്ചമട്ടിൽ പറയും, 'നാണംകെട്ടോനെ, നിനക്കു അമ്മപെങ്ങമ്മാരില്ലേ!' ഈ നാട്ടിൽ അമ്മപെങ്ങന്മാരെ മാത്രമേ സ്നേഹിക്കാവൂ എന്നു തോന്നും. എന്നിട്ടും മനുഷ്യർ സ്നേഹിക്കാൻ തുനിയാറുണ്ട് ഒരുവരെങ്കിൽ— ഒളിച്ചപ്പുറിയലി, കാലുകടക്കിപ്പിടിച്ച്, തോക്കുകൊണ്ടു വെടി. കാരണം, ഇന്ത്യ പ്രേമത്തിനുള്ള ഇടമല്ല, വെറുപ്പിനുള്ള ഇടമാണ്. ഇവിടെ മനുഷ്യരെ സ്നേഹിക്കുന്നില്ല, വെറുക്കുന്നു; അപ്പൻ മക്കളെ വെറുക്കുന്നു, മക്കൾ അപ്പനമ്മമാരെ. ആളുകൾ തന്നെത്തന്നെ, തന്നെ ആളുകളെ. കമ്പോളത്തിലും കമ്പനിയിലും ആഫീസിലും വെറുപ്പിന്റെ കൂത്താട്ടം. കാൺഗ്രസ്സും ലീഗും സോഷ്യലിസ്റ്റും അന്യോന്യം കടിപിടി. അവർക്കന്യോന്യമുള്ള വെറുപ്പ് അവരെ അടിമത്താക്കിയവരോടില്ല. ഇന്ത്യ വെറുപ്പിന്റെ സഹാറയാണ്. ഇടയ്ക്കിടയ്ക്ക് പ്രേമത്തിന്റെ മരവിക്കാടുകൾ ഉണ്ട്. അതു വെളുപ്പിപ്പിച്ചതാണ്, നർസുമാരും നാടൻപെണ്ണുങ്ങളും സിനിമാതാരങ്ങളും അതുപോലുള്ള മററു കൂട്ടരാണ്. പുറമേ വെറുപ്പിന്റെ മണൽക്കാട്. കാരണമെന്തെന്നറിഞ്ഞില്ല, ഒരുപക്ഷേ ഇവിടത്തെ കാലാവസ്ഥ അത്തരത്തിലുള്ളതുകൊണ്ടാവാം.

ഫാദർപ്പുള്ളി പരംസീസോട്ടും ഈ കാലാവസ്ഥയിലാണു വളർന്നതു്. അതിനാൽ ആരോടും വെറുപ്പാണു്. അതിൽനിന്നു ആരെങ്കിലും ഒഴിവാക്കിയിട്ടുണ്ടെങ്കിൽ അയാളുടെ കൊച്ചുമകളെയാണു്. ശാരദ. ചടച്ച മെലിഞ്ഞ ഒമ്പതുവയസ്സുള്ള ഒരു ഗുജറാത്തിപ്പെൺകുട്ടി. അവൾക്കു പടച്ചവൻ സൗന്ദര്യം കൊടുത്തില്ല. വിറ്റാമിനും കൊടുത്തില്ല. കോലുപോലുള്ള കാലുകൾ. മുഷിഞ്ഞ ഫ്രോക്കിൽകൂടെ പുറത്തേയ്ക്കു തൂങ്ങുന്ന വള്ളിപോലുള്ള കൈകൾ. വാടിയ മുഖം, ആഹാരം ഒരിക്കലും കഴിക്കാത്തവിധം. എപ്പോഴും കിണുങ്ങിക്കൊണ്ടിരിക്കും, എപ്പോഴും മിഠായി വായിൽ കുത്തിത്തിരുകിക്കൊണ്ടിരിക്കും. അത്രയ്ക്കു് വൃത്തികെട്ട, കോലംകെട്ട, ശീലംകെട്ട പെൺകുട്ടി. എന്റെ കടവുളേ! കണ്ടാൽ കൊതി തീർന്നുപോകും. അല്ലെങ്കിൽതന്നെ എനിക്കു കുട്ടികളെ അറപ്പാണു്. അവറ്റയ്ക്കു കാരണമൊന്നും വേണ്ട കിടന്നു 'കിണു'ങ്ങാൻ. ചിലപ്പോൾ കടന്നുപിടിച്ചു കുലുക്കും. ചിലപ്പോൾ കോട്ടു കടന്നുപിടിക്കും. ഇടയ്ക്കു് തെർമാമീറ്റർ വലിച്ചുപൊട്ടിക്കും. ഇനി അത്തരം ഒരു പെൺകുട്ടികൂടിയായാലോ? കണ്ടാൽതന്നെ മനസ്സിനു് ഒരു അസ്വാസ്ഥ്യമുണ്ടാക്കുന്നവൾ, പരുപരുത്തതും ചെവിയിൽ തുളച്ചുകയറുന്നതുമായ ശബ്ദമുള്ളവൾ, ചുണ്ടിൽകൂടെ തുപ്പലും ഒലിപ്പിക്കുന്നവൾ, എന്നോടു് നൂററിയറുപതു ക. പലിശവാങ്ങുന്ന ഒരുവന്റെ മകൾ—ഇത്തരം ഒരുത്തിയോടു് എനിക്കു തോന്നുന്ന വാത്സല്യത്തിന്റെ മാററു് ഏതുതരത്തിലുള്ളതായിരിക്കുമെന്നു് ഊഹിച്ചുകൊള്ളുവിൻ.

അന്നു് ഞാൻ മുറിയിൽ കടന്നപ്പോൾ ശാരദയും അവിടെ ഉണ്ടായിരുന്നു. പതിവുപോലെ അവൾ ഒരിടത്തുനിന്നും മറെറാരിടത്തേയ്ക്കും, ഒരു മുറിയിൽനിന്നും മറെറാന്നിലേയ്ക്കു് ഓടിക്കൊണ്ടിരുന്നു. പരംസീസോട്ടു് അവളെ ശാസിച്ചുകൊണ്ടു പറഞ്ഞു: "ആ മുറിയിലേയ്ക്കു് പോ. കണ്ടില്ലേ, ഡാക്ടർസാറു് വന്നിരിക്കുന്നതു്."

അവളുടെ മുഖം വീർപ്പിച്ച്, ഉള്ളുകൊണ്ട് എന്നെ ശപിച്ച്, ആവലാതിനിറഞ്ഞ കണ്ണുകൊണ്ട് നോക്കിക്കൊണ്ട് അവിടെ നിന്ന് പോയി. അവൾ പോകുന്നതു കണ്ട് അച്ഛൻ പറഞ്ഞു: "മാനക്കേട്, പുറമെ ഇതൊന്നും പോവരുത്, ട്ടോ. അവളെ ലഹള നടക്കും." പിന്നീടയാൾ വരവുചിലവുപുസ്തകം തുറന്ന് പട്ടക്കാരന്റെ തീർന്ന സ്വരത്തിൽ ചോദിച്ചു: "നിങ്ങൾക്ക് എത്ര ഉറുപ്പിക വേണം, ഡാക്ടർസാർ?"

ഞാൻ പറഞ്ഞു: "ഇന്ന് ഞാൻ എന്റെ അവസാനത്തെ കണക്കും അടച്ചുതീർക്കാൻ വന്നതാണ്. എല്ലാംകൂടി എനിക്ക് പണം വേണം. നഴ്സിനോടു പിന്നെങ്ങിനെ ഞാൻ എന്റെ പ്രേമം അവതരിപ്പിച്ചുവെന്ന് ചുരുക്കം."

അയാൾ ചോദിച്ചു: "എന്നാൽ രസീത് എഴുതട്ടേ?"

"എഴുതൂ. ഞാൻ ഒപ്പിട്ടുതരാം."

രസീതെഴുതി ഒപ്പിട്ട് ഞാൻ പ്രമാണം മടക്കിവാങ്ങി. ഞാൻ സിഗററ്റും അയാൾ ബീഡി'യും കൊളുത്തി. പിന്നെ, നാട്ടുകാര്യങ്ങളെടുത്തിട്ടു: ആഹാരസാധനങ്ങൾക്ക് വിലയേറിവരുന്നു, അരിക്കും മണ്ണെണ്ണയ്ക്കും വില കൂടുതലാണ്. സ്റ്റോക്ക് എക്സ്ചേഞ്ച് മോശമാണ്. കഴുത്തിൽ ഇംഗ്ലീഷുകാരുടെ കുടുക്കാണ്. "ഞാൻ, എന്റെ ഡാക്ടർസാറെ, വല്ലാതെ കുടുങ്ങി. ഈ സ്റ്റെർലിംഗ് ബാലൻസ്—"

"അതെ, സേട്ട്ജി, സ്റ്റെർലിംഗ് ബാലൻസുകൊണ്ടു മാത്രം ഉണ്ടായിരുന്നെങ്കിൽ കാര്യം തീരുമായിരുന്നു. പക്ഷേ, അതുകൊണ്ടു തീരില്ല. സ്റ്റെർലിംഗ് ബാലൻസിൽനിന്ന് കയറാനുള്ള കുഴപ്പങ്ങളുംകൊണ്ടു വന്നിരിക്കുന്നു. അതിനെ 'Carotia Artory' എന്നു പറയും."

"കരോട്ടിഡ് ആർട്ടറിന്ന് പ്ലാം—"

"കരോട്ടിഡ് ആർട്ടറിയുടെ കൂടെ ആൻറി ഫീബിൻ ഒഹൈഡ്രോ ... ജർമ്മൻ സന്റെഡിൽ കേറ്റത്ത് മതിയെന്ന ആൻറി സെപ്റ്റിക് ആകുന്നത് സേട്ട്ജി."

സേട്ട് നടുങ്ങി—"അപ്പോ കാര്യം കുറെ കടന്നുപോയല്ലോ!"

"ആണോ! ഇംഗ്ലീഷുപത്രങ്ങളിൽ എല്ലാം വന്നുകഴിഞ്ഞു. വായിച്ചില്ലേ, സേട്ട്ജീ?"

"ഇല്ലല്ലോ, ഞാൻ ജന്മഭൂമിയാണു് വായിക്കാറു്. നിങ്ങളോടു പറഞ്ഞതു് നന്നായി. ഒന്നാമതു്, ഈ മഹള. ആർ. ഐ. എസ്. പണിമുടക്കിയിരിക്കുന്നു. തെമ്മാടിത്തരം കൂടിവരുന്നു. അതിനും പുറമെ നിങ്ങളും ഇപ്പോൾ പറഞ്ഞ ആൻറി സെപ്ററിക്കുകൾ— എന്തൊന്നുവെച്ചാ അതും. മിസ്റ്റർ, കരിഞ്ചന്തക്കിറക്കിയ പണം മുഴുവൻ ഞാൻ വലിക്കാൻ പോകയാണു്." ഇത്രയും പറഞ്ഞു സേട്ട് കിതച്ചുകിടന്നു. അപ്പോഴേക്കു് തെരുവിൽ വെടി മുഴക്കം, വീണ്ടും വീണ്ടും. അയാൾ പറഞ്ഞു: "കണ്ടോ, പണി മുടക്കിയാൽ ഇങ്ങിനെയാണു്. ഈ ഗുണ്ടകളും തെമ്മാടികളും പണക്കാരെ കൊള്ളയിടുകയാണു്. കലിയുഗം വന്നുപോയി, ഡാക്ടർ! ഫാക്ടറികൾ തീ വെയ്ക്കുക, നഗരം നശിപ്പിക്കുക—കലിയുഗംതന്നെ, ഡാക്ടർ, കലിയുഗം. ധർമ്മത്തിന്റെ പേരുപോലുമില്ലാതാക്കാൻ—"

ഞാൻ പറഞ്ഞു: "പരമാർത്ഥംതന്നെ."

വീണ്ടും വെടിമുഴക്കം. തെരുവിൽ നെട്ടോട്ടവും വിളിയും മുഴങ്ങി. കുട്ടികളുടെ കരച്ചിൽ. ഞങ്ങൾ എഴുന്നേററു ജനലിൽ ചെന്നു നോക്കി. സേട്ട് കലർച്ചയോടെ തെറി കൊഞ്ഞിപ്പുലമ്പിയിറങ്ങാൻ തുടങ്ങി. ഞാനും പുറകെ ചെന്നു. വിശേഷിച്ചൊന്നുമില്ല. ഉണ്ടായതിതാണു്. തെരുവിലെ കുട്ടികൾ പോലീസുകാരുമായി ഒരു കണ്ണുപൊത്തിക്കളി. അവർ തെരുവിലെ ഒററത്തു ചെന്നുനിന്നുകൊണ്ടു് വിളിച്ചുപറയും— "ജയ് ഹിന്ദ്!" ചെറിയ കല്ലുകൾ പെറുക്കിയെറിയും. പോലീസുകാർ അവരെ ഭയപ്പെടുത്തിക്കൊണ്ടു് പുറകെ ചെല്ലുമ്പോൾ അവർ കൈകൊട്ടിച്ചിരിച്ചുകൊണ്ടു് തെരുവിന്റെ മറേറ മൂലയിൽ ചെന്നു നില്ക്കും. അവിടേയും [illegible]

വേറെ വല്ല രാജ്യവുമായിരുന്നെങ്കിൽ കുട്ടികളുടെ ഈ വികൃതിത്തം കുട്ടിക്കളിയായി മാത്രമേ കണക്കാക്കയുള്ളൂ. കൂടിവന്നാൽ പോലീസുകാരൻ അധികം വികൃതിയായ ഒരു പയ്യന്റെ ചെവി പിടിച്ചു് തിരിച്ചിട്ടു് പറയും—"നോക്കു് മോനെ, മേലാലിങ്ങിനെ ചെയ്യല്ല, കേട്ടോ." അവിടംകൊണ്ടു തീർന്നു, കാര്യം. പക്ഷേ, ഇവിടത്തെ ചട്ടം ഒന്നു വേറെയാണു്. ഈ രാജ്യത്തു് പ്രേമത്തിന്റേതല്ല, വെറുപ്പിന്റെ വാഴ്ചയാണു്. അതിനാൽ പോലീസുകാർ മിലിട്ടറിയെ തന്നെയും വിളിച്ചു. പിന്നെ കസംധരസ്സ് റോഡിൽ നടന്ന രസംപിടിച്ച ആ ഒളിപ്പുകളിയുണ്ടല്ലോ, അതു് ചരിത്രത്തിൽനിന്നു് ഒരിക്കലും മായില്ല. പതിവുപോലെ കുട്ടികൾ ഒരു മൂലയ്ക്കൽനിന്നു് കല്ലെടുത്തെറിയുമ്പോൾ അതിനെ ഇപ്പുറത്തുനിന്നു് വെടിയുണ്ടകൊണ്ടു് തടുക്കും. ശർക്കരയുണ്ടയല്ല, തോക്കിന്റെ മുട്ട. കുട്ടികൾ മുറിവേററ് മൂന്നാമത്തെ മൂലയിലേക്കോടുമ്പോൾ അവിടെയുമെത്തും ഒളിപ്പുകളിക്കു കൂട്ടുകാരായി പട്ടാളക്കാർ. ഇങ്ങനെ വെടിയുണ്ടകൾ സഞ്ചരിച്ചു. പിന്നെയെല്ലാം നിശ്ശബ്ദം. സർവ്വത്രശാന്തി. വെടി കഴിഞ്ഞു. ജയ് ഹിന്ദ് പറയാനാരുമില്ല. പട്ടാളക്കാർ പട നീക്കിപ്പോയി. അപ്പോൾ ആളുകൾ തെരുവിൽ വന്നു് മുറിവേററവരും ചത്തവരുമായ കുട്ടികളെ പൊക്കിയെടുക്കാൻ തുടങ്ങി. അമ്മമാരും പെങ്ങന്മാരും അപ്പന്മാരും സഹോദരന്മാരും തല്ലിയലച്ചു കരയാൻ തുടങ്ങി. പരംസിസേട്ടു് മുറിവേററുകിടക്കുന്ന മകളെ തേടിപ്പിടിച്ചു. നമ്മൾ രണ്ടുപേരുംകൂടി അവളെ മുകളിലേയ്ക്കു് കൊണ്ടുവന്നു. പരംസിസേട്ടു് ഉറക്കെ കരയാൻ തുടങ്ങി. "ശാശാ, ഞാൻ നിന്നോടെത്ര തവണ പറഞ്ഞു, പുറത്തേക്കു പോവരുതു്, പോവരുതു്, പോവരുതു്." അയാൾ തത്തയെപ്പോലെ ഉരുവിട്ടുകൊണ്ടിരുന്നു. കൈകൾ തിരുമ്മിക്കൊണ്ടിരുന്നു. ആ വൃത്തികെട്ട പെൺകുട്ടി 'ജയ് ഹിന്ദ്' എന്നു ജപിച്ചുകൊണ്ടു് ഊർദ്ധശ്വാസം വലിക്കയാണു്. മാറിൽനിന്നും ചോര ഒഴുകിക്കൊണ്ടിരുന്നു. അതുകൊണ്ടു് അവളുടെ ദേഹം

നിറംകൊണ്ടു. ചുകന്ന നിറം. ചുകന്ന മൂട്ടുപടം. നെററിയിൽ സിന്ദൂരം. ആ ഒമ്പതുവയസ്സായ പെൺകുട്ടിയുടെ വിവാഹമാണ് ഇന്ന്. പ്രായം തികയാത്ത പാവമായ മണവാട്ടി! ആ നിറം അവളുടെ വൈരൂപ്യം അകററി. അവളുടെ മുഖം സുന്ദരമായി. കൈകൾ ഉരുണ്ടുകൊഴുത്തു. മാറ് മാതൃദുഗ്ദ്ധംകൊണ്ടു് നിറഞ്ഞു. അല്ലയോ അവിവാഹിതയായ വധൂരത്നമേ, ഇന്നു നിന്റെ സീമന്തരേഖയിൽ രക്തസാക്ഷികളുടെ നിറം അണിഞ്ഞിരിക്കുന്ന നിന്റെ നീണ്ട കണ്ണുകളിൽ വെണ്ണീറായ നാട്ടിന്റെ നെടുമംഗല്യത്തിന്റെ തൊടുകുറി കാണുന്നു. നിന്റെ ദാഹം തീരാത്ത ചുണ്ടുകളിൽനിന്നു് 'ജയ് ഹിന്ദ്' ഗാനമുതിരുന്നു. ഇന്നു നീ നാടിന്നു് തന്റെ ജീവിതത്തിലെ അവസാനത്തെ കടവും കൊടുത്തുതീർത്തു—സ്വന്തം ചോരകൊണ്ടു് രസീതിൽ ഒപ്പിട്ടു. ഹാ, പിഞ്ചുഗൂർജ്ജരപ്പെൺകുട്ടി! നിന്റെ ഈ മരണം അസഹ്യമാണു്. എന്തു ചെയ്യണ്ടു, ആരോടു പറയേണ്ടു—ഒന്നും അറിഞ്ഞുകൂടാ. ഭൂമി പിളരുന്നതായി തോന്നുന്നു. നിന്റെ നാട്ടിലെ വലിയ വലിയ നേതാക്കന്മാരെല്ലാം നിന്നോടു് ഏററവും വലിയ വിശ്വാസവഞ്ചന കാണിച്ചു. നിന്റെ ചോര പ്രതികാരത്തിന്നാഹ്വാനം നല്കുന്നു.

ഗുജറാത്തി പെൺകുട്ടി ചത്തു. ഒന്നുരണ്ടേടം—ക്ഷീണിച്ചു വരുന്ന 'ജയ് ഹിന്ദ്' സംഗീതസ്വരം. അവളുടെ ചോര ഉരുകിയ പവിഴംപോലെ തറയിൽ ചിതറി. അന്തരീക്ഷത്തിലെ നിശ്ശബ്ദത ഞാൻ ഓർക്കുന്നു—സർവ്വചരാചരങ്ങളും കരയുന്നപോലെ. എനിക്ക ആ നോട്ടം ഓർമ്മയുണ്ടു്—അനേകായിരം കുന്തമുനകൾ ഒന്നിച്ചു തറച്ചപോലെ.

ഗുജറാത്തിപ്പെൺകുട്ടി മരിച്ചു—അതോടൊപ്പം അവളുടെ ഭാവിവരനും, അവളുടെ ചന്തംതികഞ്ഞ ഓമന മകനും, മറെറല്ലാംതന്നെയും.

എന്തു വേണം, എന്തു ചെയ്യണം—ഒന്നും അറിഞ്ഞുകൂടാ. ഇത്രയുമറിയാം—ആ സംഗീതം. ആ ആഹ്വാനം, ആ ആവേ

ണം — അതിൽ ആ പെൺകുട്ടിയുടെ ചോര കലർന്നിട്ടുണ്ടു് — ഒരിക്കലും മറിക്കില്ല. ഇതുകൂടി — എന്തെങ്കിലും പറഞ്ഞു്, എന്തെങ്കിലും ഞെരുക്കം, എന്തെങ്കിലും പുഞ്ചിരി ചോരകൊണ്ടു് കഴുകിയതാണെങ്കിൽ അതു് പിന്നെ നശിക്കില്ല. അതു് കഴുത്തിൽ കുരുക്കുപോലെ മുറുകിക്കൊണ്ടിരിക്കും. ഹൃദയത്തിൽ നാഗവിഷംപോലെ പരക്കും. ആത്മാവിൽ ശൂലംപോലെ ശല്യമുണ്ടാകും. അവരെ ഗുണ്ടയെന്നു പറയുക എളുപ്പമാണു് — പക്ഷേ അവരെ മറക്കുക സാധ്യമല്ല.

## III

മൂന്നാമത്തു് ഞാൻ കണ്ട ഗുണ്ട ഒരു സിക്കായിരുന്നു. ജീവിച്ചിരിക്കെയല്ല, മരിച്ചശേഷമാണു് അയാളെ ഞാൻ കണ്ടെത്തിയതു്. അയാൾ ഒരു കാലുറ ധരിച്ചിരുന്നു. നേർത്ത വരയുള്ള ഒരു കുപ്പായവും അയാളുടെ മുഖത്തു് വെടിയുണ്ടയുടേതല്ലാതെ മറ്റൊരു പാടും ഉണ്ടായിരുന്നില്ല. അയാളുടെ ഗോതമ്പുനിറം കലർന്ന മുഖം മൂകമായിരുന്നു. മൂകവും വിജയഗർവിതവും. അയാളുടെ ചെമ്പിച്ച ചെറുതാടി പട്ടുപോലെ മാർദ്ദവമുള്ളതായിരുന്നു. അയാളുടെ ദേഹവും രൂപവും സുന്ദരമായിരുന്നു. ഭൂമിയെപ്പോലെ സംതൃപ്തി നിറഞ്ഞ അയാളുടെ മുഖം, മഷിയെഴുതി നിറംകൊണ്ടു് വശീകരണവും നീളംകൊണ്ടു് മാദകത്വവും ചൊല്ലുന്ന കണ്ണുകളിൽ അപരിഷ്കൃത പ്രേമത്തിന്റെ ആകർഷണീയമായ ലഹരിയും നിറച്ചു് ഒന്നിച്ചു പാർത്തിരുന്നു് പരദേശികൾക്കു് വെള്ളംകൊടുക്കുന്ന സുവർണ്ണവിഗ്രഹങ്ങളായ യുവസുന്ദരികൾ വസിക്കുന്ന ജാട്ടുകളുടെ കനകം കലർന്ന ഗ്രാമങ്ങളും, തടാകതീരങ്ങളിൽ തളിർത്തു തഴച്ചുനില്ക്കുന്ന പച്ചക്കാടുകളും, അതിശക്തമായ കാററിലൂഞ്ഞാലാടുന്ന ഗോതമ്പുവയലുകളുടെ മുകളിൽ ചിരിച്ചുകൊണ്ടുയർന്നുപോവുന്ന ആകാശവും, ഒരു മറവിയിലാണ്ട മോഹനസ്വപ്നംപോലെ, മറക്കാനരുതാത്ത പഞ്ചനദംപോലെ,

മതിമറക്കുന്ന ആനന്ദാനുഭൂതിപോലെ, എന്നെ അനുസ്മരിപ്പിച്ചു. അയാളുടെ കപ്പായക്കീശയിൽ മുഴുവനാകാത്ത കത്തുണ്ടായിരുന്നു. അതു ഒരുപക്ഷേ, അയാൾ അന്നു പ്രഭാതത്തിൽ എഴുതാൻ തുടങ്ങിയതാവാം. വീണ്ടും അതു് പൂർത്തിയാക്കാനായില്ല. കാരണം, അപ്പോഴേയ്ക്കും ആ പ്രഭാതം അയാളുടെ ജീവിതത്തിന്റെ സായാഹ്നമായിക്കഴിഞ്ഞിരുന്നു. അയാളുടെ കണ്ണുകൾക്കുള്ള വീക്ഷണശക്തി, കാലുകൾക്കുള്ള ചലനശക്തി, കൈകൾക്കുള്ള പ്രവർത്തനശക്തി അസ്തമിച്ചുകഴിഞ്ഞിരിക്കുന്നു. ഗുണ്ട മരിച്ചു. അതിലല്ല എനിക്കു ദുഃഖം. ദുഃഖം മുഴുവൻ ആ കത്തു് മുഴുവനാകാതിരുന്നതിലാണു്. ആ കത്തു് 'ഗുരുമുഖി'യിലെഴുതപ്പെട്ടതായിരുന്നു. അതു വിവർത്തനം ചെയ്യാനുള്ള കഴിവു് എനിക്കില്ല. ആർക്കാണു് കഴിവു്, ആ തമാശയെ പരിഭാഷപ്പെടുത്തുവാൻ? ആ ഭാഷ—ആ ഭാവം—ആ വ്യംഗ്യം അവയിലടങ്ങിയ വ്യക്തിത്വം? എന്നാലും എന്നാലാവുംവിധം ചെയ്യാം.

പ്രിയപ്പെട്ട അമ്മേ,

സത്‌ ശ്രീ അകാൽ വാഹ് ഗുരുവിന്റെ കൃപകൊണ്ടു് എനിക്കിവിടെ ഒരുവിധം സുഖംതന്നെ. അമ്മയുടെ ക്ഷേമം, വാഹ് ഗുരുവിന്റെ കൃപയുണ്ടായിട്ടു് വേഗം എഴുതി അയക്കണം. എനിക്കു് ഇനിയും താമസിക്കാൻ ഒരിടം കിട്ടിയിട്ടില്ല; ജോലിയും ഒന്നുമായില്ല. ഈ ബോംബെയിൽ ലഹളയാണു്. ഹിന്ദുക്കളും മുസൽമാന്മാരും ഒന്നിച്ചുനിന്നു പൊരുതുന്നു. വാഹ് ഗുരുവിന്റെ കൃപയുണ്ടായിട്ടു് പേടിക്കാനൊന്നുമില്ല. നിന്റെ മകനു് തീർച്ചയായും ജോലികിട്ടും. ഞാൻ നിനക്കു് പണവും അയച്ചുതരാം. പെങ്ങളുടെ വിവാഹവും നടത്താം. ആ പന്നി കരംഖാൻ സേട്ടിന്റെ കടവും വീട്ടും. പ്രിയപ്പെട്ട അമ്മേ, അവിവേകം ക്ഷമിക്കണേ.... ഗുലൽചന്ദ്‌സേട്ടുവിന്റെ പേർ കേട്ടാൽ എനിക്കു കലിയാകും. ഇവിടെ ഞാൻ കൃപാൽസിംഗ് ഡ്രൈവറുടെ വണ്ടിയിലാണു് ഉറങ്ങുന്നതു്. പകരം അയാളുടെ ലോറി കഴുകിക്കൊടുക്കും. ജഗജീത്‌സിംഗിനോടു പറയണേ—

അയാളുടെ രക്തം ബിന്ദോവിനെ ആ കാശിനാഥകൊള്ളത്ത ങ്ങൾ ഹർസിംഗിനെ കൊടുക്കരുതെന്നു്. ഇല്ലെങ്കിൽ ഞാൻ അവന്റെ കഥ കഴിക്കും. എന്നിട്ട് ജാമ്യം കിട്ടിയ ഉടൻ ഞാനവരെ ആരുമറിയാതെ കൂട്ടിക്കൊണ്ടുവരും. അന്നേ അവരും അയാളുടെ പാഠം നന്നായി പഠിക്കും. പിന്നെ!

എഴുത്തു് ഇതിലധികമൊന്നും പറയുന്നില്ല. ആ സിക്കുവിന്റെ ശവം ആശുപത്രിയിൽ കൊണ്ടുവന്നവർ പറയുകയുണ്ടായി, അയാൾ ഘോരകേഡിയിൽ വെച്ചാണു് മരിച്ചതു്. അയാൾ ഗ്രാന്റ്റോഡിൽ നടന്ന ഘോഷയാത്രയിൽ തലപ്പാവു മുറുക്കി കെട്ടി 'ജാട്ടു'കളുടെ വിപ്ലവഗാനം പാടിക്കൊണ്ടു നിർഭീകനായി മുമ്പിൽ നടന്നു. വെടിയുണ്ട തറച്ചപ്പോഴും അയാൾ പാട്ടുകൾ പാടുന്നുണ്ടായിരുന്നു; ഇടവിടാതെ നടക്കുന്നുണ്ടായിരുന്നു. അയാളുടെ കയ്യിൽ കോൺഗ്രസ്സിന്റെയും ലീഗിന്റെയും കൊടിയുണ്ടായിരുന്നു. ഇടത്തും വലത്തും അവ പറപ്പിച്ചുകൊണ്ടു്, ചെറിയ വെടിയുണ്ടകളെ തൃണവൽഗണിച്ചു മുമ്പോട്ടു കുതിച്ചുകൊണ്ടിരുന്നു. ആ ഘോരമഴയിലും അയാൾ മുമ്പോട്ടുതന്നെയാണു് പോയിക്കൊണ്ടിരുന്നതു്. വെടിയുണ്ടകൾ തറച്ച ദേഹം അരിപ്പപോലെയായപ്പോൾ. അയാൾ താഴെ വീണു. അയാൾ പറഞ്ഞു: "എന്റെ കാച്ചയും കൃപാണവും എന്നെപ്പോലെ ധീരനായ ആർക്കെങ്കിലും കൊടുക്കണം. എന്നെ സിക്കുമതമനുസരിച്ചു ദഹിപ്പിക്കണം." ഇത്രയും പറഞ്ഞപ്പോഴേക്കു് അയാളുടെ പ്രാണൻ കൂടുവിട്ടു. അയാൾ ആ ടാംഗലയിൽവെച്ചുതന്നെ മരിച്ചു. രണ്ടു കൊടിയും അയാളുടെ ചോരയാൽ ചുകന്നു. ലീഗിന്റെ പച്ചക്കൊടി, കോൺഗ്രസ്സിന്റെ മൂവർണ്ണക്കൊടി. രണ്ടും ഇപ്പോൾ ഏതു് ഏതാണെന്നു പറയാനാവാത്തവിധം ചോരക്കളത്തിൽ കൊന്നത്തിപോലെയായി. അവ സ്വന്തം ചോരയിൽ മുക്കിയുയർപ്പിച്ച ആൾ ഒരു ഹിന്ദുവുമല്ല, മുസൽമാനുമല്ല. ഒരു കൃഷിക്കാരനായിരുന്നു; ഗ്രാമത്തിൽനിന്നു വന്നവൻ, പാപ്പരും പഠിപ്പില്ലാത്തവനും. ഗുണ്ട!

ഞാൻ അയാളുടെ കുപ്പായവും കാലുറയും അത്തുപള്ളിയിലെ ഹരിജൻഡോംബിക്കു കൊടുത്തു. കാലുറ അവനെടുത്തില്ല. കുപ്പായം കെട്ടിയവനാക്കു സമ്മാനിച്ചു. അവൾ അതു തുന്നിക്കുത്തി. കീറപ്പുളുടീപ്പൂർത്തു, തുണിക്കഷണങ്ങൾകൊണ്ടു തുളയടച്ചു. ഇപ്പോഴാക്കുപ്പായം ഡോംബിയുടെ വീട്ടിന്റെ പുറത്തു കെട്ടിയിട്ടുള്ള കയറിൽ കിടന്നു ആടുകയാണു്. അതു വഴിപിഴിഞ്ഞ മായ ഒരു കുപ്പായമാണു്—പഞ്ചാബിൽനിന്നു വന്നതു്—ഒരു കൃഷിക്കാരനായ പുത്രനുവേണ്ടി അവന്റെ അമ്മ വീട്ടിലുള്ള ഓലകൾകൊണ്ടു തുന്നിയുണ്ടാക്കിയതു്. ജനങ്ങൾ ദേവന്മാരെയും മഹാത്മാക്കളെയും വന്ദിക്കുന്നു. ഞാൻ നിന്നെ വന്ദിക്കുന്നു. അല്ലയോ ദാരിദ്ര്യഭൂതവും ഭാഗ്യഹീനവും വിരസ്ഥനവും വികൃതവുമായ കുപ്പായമേ, അനേകായിരം നമസ്കാരം. നീ ഒരു മറക്കപ്പെട്ട 'ജാട്ടി'ന്റെ ഉറച്ച മാറിൽ കിടന്നു വെടിയുണ്ടകൾ തടുത്തു. നീ അവനെ സ്നേഹിച്ചു, സഹായിച്ചു—ജീവിതത്തിലും മരണത്തിലും—നാടിനെ അതികേമമായി സ്നേഹിക്കുന്നവരെന്നഭിമാനിക്കുന്നവർ കൈയൊഴിച്ചപ്പോൾപോലും, മനുഷ്യജാതിയുടെ അനന്തദാരിദ്ര്യംപോലെ പഴയതും പൊളിഞ്ഞതുമായ കുപ്പായമേ, നീ നിന്റെ ആലിംഗനത്തിൽ ഒരു നിർഭാഗ്യവാനായ കർഷകന്റെ നെഞ്ചിൻതുടിപ്പുകളെ ഒതുക്കി. ഇന്നു നീ ഒരു ഹരിജനമാതാവിന്റെ മുലപ്പാലിന്റെ അന്തസ്സിനെ, അവളുടെ പിഞ്ചുപൈതലിന്റെ പ്രാണരക്ഷയെ, ചെയ്യാൻ പോകുന്നു. അവൾക്കു സമ്മാനിക്കുക നിന്റെ നിരാഡംബരത്വം, മനുഷ്യസഹജമായ സ്നേഹം, ആത്മലീനമായ ആവേശം. നമ്മൾ പക്ഷേ ശ്രേഷ്ഠരായി ബാരക്കേഡിൽവെച്ചു വീണ്ടും കണ്ടുമുട്ടും. ഇങ്ങനെ പടിക്കാറ്റിലാടിക്കൊണ്ടിരിക്കു! നീ സത്യത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും സാഹോദര്യത്തിന്റെയും കൊടിക്കൂറയാണു്. നീ വരാനിരിക്കുന്ന കൊടുങ്കാറ്റിന്റെ മുന്നോടിയാണു്. ചങ്ങലകൾ പൊട്ടിച്ചു് മനുഷ്യർ സ്നേഹിക്കാൻ തുടങ്ങുമ്പോൾ ഉണ്ടാവുന്ന കൊടുങ്കാറ്റിന്റെ—!!

## IV

ഇങ്ങിനെ ഗുണ്ടുകൾ മൂന്നും മരിച്ചു. ഇതെല്ലാം ആർ. ഐ. എൻ. ലഹള നടന്നപ്പോഴാണു്. ഇപ്പോഴെല്ലാം തീൎന്നു. എങ്ങും സമാധാനത്തിന്റെ ശംഖൊലി. ഗുണ്ടുകൾ ചാവുകയോ ജയിലിലടയ്ക്കപ്പെടുകയോ ചെയ്തു. ഒന്നും പേടിക്കാനില്ല, ഇനി. ആശുപത്രിവാൎഡുകൾ മുറിവേററവരെയും ചത്തവരെയുംകൊണ്ടു നിറഞ്ഞു. ഇനി സ്വൈരമേ സ്വൈരം. ഇരുണ്ട രാത്രി! എങ്ങും നിശ്ശബ്ദത. ഞാൻ ആശുപത്രിയിൽനിന്നു തിരിച്ചു് തീനും കുടിയും കഴിഞ്ഞു് ടേബിൾലാംബു് കത്തിച്ചു് കിടക്കയിൽ കിടന്നു പത്രം നിവൎത്തി. അതിൽ എഴുതിയിരുന്നു—മിസ്റ്റർ ആൻറ് മിസിസ്സ് ഫൻസിയും മിസ്റ്റർ ബന്ദരീഗരും മിസ്റ്റർ സ്കാവനും മററു പൗരപ്രമാണികളും തീരത്തടുത്തിരിക്കുന്ന ഒരു ഇംഗ്ലീഷ് പടക്കപ്പലിൽ സമ്മേളിച്ചിരിക്കുന്നു—ആർ. ഐ. എൻ. സ്ട്രൈക്കിന്നു സമാധാനം കാണാൻ. മി. ബന്ദരീഗർ പുതുമാപ്പിള്ളയെപ്പോലെ തോന്നിച്ചിരുന്നു. മി. ഫൻസി ഒരിളം നീലക്കുപ്പായമാണിട്ടിട്ടുള്ളതു്. മിസ്സിസ്സിന്റെ സാരിയുടെ നിറം ഉരുകിയ പവിഴത്തിന്റേതുപോലെ. അവിടെ അവർ നിയമത്തിന്റെയും അഭിവൃദ്ധിയുടെയും അഹിംസയുടെയും രക്തച്ചൊരിച്ചിൽ കൂടാത്ത വിപ്ലവത്തിൽ കുറിച്ചു മററയുകയാണു്. ഞാൻ പത്രം വലിച്ചെറിഞ്ഞു് പുസ്തകങ്ങൾ ഓരോന്നായി എടുത്തു തുറന്നു—മാനവചരിത്രം. എച്ച്. ജി. വെത്സ്. എന്റെ കണ്ണുകൾക്കു മുന്നിൽ ബാരക്കേഡുകൾ നൃത്തം ചെയ്തുതുടങ്ങി. മനുഷ്യർ അനേകായിരം കൊല്ലങ്ങൾക്കുമുമ്പേതന്നെ ബാരക്കേഡുകൾ നിർമ്മിച്ചിരുന്നു—അതിക്രമങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും അജ്ഞതയ്ക്കുമെതിരായി. ബാരക്കേഡുകൾ മുമ്പിൽ തുള്ളുന്നു. ബുദ്ധൻ—കൃസ്തു—മുഹമ്മദ്........

രംഗം മാറുന്നു—ചാറത്സ് ഒന്നാമന്റെ വാളിൽ തൂങ്ങുന്ന തല—പാരീസ്—ഗില്ലററിൻ—കമ്യൂൺ—അക്ടോബർ—മാഡ്രി

ഡ്! ഇന്നും ബാരക്കഡുകൾ ഉയരുന്നു—മൊറോക്കോവിൽ, അൽജീറിയയിൽ, ഈജിപ്ററിൽ, ഇൻഡ്യയിൽ, ഇൻഡോചൈനയിൽ, ഇൻഡോനേഷ്യയിൽ...............

ഇതു കൊടുങ്കാററാണു്, കൊടുങ്കാററു്! ആരുണ്ടിതു തടയാൻ? ഇതു വിപ്ലവമാണു്, വിപ്ലവം! ആരുണ്ടിതു തൊട്ടുകളിക്കാൻ? ഇതഭിപ്രായമാണു്, അഭിപ്രായം! മനുഷ്യാഭിപ്രായം! കാററത്താടുന്നു. ഇതിനെ വെടിവെച്ചു തകർക്ക, കഷ്ണംതുണ്ടമാക്ക, ബോംബുകൾ കൊണ്ടും ടാങ്കുകൾകൊണ്ടും പൊരിക്ക, ഇതു വീണ്ടും തഴയ്ക്കും. ഈ അഭിപ്രായം നശ്വരമല്ല; ഇതാത്മാവാണു്, ആത്മാവു്! മനുഷ്യാത്മാവു്!

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. MF9 Acc. No. 80507

This book should be returned on or before the date last stamped below.

20 APR 2017

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

MF9 80507

കൃഷ്ണൻ ചന്ദർ.

മൂന്നു ഗുണ്ടകൾ